# 2010-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

കേരള സംസ്ഥാനത്ത്, ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമായി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനും സംയോജിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ഫിഷറീസിനും സമുദ്രപഠനങ്ങൾക്കും മാത്രമായി അതുമായി ബന്ധപ്പെട്ട ജൈവിക ശാസ്ത്രം, പാരിസ്ഥിതിക ശാസ്ത്രം, സാങ്കേതികവിദ്യ, സാമ്പത്തിക ശാസ്ത്രം, സാമൂഹിക ശാസ്ത്രം, മത്സ്യകൃഷി, പോഷക ശാസ്ത്രം എന്നിവ ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം, വ്യാപനം എന്നിവ ഉറപ്പുവരുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി, ഫിഷറീസിന്റെയും സമുദ്രപഠനങ്ങളുടെയും പുരോഗതിക്കായി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതും ഏകാംഗീകൃതമാക്കുന്നതും യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തൊന്നാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :

## അദ്ധ്യായം 1

### പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റ്, എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനത്തൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 2010 നവംബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അക്കാഡമിക് കൗൺസിൽ" എന്നാൽ 17-ാം വകുപ്പ് അനുസരിച്ച് രൂപീകരിക്കുന്ന സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ എന്നർത്ഥമാകുന്നു ;

(ബി) "അധികാര സ്ഥാനം" എന്നാൽ 9-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനം എന്നർത്ഥമാകുന്നു ;

(സി) "ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ ചാൻസലർ എന്നർത്ഥമാകുന്നു ;

(ഡി) "വ്യാപന വിദ്യാഭ്യാസം" എന്നാൽ മത്സ്യബന്ധനവും സമുദ്രപഠനങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും മത്സ്യബന്ധനം നടത്തുന്ന മറ്റു സംഘങ്ങൾക്കും ആധുനിക മത്സ്യബന്ധന രീതികളിലും മത്സ്യകൃഷി രീതികളിലും, മത്സ്യബന്ധനത്തേയും മത്സ്യ ഉൽപ്പാദനത്തേയും സംസ്കരണത്തേയും വിപണനത്തേയും സംബന്ധിച്ച സാങ്കേതിക ശാസ്ത്രത്തിന്റെ വിവിധ ഘട്ടങ്ങളിലും പരിശീലനം നൽകുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നർത്ഥമാകുന്നതും, അതിൽ പ്രദർശന വിഷയവുമായി ബന്ധപ്പെട്ട കോളേജുകളും സ്കൂളുകളും പ്രാദേശിക കേന്ദ്രങ്ങളുംവഴി പുതിയ സാങ്കേതിക വിജ്ഞാനവും നവീന രീതികളും എത്തിക്കാനുള്ള പ്രദർശനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു ;

(ഇ) "വകുപ്പ്" എന്നാൽ 23-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന ഒരു വകുപ്പ് എന്നർത്ഥമാകുന്നു ;

(എഫ്) "ഡീൻ" എന്നാൽ ഫാക്കൽറ്റിയുടെ തലവനായ സർവ്വകലാശാലയിലെ ഡീൻ എന്നർത്ഥമാകുന്നു ;

(ജി) "ഡിപ്പാർട്ട്മെന്റ് ഗവേണിംഗ് കൗൺസിൽ" എന്നാൽ 24-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന ഡിപ്പാർട്ട്മെന്റ് ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു ;

(എച്ച്) "എക്സ്റ്റൻഷൻ ഡയറക്ടർ" എന്നാൽ 42-ാം വകുപ്പുപ്രകാരം നിയമിച്ച ഡയറക്ടർ എന്നർത്ഥമാകുന്നു ;

(ഐ) "റിസർച്ച് ഡയറക്ടർ" എന്നാൽ 41-ാം വകുപ്പുപ്രകാരം നിയമിച്ച റിസർച്ച് ഡയറക്ടർ എന്നർത്ഥമാകുന്നു ;

(ജെ) "സ്കൂൾ ഡയറക്ടർ" എന്നാൽ 43-ാം വകുപ്പുപ്രകാരം നിയമിച്ച സ്കൂളിന്റെ ഡയറക്ടർ എന്നർത്ഥമാകുന്നു ;

(കെ) "ഫിനാൻസ് ഓഫീസർ" എന്നാൽ 37-ാം വകുപ്പുപ്രകാരം നിയമിച്ച സർവ്വകലാശാലയുടെ ഫിനാൻസ് ഓഫീസർ എന്നർത്ഥമാകുന്നു ;

(എൽ) "ഫിഷറീസ്" എന്നാൽ മത്സ്യബന്ധനം, മത്സ്യകൃഷി എന്നിവയുമായി ബന്ധപ്പെട്ട മത്സ്യബന്ധനത്തിന്റേയും മത്സ്യ ഉൽപ്പന്നങ്ങളുടെയും സംരക്ഷണം, വികസനം, പ്രജനനം, പരിരക്ഷ, ചൂഷണം, സംസ്കരണം, മൂല്യവർദ്ധനവ് വരുത്തൽ എന്നിത്യാദി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസവും ഗവേഷണവും എന്നർത്ഥമാകുന്നതും അതിൽ ജൈവശാസ്ത്രം, പാരിസ്ഥിതിക ശാസ്ത്രം, സാങ്കേതികവിദ്യ, സാമ്പത്തിക ശാസ്ത്രം, സാമൂഹിക ശാസ്ത്രം, പോഷക ശാസ്ത്രം എന്നിവ ഉൾപ്പെടെയുള്ള എല്ലാ മേഖലകളും അടങ്ങുന്നതുമാകുന്നു ;

(എം) "ഫിഷറീസ് വിദ്യാഭ്യാസം" എന്നാൽ എല്ലാ മത്സ്യവിഭവങ്ങളുടെയും ഉൽപ്പാദനവും പരിരക്ഷയും സുസ്ഥിര മാനേജ്മെന്റും സംസ്കരണവും വാണിജ്യവും സംബന്ധിച്ച എല്ലാ വിദ്യാഭ്യാസവും എന്നർത്ഥമാകുന്നു ;

(എൻ) "മത്സ്യത്തൊഴിലാളി വിഭാഗം" എന്നാൽ മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ജനവിഭാഗം എന്നർത്ഥമാകുന്നു ;

(ഒ) "മത്സ്യകർഷകൻ" എന്നാൽ വിവിധതരം ജലജീവികളുടേയോ, ജലസസ്യങ്ങളുടേയോ ജീവിതചക്രത്തിലെ ഏതു ഘട്ടത്തിലും ഉപജീവനത്തിനുവേണ്ടിയോ സാമ്പത്തിക നേട്ടം ഉണ്ടാക്കത്തക്കവിധത്തിലോ ഉള്ള കൃഷി ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു ;

(പി) "മത്സ്യസംസ്കരണ വ്യവസായം" എന്നാൽ മത്സ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനവും അതുമായി ബന്ധപ്പെട്ട വ്യവസായങ്ങളും എന്നർത്ഥമാകുന്നതും അതുൾപ്പെടുന്നതുമാകുന്നു ;

(ക്യു) "മത്സ്യ വിഭവങ്ങൾ" എന്നാൽ എല്ലാ ജലജീവി വിഭവങ്ങളും എന്നർത്ഥമാകുന്നു ;

(ആർ) "വകുപ്പിന്റെ തലവൻ" എന്നാൽ 23-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരം നിയമിച്ച വകുപ്പിന്റെ തലവൻ എന്നർത്ഥമാകുന്നു ;

(എസ്) "ഹോസ്റ്റൽ" എന്നാൽ ഒരു കോളേജിന്റെ ഭാഗമായോ പ്രത്യേകമായോ സർവ്വകലാശാല നടത്തിപ്പോരുന്നതോ അംഗീകരിച്ചതോ ആയ സർവ്വകലാശാല വിദ്യാർത്ഥികൾക്കുള്ള വാസസ്ഥാനം എന്നർത്ഥമാകുന്നു ;

(റ്റി) "നിയമസഭ" എന്നാൽ സംസ്ഥാന നിയമസഭ എന്നർത്ഥമാകുന്നു ;

(യു) "സമുദ്ര പഠനങ്ങൾ" എന്നാൽ സമുദ്രവിഭവ വളർച്ചയും ജീവനുള്ളതും ജീവനില്ലാത്തതുമായ വിഭവങ്ങളും അവയുടെ അന്വേഷണവും സംരക്ഷണവും പരിപാലനവും ഉപഭോഗവും മാനേജ്മെന്റും വ്യാപാരവും ഉൾപ്പെടെ സമുദ്രപഠനത്തെ സംബന്ധിച്ച എല്ലാ വിദ്യാഭ്യാസവും ഗവേഷണവും എന്നർത്ഥമാകുന്നു ;

(വി) "ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിൽ വിനിർദ്ദേശിക്കുന്ന സർവ്വകലാശാലയിലെ ഒരു ഉദ്യോഗസ്ഥനോ സ്റ്റാറ്റ്യൂട്ടുകൾമൂലം ഉദ്യോഗസ്ഥനെന്ന് സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട സർവ്വകലാശാലയുടെ കീഴിൽ ജോലിനോക്കുന്ന ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു ;

(ഡബ്ല്യു) "ഓർഡിനൻസുകൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള സർവ്വകലാശാലയുടെ ഓർഡിനൻസുകൾ എന്നർത്ഥമാകുന്നു ;

(എക്സ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(വൈ) "പ്രോ ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ പ്രോ ചാൻസലർ എന്നർത്ഥമാകുന്നു ;

(ഇസഡ്) "പ്രദേശിക കേന്ദ്രങ്ങൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം അംഗീകരിച്ച പ്രാദേശിക കേന്ദ്രങ്ങൾ എന്നർത്ഥമാകുന്നു ;

(എഎ) "കോളേജ്" എന്നാൽ ഫിഷറീസിലോ സമുദ്രപഠനത്തിലോ വിദ്യാഭ്യാസം നൽകുന്നതും സർവ്വകലാശാല നടത്തുന്നതുമായ സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഒരു സ്ഥാപനം എന്നർത്ഥമാകുന്നു ;

(എബി) "രജിസ്ട്രാർ" എന്നാൽ സർവ്വകലാശാലയുടെ രജിസ്ട്രാർ എന്നർത്ഥമാകുന്നു ;

(എസി) "റെഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള സർവ്വകലാശാലയുടെ റെഗുലേഷനുകൾ എന്നർത്ഥമാകുന്നു ;

(എഡി) "ഗവേഷണ കൗൺസിൽ" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഗവേഷണ കൗൺസിൽ എന്നർത്ഥമാകുന്നു ;

(എഇ) "പട്ടികജാതികൾ" എന്നാൽ ഇൻഡ്യൻ ഭരണഘടനയുടെ 341-ാം അനുച്ഛേദപ്രകാരം സംസ്ഥാനത്തെ സംബന്ധിച്ച് പ്രത്യേകം പറഞ്ഞിട്ടുള്ള പട്ടിക ജാതികൾ എന്നർത്ഥമാകുന്നു ;

(എഎഫ്) "പട്ടിക വർഗ്ഗങ്ങൾ" എന്നാൽ ഇൻഡ്യൻ ഭരണഘടനയുടെ 342-ാം അനുച്ഛേദപ്രകാരം സംസ്ഥാനത്തെ സംബന്ധിച്ച് പ്രത്യേകം പറഞ്ഞിട്ടുള്ള പട്ടിക വർഗ്ഗങ്ങൾ എന്നർത്ഥമാകുന്നു ;

(എജി) "സ്കൂൾ" എന്നാൽ 20-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സ്കൂൾ എന്നർത്ഥമാകുന്നു ;

(എഎച്ച്) "സ്കൂൾ ഗവേണിംഗ് കൗൺസിൽ" എന്നാൽ 21-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള സ്കൂൾ ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു ;

(എഐ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു ;

(എജെ) "സ്റ്റാറ്റ്യൂട്ടുകൾ", എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ എന്നർത്ഥമാകുന്നു ;

(എകെ) "സർവ്വകലാശാലയിലെ വിദ്യാർത്ഥി" എന്നാൽ ഡിഗ്രിക്കോ, ഡിപ്ലോമക്കോ അഥവാ യഥാവിധി ഏർപ്പെടുത്തപ്പെട്ട മറ്റു വിദ്യാഭ്യാസ യോഗ്യതയ്ക്കോ ഉള്ള ഒരു കോഴ്സ് പഠിക്കാനായി സർവ്വകലാശാലയിൽ പേര് ചേർത്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നു ;

(എഎൽ) "അദ്ധ്യാപകൻ" എന്നാൽ ബോധനം നൽകുന്നതിനായിട്ടോ ഗവേഷണമോ വ്യാപന വിദ്യാഭ്യാസമോ സംബന്ധിച്ച് പദ്ധതികൾ നടത്തുവാനും നയിക്കുവാനും വേണ്ടിയുള്ള സർവ്വകലാശാലയിലെ ഗവേണിംഗ് കൗൺസിൽ നിയമിച്ച ആൾ എന്നർത്ഥമാകുന്നതും അതിൽ അദ്ധ്യാപകനെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും ആൾ ഉൾപ്പെടുന്നതുമാകുന്നു ;

(എഎം) "സർവ്വകലാശാല" എന്നാൽ ഈ ആക്റ്റ് പ്രകാരം സ്ഥാപിച്ചതും ഏകീകരിച്ചതുമായ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല എന്നർത്ഥമാകുന്നു ;

(എഎൻ) "സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ" എന്നാൽ 12-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു ;

(എഒ) "വൈസ് ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ വൈസ് ചാൻസലർ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## സർവ്വകലാശാല

3. സർവ്വകലാശാലയുടെ സ്ഥാപനവും ഏകാംഗീകരണവും.—(1) "കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല" എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കേണ്ടതും, ഏകാംഗീകരിക്കേണ്ടതുമാണ്.

(2) സർവ്വകലാശാല, ഈ ആക്റ്റിൽ വിവരിച്ചിരിക്കുന്ന പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരമോ ചാൻസലർ, പ്രൊ-ചാൻസലർ, വൈസ്-ചാൻസലർ, പ്രോ-വൈസ്-ചാൻസലർ, ഡീൻ, രജിസ്ട്രാർ, സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ, അക്കാഡമിക് കൗൺസിൽ, റിസർച്ച് കൗൺസിൽ, സ്കൂൾ ഗവേണിംഗ് കൗൺസിൽ, ഡിപ്പാർട്ടുമെന്റൽ ഗവേണിംഗ് കൗൺസിലുകൾ കൂടാതെ മറ്റു അധികാരസ്ഥാനങ്ങളും ഓഫീസർമാരും ഉൾപ്പെടുന്നതാണ്.

(3) സർവ്വകലാശാല, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവരവും ജംഗമവുമായ വസ്തു ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും സർവ്വകലാശാലയുടെ ആവശ്യത്തിന് നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ ആർജ്ജിച്ചിട്ടുള്ളതോ ആയ സ്ഥാവരമോ ജംഗമമോ ആയ ഏതൊരു വസ്തുവും വിൽക്കുന്നതിനോ പാട്ടത്തിന് നൽകുന്നതിനോ അല്ലെങ്കിൽ മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ കേന്ദ്ര സർക്കാരിൽ നിന്നോ മറ്റേതെങ്കിലും സംസ്ഥാന സർക്കാരിൽ നിന്നോ കേരള സർക്കാർ അംഗീകാരമുള്ള ഏതെങ്കിലും ഏകാംഗീകൃത നികായത്തിൽ നിന്നോ പണം കടം വാങ്ങുന്നതിനും കരാറിലേർപ്പെടുന്നതിനും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി വേണ്ടതായ മറ്റെല്ലാ കാര്യങ്ങളും ചെയ്യുന്നതിനും അധികാരത്തോടുകൂടി ശാശ്വത പിന്തുടർച്ചാവകാശത്തോടും ഒരു പൊതുമുദ്രയോടും കൂടിയ ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യുന്നതുമാണ്.

(4) സർവ്വകലാശാലയ്ക്കുവേണ്ടിയോ അതിന് എതിരായോ ഉള്ള എല്ലാ വ്യവഹാരങ്ങളിലെയും മറ്റ് നിയമ നടപടികളിലെയും വാദങ്ങളിൽ രജിസ്ട്രാറോ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പു വയ്ക്കേണ്ടതും സത്യബോധപ്പെടുത്തേണ്ടതും അങ്ങനെയുള്ള വ്യവഹാരങ്ങളിലെയും നട പടികളിലെയും എല്ലാ പ്രോസസുകളും രജിസ്ട്രാർക്ക് നൽകേണ്ടതും നടത്തേണ്ടതുമാണ്.

(5) സർവ്വകലാശാലയുടെ ആസ്ഥാനം എറണാകുളം ജില്ലയിലെ കൊച്ചി ആയി രിക്കുന്നതാണ്.

4. സർവ്വകലാശാല, സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും അംഗീകാരം നൽകുന്നതും.—സർവ്വകലാശാലയുടെ പ്രാദേശിക അധികാരിത കേരള സംസ്ഥാനം മുഴു വൻ വ്യാപിച്ചിരിക്കുന്നതാണ്.

(2) ഫിഷറീസ് പഠനത്തെയും സമുദ്രപഠനങ്ങളെയും സാങ്കേതിക വിഷയങ്ങ ളെയും സംബന്ധിച്ച് ബോധനം നടത്താൻ ആവശ്യമായേക്കാവുന്ന ഏതൊരു സ്ഥാപനവും സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്തം സർവ്വകലാശാല ഏറ്റെടുക്കേണ്ടതാണ്.

(3) സർവ്വകലാശാലയുടെ അധികാരിതയ്ക്കും അധികാരത്തിനുംകീഴിൽ വരുന്ന എല്ലാ കോളേജുകളും സ്കൂളുകളും പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളും മറ്റു സ്ഥാപന ങ്ങളും സർവ്വകലാശാലയുടെ ഉദ്യോഗസ്ഥരുടെയും അധികാരസ്ഥാനങ്ങളുടെയും പൂർണ്ണ മാനേജുമെന്റിനും നിയന്ത്രണത്തിനുംകീഴിൽ സർവ്വകലാശാലയുടെ കോൺസ്റ്റിറ്റ്യുവന്റ് യൂണിറ്റുകളായി മാറുന്നതും യാതൊരു കോളേജോ, സ്കൂളോ, ഗവേഷണ അല്ലെങ്കിൽ പരീക്ഷണ സ്റ്റേഷനോ മറ്റു സ്ഥാപനങ്ങളോ ഒരു അഫിലിയേറ്റു ചെയ്ത യൂണിറ്റായി അംഗീകരിക്കുവാൻ പാടില്ലാത്തതുമാണ്.

(4) വിദേശരാജ്യങ്ങളിലോ രാജ്യത്ത് മുഴുവനായോ വിദൂര പഠനകോഴ്സുകൾ സംഘടിപ്പിക്കുകയോ രാജ്യത്ത് താമസക്കാരല്ലാത്ത കുട്ടികളെ പ്രവേശിപ്പിക്കുകയോ അദ്ധ്യാപകരെ നിയമിക്കുകയോ ചെയ്യാവുന്നതാണ്.

(5) ഫിഷറീസിലും സമുദ്ര പഠനങ്ങളിലും ഗവേഷണം നടത്തുന്ന സ്ഥാപന ങ്ങളെ, സർവ്വകലാശാലയ്ക്ക്, ഗവേഷണങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അംഗീകൃത സ്ഥാപനങ്ങളായി അംഗീകരിക്കാവുന്നതോ ഏറ്റെടുക്കാവുന്നതോ ആണ്.

5. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.—സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്, അതായത് :—

(i) ഫിഷറീസിലും, സമുദ്രപഠനങ്ങളിലും, മറ്റു അനുബന്ധ ശിക്ഷണശാഖക ളിലും, ഗവേഷണത്തിലും വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനും സ്കോളർഷിപ്പിനും വ്യവസ്ഥകൾ ചെയ്യുക ;

(ii) ഫിഷറീസിലും, സമുദ്രപഠനങ്ങളിലും മറ്റു അനുബന്ധ വിഷയ ങ്ങളിലും ശിക്ഷണത്തിന്റെയും ഗവേഷണ നടത്തിപ്പിന്റെയും പുരോഗതി അഭിവൃദ്ധിപ്പെ ടുത്തുക ;

(iii) വ്യാപന വിദ്യാഭ്യാസ കാര്യപരിപാടികൾ ഏറ്റെടുക്കുക ;

(iv) ഫിഷറീസ് മേഖലയിലേയും സമുദ്രപഠന മേഖലയിലെയും സാങ്കേതിക മുന്നേറ്റങ്ങൾക്കനുസരിച്ച് അതത് മേഖലകളിൽ പുതിയ കോഴ്സുകളും കരിക്കുലവും രൂപകല്പന ചെയ്യുക ;

(v) ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായും സർവ്വകലാശാലകളുമായും ബന്ധം സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക ;

(vi) ഫിഷറീസിലും സമുദ്രപഠന മേഖലകളിലും മാനവ വിഭവശേഷി വികസനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കുന്ന മികവിന്റെ കേന്ദ്രമായി മാറുക ;

(vii) ഫിഷറീസ് സമുദ്രപഠനമേഖലകളിൽ സംരംഭകത്വം വളർത്തിയെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക ;

(viii) ഉല്പാദനക്ഷമത, പ്രതിരോധശേഷി, ഗുണമേന്മ എന്നീ ഗുണവിശേഷങ്ങളുള്ളതും കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമായതുമായ വളർത്തു മത്സ്യങ്ങൾ, വളർത്തു ചെമ്മീനുകൾ, വളർത്തു കക്കകൾ എന്നിവയുടെ ഇനങ്ങളും, സങ്കരയിനങ്ങളും വികസിപ്പിക്കുകയും ചെയ്യുക ;

(ix) വളർത്തു മത്സ്യങ്ങളുടെ സുസ്ഥിരകൃഷി വികസനത്തിന് അനുയോജ്യമായ കൃഷിരീതികളും, മത്സ്യത്തീറ്റകളും, മത്സ്യരോഗ നിയന്ത്രണ, പ്രതിരോധ, ജാഗ്രതാ നടപടികളും വികസിപ്പിക്കുക ;

(x) കേരളത്തിന്റെ മത്സ്യജൈവ വൈവിധ്യം സംരക്ഷിക്കുകയും, അവയുടെ ബൗദ്ധിക സ്വത്തവകാശം സ്ഥാപിച്ചെടുക്കുകയും, ബയോടെക്നോളജി പോലുള്ള നൂതന സാങ്കേതികവിദ്യയുടെ സാധ്യതകൾ വികസിപ്പിച്ചെടുക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക ;

(xi) പരമ്പരാഗത മത്സ്യസാങ്കേതിക വിദ്യകളും, നാട്ടറിവുകളും, സുസ്ഥിര മത്സ്യസംരക്ഷണം, പരിപാലന വികസനം എന്നീ മേഖലകളിൽ പ്രയോജനപ്പെടുത്തുന്നതിന് പഠനങ്ങൾ നടത്തുകയും പഠന ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുക ;

(xii) മത്സ്യബന്ധനത്തിനെപ്പറ്റിയും അനുബന്ധ ആവാസ വ്യവസ്ഥകൾ, പ്രസക്തമായ പാരിസ്ഥിതിക ഘടകങ്ങൾ എന്നിവയെപ്പറ്റിയുള്ള ഗവേഷണം ശക്തിപ്പെടുത്തുക ; കൂടാതെ

(xiii) സർവ്വകലാശാല കാലാകാലങ്ങളിൽ ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള മറ്റു ആവശ്യങ്ങൾ.

6. സർവ്വകലാശാലയിലേക്കുള്ള പ്രവേശനം.—(1) സർവ്വകലാശാലയിൽ, ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ഏതൊരാൾക്കും പ്രവേശനം ഉണ്ടായിരിക്കുന്നതാണ് :

എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നുംതന്നെ, പ്രവേശനത്തിന് മതിയായ അക്കാഡമിക് നിലവാരമില്ലാത്ത ഏതെങ്കിലും ആളെ ഏതെങ്കിലും പഠന കോഴ്സിലേക്ക് പ്രവേശിപ്പിക്കുന്നതിനോ, ഒരു ഡിഗ്രിയോ ഡിപ്ലോമയോ സർട്ടിഫിക്കറ്റോ നൽകുന്ന തിനാവശ്യമായ കുറഞ്ഞ നിലവാരത്തിലുള്ളതോ താഴ്ന്ന അക്കാഡമിക് രേഖകളുള്ള അല്ലെങ്കിൽ മറ്റു വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും യുക്തമായ അവകാശ ങ്ങൾക്കും വിശേഷാവകാശങ്ങൾക്കും ഹാനിയുണ്ടാക്കുന്ന പ്രകൃതക്കാരനായ ഏതെങ്കിലും ആളെ സർവ്വകലാശാലാ റോളിൽ നിലനിർത്തുന്നതിനോ, സർവ്വകലാശാലയിലെ ലഭ്യമായ സൗകര്യങ്ങളിലും അക്കാഡമിക് കൗൺസിൽ നിശ്ചയിക്കുന്ന പ്രകാരവും ഉൾക്കൊള്ളി ക്കുവാൻ കഴിയുന്നതിലും അധികം വിദ്യാർത്ഥികളെ ഏതെങ്കിലും പഠനകോഴ്സിൽ പ്രവേശിപ്പിക്കുന്നതിനോ സർവ്വകലാശാല ബാദ്ധ്യസ്ഥമാകുന്നതായി കരുതുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിന്, സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്തേക്കാവുന്ന അത്രയും എണ്ണം സീറ്റു കൾ, പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും മത്സ്യത്തൊഴിലാളി വിഭാഗത്തിനും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിന്നുള്ള വിദ്യാർത്ഥികൾക്കുമായി സംവരണം ചെയ്യേണ്ടതാണെന്ന് സർവ്വകലാശാലയോട് നിർദ്ദേശിക്കാവുന്നതാണ് :

എന്നാൽ അങ്ങനെയുള്ള യാതൊരാൾക്കും, അയാൾ അങ്ങനെയുള്ള വിദ്യാർത്ഥികളെ സംബന്ധിച്ച് സർവ്വകലാശാല വ്യവസ്ഥ ചെയ്തിട്ടുള്ള നിലവാരം പുലർത്താത്തപക്ഷം, സർവ്വകലാശാലയിൽ പ്രവേശിക്കപ്പെടുന്നതിന് അർഹതയുണ്ടായി രിക്കുന്നതല്ല.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിലെ യാതൊന്നുംതന്നെ സർവ്വകലാശാലയെ ഭാരത സർക്കാർ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന ഉപാധികൾക്ക് വിധേയമായി മറ്റു രാജ്യങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിൽ നിന്ന് തടയുന്നതല്ല .

7. സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും.— സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും താഴെ പറയുന്നവയായിരിക്കുന്നതാണ്, അതായത് :—

(എ) ഫിഷറീസിലും സമുദ്ര പഠനങ്ങളിലും മറ്റു അനുബന്ധ ശിക്ഷണശാഖക ളിലും സർവ്വകലാശാല ഉചിതമെന്ന് കരുതാവുന്ന ബോധനവും പരിശീലനവും നൽകുക ;

(ബി) ഫിഷറീസിലും സമുദ്ര പഠനങ്ങളിലും അനുബന്ധ ശിക്ഷണ ശാഖക ളിലും ഗവേഷണത്തിനായുള്ള വ്യവസ്ഥകൾ ഉണ്ടാക്കുക ;

(സി) 47-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഗവേഷണത്തിലെ കണ്ടെത്തലുകളും സാങ്കേതിക വിവരങ്ങളും ഒരു വ്യാപന വിദ്യാഭ്യാസ പരിപാടിയിലൂടെ പ്രചരിപ്പിക്കുന്നതിന് വ്യവസ്ഥകൾ ഉണ്ടാക്കുക ;

(ഡി) ബിരുദങ്ങളും ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക ;

(ഇ) പരീക്ഷകൾ നടത്തുകയും സർവ്വകലാശാലയിലോ കോളേജിലോ, സ്കൂളിലോ അംഗീകൃത പഠന കോഴ്സുകളിൽ തുടർന്നിട്ടുണ്ടാവുകയോ നിർണ്ണയിക്കപ്പെട്ട രീതിയിൽ അതിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തപക്ഷം സർവ്വകലാശാലയുടെ നിർണ്ണയിക്കപ്പെട്ട പരീക്ഷയിൽ വിജയിച്ചിട്ടുണ്ടാകുകയോ നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾ പ്രകാരം ഗവേഷണം തൃപ്തികരമായി നടത്തിയിട്ടുണ്ടാകുകയോ ചെയ്തതും അത് യഥാവിധി മൂല്യനിർണ്ണയം നടത്തപ്പെടുകയും ചെയ്ത ആളുകൾക്ക് ബിരുദങ്ങളും മറ്റ് അക്കാഡമിക് ബഹുമതികളും നൽകുക ;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രശസ്ത വ്യക്തികൾക്ക് ഓണററി ബിരുദങ്ങളും മറ്റു ബഹുമതികളും നൽകുക ;

(ജി) സർവ്വകലാശാലയുടെ റഗുലർ വിദ്യാർത്ഥികളായി പേരു ചേർത്തിട്ടില്ലാത്ത ഫീൽഡ് വർക്കേഴ്സിനും ഗ്രാമീണർക്കും മറ്റു ആളുകൾക്കും പ്രഭാഷണങ്ങളും പ്രബോധനങ്ങളും പരിശീലനങ്ങളും നൽകുകയും അവർക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുക ;

(എച്ച്) 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി സർവ്വകലാശാല നിശ്ചയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കുമായി മറ്റു സർവ്വകലാശാലകളുമായും അധികാരസ്ഥാനങ്ങളുമായും സഹകരിക്കുക ;

(ഐ) സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ഫിഷറീസും സമുദ്ര പഠനങ്ങളും മറ്റ് അനുബന്ധ ശിക്ഷണ ശാഖകളുമായി ബന്ധപ്പെട്ട സ്കൂളുകൾ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക ;

(ജെ) അദ്ധ്യാപനത്തിനും ഗവേഷണത്തിനും വ്യാപന വിദ്യാഭ്യാസത്തിനുംവേണ്ടി പരീക്ഷണശാലകൾ, ഗ്രന്ഥശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ, മത്സ്യ ഫാമുകൾ, സ്ഥാപനങ്ങൾ, മ്യൂസിയങ്ങൾ ഇവ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക ;

(കെ) കേന്ദ്രസർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റെയും ഇതു സംബന്ധമായ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഉന്നത വിദ്യാഭ്യാസ ഗവേഷണ മേഖലകളിൽ വിദേശരാജ്യങ്ങളിൽ നിന്ന് ഫണ്ട് സ്വീകരിക്കുക ;

(എൽ) ബില്ലിലെ വ്യവസ്ഥകൾക്ക് വിധേയമായി ഈട് നൽകിയോ അല്ലാതെയോ സർക്കാർ അംഗീകരിക്കുന്ന പരിപാടികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നോ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നോ അല്ലെങ്കിൽ മറ്റു സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നോ പണം വായ്പയായോ ഗ്രാന്റായോ സ്വീകരിക്കുക ;

(എം) ഫണ്ടിംഗ് ഏജൻസികളുടെ സഹായത്താൽ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾക്കായി സർവ്വകലാശാലയ്ക്ക് മൂന്നു വർഷക്കാലത്തിൽ അധികമല്ലാത്ത കാലയളവിലേക്ക് താത്ക്കാലിക/കരാർ അടിസ്ഥാനത്തിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് അധികാരം ഉണ്ടായിരിക്കും ;

(എൻ) സർവ്വകലാശാലയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന് ഗവേഷണം, വികസനം, കൺസൾട്ടൻസി, പരിശീലന പരിപാടികൾ എന്നീ ആവശ്യങ്ങൾക്കായി

വ്യവസായ വാണിജ്യ മേഖലകളിൽ/സർക്കാർ ഇതര സംഘടനകൾ എന്നിവരിൽ നിന്നും, ഇന്ത്യയിലും വിദേശത്തുമുള്ള കക്ഷികൾക്ക് സേവനം ലഭ്യമാക്കുന്നതിലൂടെ അവരിൽ നിന്നും, പ്രതിഫലമോ സേവനമൂല്യമോ നിശ്ചയിക്കപ്പെട്ട രീതിയിൽ ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ് ;

(ഒ) സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ ധിക്കരിക്കുന്ന സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ് ;

(പി) ഫിഷറീസ് സമുദ്രപഠന മേഖലകളുമായി ബന്ധപ്പെട്ട് നടക്കുന്ന ഗവേഷണങ്ങളുടെ ഫലമായി രൂപപ്പെടുന്ന നൂതനവും മേന്മയേറിയതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും സേവനങ്ങൾ ലഭ്യമാക്കുന്നതിനും 1956-ലെ ദി കമ്പനീസ് ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ് ;

(ക്യൂ) ഫിഷറീസ് മേഖലയുടേയും സമുദ്രശാസ്ത്ര പഠനമേഖലയുടേയും നയരൂപീകരണത്തിലും നിർവ്വഹണത്തിലും സർക്കാരിനേയും ഏജൻസികളേയും ഉപദേശിക്കുന്ന ഒരു ആധികാരികസ്ഥാപനമായി പ്രവർത്തിക്കുക ;

(ആർ) അദ്ധ്യാപനത്തിനും ഗവേഷണത്തിനും വ്യാപന വിദ്യാഭ്യാസത്തിന് തസ്തികകൾ സൃഷ്ടിക്കുകയും അങ്ങനെയുള്ള തസ്തികകളിലേക്ക് ആളുകളെ നിയമിക്കുകയും ചെയ്യുക ;

(എസ്) ഭരണ നിർവ്വഹണത്തിനും മറ്റുമുള്ള തസ്തികകൾ സൃഷ്ടിക്കുകയും അങ്ങനെയുള്ള തസ്തികകളിലേക്ക് ആളുകളെ നിയമിക്കുകയും ചെയ്യുക ;

(റ്റി) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും സമ്മാനങ്ങളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക ;

(യു) കാലാകാലങ്ങളിൽ നിശ്ചയിക്കപ്പെടാവുന്നപ്രകാരം അങ്ങനെയുള്ള ഫീസുകളും മറ്റു ചാർജ്ജുകളും നിശ്ചയിക്കുകയും ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യുക ;

(വി) സർവ്വകലാശാലയുടെ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കുംവേണ്ടി താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഡബ്ല്യു) സർവ്വകലാശാലയുടെ വിദ്യാർത്ഥികൾക്കിടയിൽ അച്ചടക്കം നടപ്പിലാക്കുന്നതിനായി അവരുടെ മേൽനോട്ടവും നിയന്ത്രണവും നടത്തുകയും അവരുടെ ആരോഗ്യവും ക്ഷേമവും അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക ;

(എക്സ്) ആവശ്യമുള്ളപ്പോഴെല്ലാം,—

(i) ഒരു അച്ചടിയും പ്രസിദ്ധീകരണ വകുപ്പും ;

(ii) സർവ്വകലാശാല എക്സ്റ്റൻഷൻ ബോർഡുകളും ;

(iii) ഇൻഫർമേഷൻ ബ്യൂറോകളും ;

(iv) എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോയും കൂടാതെ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായേക്കാവുന്നതും സാദ്ധ്യമായേക്കാവുന്നതുമായ മറ്റ് പ്രവർത്തനങ്ങളും,

ഏർപ്പെടുത്തുകയും സംരക്ഷിക്കുകയും നടത്തിക്കുകയും ചെയ്യുക ;

(വൈ) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടേയും ജീവനക്കാരുടേയും ഉന്നമനത്തിനായി,—

(i) വിദ്യാർത്ഥികളുടേയും ജീവനക്കാരുടേയും ക്ഷേമകാര്യ സമിതി ;

(ii) വിദ്യാർത്ഥികളുടെ ഒരു അഡ്വൈസറി ബ്യൂറോ ;

(iii) ഒരു എംപ്ലോയ്മെന്റ് ബ്യൂറോ ;

(iv) ഒരു സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ ;

(v) സർവ്വകലാശാല അത്ലറ്റിക് ക്ലബ്ബുകൾ ;

(vi) നാഷണൽ കേഡറ്റ് കോർപ്സ് ;

(vii) നാഷണൽ സർവ്വീസ് സ്കീം ;

(viii) സർവ്വകലാശാല എക്സ്റ്റൻഷൻ ബോർഡുകൾ ;

(ix) വിദ്യാർത്ഥികളുടെ കൾച്ചറലും ഡിബേറ്റിംഗും സൊസൈറ്റികൾ ;

(x) ഒരു പ്രസിദ്ധീകരണ ബ്യൂറോ ; കൂടാതെ

(xi) ഫിഷറീസും സമുദ്രപഠനവുമായി ബന്ധപ്പെട്ട വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സ്ഥാപിക്കുക ; കൂടാതെ

(xii) സഹകരണസംഘങ്ങളും അതുപോലുള്ള മറ്റു സ്ഥാപനങ്ങളും സ്ഥാപിക്കുകയും അവയുടെ നടത്തിപ്പിനായി ആവശ്യമുള്ളിടത്ത് ഫണ്ടുകൾ നൽകുകയും ചെയ്യുക ;

(ഇസഡ്) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾക്ക് ഉന്നതി വരുത്തുന്നതിന് ആവശ്യമാണെന്നോ അഭിലഷണീയമാണെന്നോ കരുതാവുന്ന അങ്ങനെയുള്ള മറ്റെല്ലാ പ്രവൃത്തികളും ചെയ്യുകയും അല്ലെങ്കിൽ അങ്ങനെയുള്ള മറ്റ് വ്യവസ്ഥകൾ ഉണ്ടാക്കുകയും ചെയ്യുക.

8. <u>സന്ദർശനവും പരിശോധനയും.</u> —(1) സർക്കാരിന്, സർവ്വകലാശാലയും അതിന്റെ കെട്ടിടങ്ങളും പരീക്ഷണശാലകളും ഗ്രന്ഥശാലകളും മ്യൂസിയങ്ങളും വർക്ക് ഷോപ്പുകളും സർവ്വകലാശാല നിലനിർത്തുന്നതോ ഭരണം നടത്തുന്നതോ ആയ ഏതൊരു സ്ഥാപനത്തിന്റെയോ കോളേജിന്റെയോ സ്കൂളിന്റെയോ ഹോസ്റ്റലിന്റെയോ

ഉപകരണങ്ങളും സർവ്വകലാശാലയോ അതിന്റെ ആഭിമുഖ്യത്തിലോ നടത്തുന്നതോ ചെയ്യുന്നതോ ആയ അദ്ധ്യാപനവും മറ്റ് ജോലിയും സർവ്വകലാശാലയുടെ മറ്റേതെങ്കിലും ചുമതലകളുടെ നടത്തിപ്പും സർക്കാർ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള ആളെയോ ആളുകളെയോകൊണ്ടോ പരിശോധിപ്പിക്കുവാൻ ഇടയാക്കുന്നതിനും സർവ്വകലാശാലയുടെ ഭരണ നിർവ്വഹണവും ധനകാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു സംഗതിയെ സംബന്ധിച്ചും അന്വേഷണം നടത്തിക്കുവാൻ ഇടയാക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. ഇത്തരം അന്വേഷണവുമായി ബന്ധപ്പെട്ട ഏതൊരു രേഖയും പരിശോധനാ സമിതിക്ക് കൈമാറേണ്ടതാണ്.

(2) സർക്കാർ, (1)-ാം ഉപവകുപ്പുപ്രകാരം ഒരു പരിശോധനയോ അന്വേഷണമോ നടത്തുവാൻ ഇടയാക്കുന്നതിനുമുൻപ്, അതതുസംഗതിപോലെ, അങ്ങനെയുള്ള പരിശോധനയുടെയോ അന്വേഷണത്തിന്റെയോ യഥാവിധിയുള്ള അറിയിപ്പ് സർവ്വകലാശാലയ്ക്ക് നൽകേണ്ടതും സർവ്വകലാശാലയ്ക്ക് അതിന്റെ ഒരു പ്രതിനിധിയെ നിയമിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും അയാൾക്ക് അങ്ങനെയുള്ള പരിശോധനയിലോ അന്വേഷണത്തിലോ ഹാജരാകുന്നതിനും പറയുവാനുള്ളത് പറയുവാനുമുള്ള അവകാശമുണ്ടായിരിക്കുന്നതുമാണ്.

(3) സർക്കാർ, അപ്രകാരമുള്ള പരിശോധനയുടെയോ അന്വേഷണത്തിന്റെയോ ഫലങ്ങളെ പരാമർശിച്ചുകൊണ്ട് സർക്കാരിന്റെ അഭിപ്രായങ്ങൾ സർവ്വകലാശാലയെ അതിന്റെ അഭിപ്രായത്തിനുവേണ്ടി അറിയിക്കേണ്ടതും അതു വാങ്ങിയതിനുശേഷം അതനുസരിച്ച് സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ച് സർവ്വകലാശാലയെ ഉപദേശിക്കാവുന്നതും അങ്ങനെയുള്ള നടപടി സ്വീകരിക്കുന്നതിനുള്ള ഒരു സമയപരിധി നിശ്ചയിക്കാവുന്നതുമാണ്.

(4) സർവ്വകലാശാല, അപ്രകാരം നിശ്ചയിച്ച സമയപരിധിക്കുള്ളിൽ, സർക്കാർ നൽകിയ ഉപദേശത്തിൻമേൽ എടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതാ ആയ നടപടിയെ സർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(5) സർവ്വകലാശാല നിശ്ചയിച്ച സമയപരിധിക്കുള്ളിൽ, സർക്കാർ, തൃപ്തിപ്പെടുംവിധം നടപടി സ്വീകരിച്ചിട്ടില്ലാത്തിടത്ത്, സർക്കാരിന് സർവ്വകലാശാല നൽകിയ ഏതെങ്കിലും വിശദീകരണമോ സമർപ്പിച്ച നിവേദനമോ പരിഗണിച്ചതിനുശേഷം, സർക്കാരിന് ഉചിതമെന്ന് കരുതാവുന്ന, അങ്ങനെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും സർവ്വകലാശാല അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

(6) (1) മുതൽ (5) വരെയുള്ള ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയുടെ കാര്യങ്ങൾ സർവ്വകലാശാലയുടെ ഉദ്ദേശ്യങ്ങളെ പുരോഗമിപ്പിക്കുന്നതിനോ ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും റെഗുലേഷനുകളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായോ നിർവ്വഹിക്കപ്പെടുന്നില്ലെന്നോ, സർവ്വകലാശാലയുടെ അദ്ധ്യാപന നിലവാരം നിലനിർത്തുന്നതിന് പ്രത്യേക നടപടികൾ അഭിലഷണീയമാണെന്നോ

എപ്പോഴെങ്കിലും സർക്കാരിന് അഭിപ്രായമുള്ളപക്ഷം, സർക്കാരിന്, ഒരു വിശദീകരണം വേണമെന്ന് കരുതുന്ന ഏതൊരു സംഗതിയെയും സർവ്വകലാശാലയോട് സൂചിപ്പിക്കാവുന്നതും സർക്കാർ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ അപ്രകാരമുള്ള വിശദീകരണം നൽകുവാൻ സർവ്വകലാശാലയോട് ആവശ്യപ്പെടാവുന്നതുമാണ്.

(7) സർവ്വകലാശാല (6)-ാം ഉപവകുപ്പുപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ എന്തെങ്കിലും വിശദീകരണം നൽകുന്നില്ലെങ്കിലോ ഒരു വിശദീകരണം നൽകുകയും അത് തൃപ്തികരമല്ലായെന്ന് സർക്കാരിന് അഭിപ്രായമുണ്ടെങ്കിലോ സർക്കാരിന്, സംഗതിയുടെ പരിതസ്ഥിതികളിൽ ആവശ്യമാണെന്നോ അഭിലഷണീയമാണെന്നോ അവർക്ക് തോന്നാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും ആ നിർദ്ദേശങ്ങൾക്ക് പ്രഭാവം നൽകുന്നതിന് ആവശ്യമാണെന്ന് കരുതുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കാവുന്നതുമാണ്.

(8) സർവ്വകലാശാല, സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തെ സംബന്ധിക്കുന്ന സർക്കാർ ആവശ്യപ്പെടുന്ന അങ്ങനെയുള്ള വിവരങ്ങൾ നൽകേണ്ടതാണ്.

## അദ്ധ്യായം III

## സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ

9. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ.—ഇനിപ്പറയുന്നവ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുന്നതാണ്, അതായത് :—

(i) സെനറ്റ് ;

(ii) സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിൽ ;

(iii) അക്കാഡമിക് കൗൺസിൽ ;

(iv) റിസർച്ച് കൗൺസിൽ ;

(v) സ്കൂൾ ഗവേണിംഗ് കൗൺസിലുകൾ ;

(vi) ഡിപ്പോർട്ട്മെന്റ് ഗവേണിംഗ് കൗൺസിലുകൾ ;

(vii) ഫാക്കൽറ്റികൾ, കൂടാതെ

സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങളായിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നികായങ്ങളും.

10. സെനറ്റ്.—(1) സെനറ്റിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

1. *എക്സ്-ഒഫീഷ്യോ അംഗങ്ങൾ :*

(i) ചാൻസലർ ;

(ii) പ്രോ-ചാൻസലർ ;

(iii) സർവ്വകലാശാല ആസ്ഥാനത്തെ നിയമസഭാ സാമാജികൻ ;

(iv) വൈസ്-ചാൻസലർ ;

(v) പ്രൊ-വൈസ്-ചാൻസലർ ;

(vi) ഫിഷറീസ് വകുപ്പ് ഗവൺമെന്റ് സെക്രട്ടറി ;

(vii) ഉന്നത വിദ്യാഭ്യാസ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ;

(viii) ധനകാര്യ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ;

(ix) നിയമവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ;

(x) ഫിഷറീസ് ഡയറക്ടർ ;

2. *നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ :*

(i) സീനിയോറിറ്റി മുറയ്ക്ക്, ആവർത്തനക്രമമനുസരിച്ച് രണ്ടു വർഷക്കാലയളവിലേക്ക്, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ ഫാക്കൽറ്റികളിലെ മൂന്ന് ഡീനുകൾ ;

(ii) സീനിയോറിറ്റി മുറയ്ക്ക്, ആവർത്തനക്രമമനുസരിച്ച്, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, മറ്റുവിധത്തിൽ സെനറ്റിലെ അംഗങ്ങളല്ലാത്ത സർവ്വകലാശാലയുടെയോ സ്കൂളുകളുടെയോ അഞ്ച് വകുപ്പ് മേധാവികൾ ;

(iii) സർവ്വകലാശാലയുടെ സ്കൂളുകളിലെ ഡയറക്ടർമാർ ;

(iv) ഫിഷറീസിലും സമുദ്രപഠനങ്ങളിലും പരിജ്ഞാനമോ താൽപ്പര്യമോ ഉള്ള ആളുകളിൽനിന്നും, അതിൽ ഒരാൾ പട്ടികജാതിയിലെ അംഗമായിരിക്കണമെന്നും ഒരാൾ പട്ടികവർഗ്ഗത്തിലെ അംഗമായിരിക്കണമെന്നും ഒരാൾ മത്സ്യത്തൊഴിലാളി വിഭാഗത്തിലെ അംഗമായിരിക്കണമെന്നും ഒരാൾ വനിത ആയിരിക്കണമെന്നുമുള്ള നിബന്ധനയ്ക്ക് വിധേയമായി സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒൻപതുപേർ.

3. *തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ :*

(i) കേരള നിയമസഭയിലെ അംഗങ്ങൾ അവർക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന മൂന്ന് അംഗങ്ങൾ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള അംഗമായിരിക്കേണ്ടതാണ് ;

(ii) സർവ്വകലാശാല അദ്ധ്യാപകർ അവർക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന നാലംഗങ്ങൾ, അവരിൽ രണ്ടുപേർ വനിതകളായിരിക്കേണ്ടതാണ് ;

(iii) സർവ്വകലാശാലയിലേയും സ്കൂളുകളിലേയും ഡിപ്പാർട്ടുമെന്റുകളിലേയും മുഴുവൻ സമയ വിദ്യാർത്ഥികളിൽനിന്നും നിർണ്ണയിക്കപ്പെടുന്നവിധം തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് വിദ്യാർത്ഥി പ്രതിനിധികൾ ;

(iv) സർവ്വകലാശാലയിലെ അദ്ധ്യാപകേതര ജീവനക്കാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ.

(2) രജിസ്ട്രാർ, സെനറ്റിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) വൈസ്-ചാൻസലറോ വൈസ്-ചാൻസലറുടെ അഭാവത്തിൽ പ്രോ-വൈസ്-ചാൻസലറോ സാധാരണയായി സെനറ്റിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) സെനറ്റ് യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ നാലിലൊന്ന് ആയിരിക്കുന്നതാണ്.

(5) സെനറ്റിന്റെ ഔദ്യോഗിക കാലാവധി, ചാൻസലർ അത് രൂപീകരിച്ച തീയതി മുതൽ അഞ്ചുവർഷക്കാലം ആയിരിക്കുന്നതും സെനറ്റിന്റെ കാലാവധി തീരുന്ന മുറയ്ക്ക് ചാൻസലർ അതിനെ പുനഃസംഘടിപ്പിക്കേണ്ടതുമാണ്.

(6) വൈസ്-ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ, വർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും സെനറ്റ് യോഗം ചേരേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഒന്നിന് വാർഷിക പൊതുയോഗം എന്ന് പേര് പറയേണ്ടതുമാണ്.

(7) വൈസ്-ചാൻസലർ, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുമ്പോഴെല്ലാം സെനറ്റിലെ നാലിലൊന്നിൽ കുറയാത്ത അംഗങ്ങൾ ഒപ്പുവച്ച ലിഖിതമായുള്ള അഭ്യർത്ഥനയിന്മേൽ സെനറ്റിന്റെ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

11. സെനറ്റിന്റെ അധികാരങ്ങൾ.—സെനറ്റിന് ഇനി പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) സർവ്വകലാശാലയുടെ പൊതുവായ നയങ്ങളും പരിപാടികളും ആവിഷ്കരിക്കുക ;

(ii) സർവ്വകലാശാലയുടെ പുരോഗതിക്കും അഭിവൃദ്ധിക്കും വേണ്ടതായ നടപടികൾ നിർദ്ദേശിക്കുക ;

(iii) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട്, വാർഷിക കണക്കുകൾ, ആഡിറ്റ് റിപ്പോർട്ട്, വികസന പദ്ധതികൾ എന്നിവ പരിഗണിക്കുകയും വൈസ്-ചാൻസലർക്കും ഗവേണിംഗ് കൗൺസിലിനും ശുപാർശ നൽകുകയും ചെയ്യുക ;

(iv) ഗവേണിംഗ് കൗൺസിലിന്റെ ശുപാർശയിന്മേൽ ഓണററി ബിരുദങ്ങളോ മറ്റ് അക്കാഡമിക് ബഹുമതികളോ നൽകുക ;

(v) നിലവിലുള്ള അക്കാഡമിക് പരിപാടികളും സഹപ്രവർത്തന പരിപാടികളും പുനരവലോകനം നടത്തുക ;

(vi) ഫിഷറീസിലും സമുദ്ര പഠനങ്ങളിലും സാമൂഹിക ആവശ്യകതകൾക്ക് സംഗതമായ പുതിയ അക്കാഡമിക് പരിപാടികൾ നിർദ്ദേശിക്കുക ;

(vii) പുതിയ ബിരുദങ്ങളും, ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക ;

(viii) ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ നൽകപ്പെട്ടിട്ടുള്ളതോ ഏൽപ്പിച്ചുകൊടുത്തിട്ടുള്ളതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

12. <u>സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ.</u>—ഗവേണിംഗ് കൗൺസിൽ സർവ്വകലാശാലയുടെ മുഖ്യ ഭരണനിർവ്വഹണ സമിതി ആയിരിക്കുന്നതും അതിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്, അതായത്:—

1. <u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

(i) വൈസ് ചാൻസലർ ;

(ii) പ്രോ-വൈസ് ചാൻസലർ ;

(iii) കേരള സർക്കാരിന്റെ ഫിഷറീസ് വകുപ്പ് സെക്രട്ടറി ;

(iv) കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ;

(v) കേരള സർക്കാരിന്റെ ധനകാര്യ വകുപ്പ് സെക്രട്ടറി ;

(vi) നിയമവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ നിയമവകുപ്പ് സെക്രട്ടറി നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറി ;

(vii) ഫാക്കൽറ്റികളിലെ രണ്ട് ഡീനുമാർ ;

(viii) ഓരോ രണ്ടു വർഷത്തേക്കും അക്ഷരമാല ക്രമത്തിൽ ആവർത്തന ക്രമമനുസരിച്ച് സർവ്വകലാശാലയുടെ സ്കൂളുകളിലെ രണ്ട് ഡയറക്ടർമാർ, കൂടാതെ

(ix) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വൈസ് പ്രസിഡന്റ്.

2. <u>തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>

(i) സ്കൂളുകളിലെ ഡയറക്ടർമാർ ഒഴികെ സർവ്വകലാശാലാ അദ്ധ്യാപകർ അവരുടെ ഇടയിൽനിന്നും കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടുവഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായപ്രകാരം തിരഞ്ഞെടുക്കപ്പെട്ട മൂന്ന് അംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

(ii) സർവ്വകലാശാലയിലേയും സ്കൂളുകളിലേയും ഡിപ്പാർട്ടുമെന്റുകളിലേയും മുഴുവൻ സമയ വിദ്യാർത്ഥികളിൽ നിന്നും നിർണ്ണയിക്കപ്പെട്ട പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗം.

3. <u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് നിയമസഭാംഗങ്ങൾ ;

(ii) ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഫിഷറീസ് വിദഗ്ദ്ധൻ ;

(iii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നും ഫിഷറീസ്-സമുദ്ര പഠന മേഖലയിൽ പരിജ്ഞാനമുള്ള ഒരു പ്രതിനിധി ;

(iv) ഭൗമപഠന മന്ത്രാലയം നാമനിർദ്ദേശം ചെയ്യുന്ന സമുദ്ര പഠനത്തിൽ മികവുറ്റ ഒരു ശാസ്ത്രജ്ഞൻ ;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മത്സ്യകർഷക പ്രതിനിധി ;

(vi) രജിസ്ട്രേഡ് മത്സ്യത്തൊഴിലാളി സംഘടനകളിൽ നിന്ന് സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി ;

(vii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഫിഷറീസ് വ്യവസായ രംഗത്തു നിന്നുള്ള ഒരു പ്രതിനിധി :

എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

13. സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ പുനഃസംഘടന.—(1) ഓരോ നാലുവർഷം കൂടുമ്പോഴും സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി അവയിൽ മറ്റുവിധത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തപക്ഷം, എക്സ്-ഒഫീഷ്യോ അംഗങ്ങളല്ലാത്ത സർവ്വകലാശാല ഗവേണിംഗ് കൗൺസിലിലെ ഓരോ അംഗവും സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന്റെ അടുത്ത പുനഃസംഘടനവരെയും സ്ഥാനം വഹിക്കേണ്ടതാണ് :

എന്നാൽ ഒരു പ്രത്യേക നികായത്തിലെ അംഗമെന്ന നിലയ്ക്കോ അല്ലെങ്കിൽ ഒരു പ്രത്യേക ഉദ്യോഗം വഹിക്കുന്ന ആൾ എന്ന നിലയ്ക്കോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ തിരഞ്ഞെടുക്കപ്പെടുകയോ ചെയ്യുന്ന ഏതൊരു അംഗവും അദ്ദേഹം അങ്ങനെയുള്ള അംഗമോ അങ്ങനെയുള്ള ഉദ്യോഗം വഹിക്കുന്ന ആളോ അല്ലാതായി തീർന്നശേഷം മൂന്നുമാസത്തിൽ കൂടുതൽ കാലത്തേക്ക്, സ്ഥാനം വഹിക്കാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, സർവ്വകലാശാല ഗവേണിംഗ് കൗൺസിലിലെ തിരഞ്ഞെടുക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്ത ഒരംഗം, ഏത് ഉദ്യോഗം ഹേതുവായാണോ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിലെ എക്സ്-ഒഫീഷ്യോ അംഗമായിരിക്കാൻ അർഹനായത്, അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗത്തിൽ താൽക്കാലികമായി നിയമിക്കപ്പെടുന്ന പക്ഷം, അതതുസംഗതിപോലെ, തിരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ ഒരംഗമായി തുടരേണ്ടതാണ്.

(3) ഒരാൾ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിലെ അംഗമല്ലാത്തതായി തീരുമ്പോൾ, സർവ്വകലാശാല ഗവേണിംഗ് കൗൺസിലിലെ അംഗത്വം ഹേതുവായി

സർവ്വകലാശാലയുടെ ഏതൊരു അധികാര സ്ഥാനത്താണോ അയാൾ അംഗമായിരിക്കേണ്ടത് അങ്ങനെയുള്ള ഏതെങ്കിലും അധികാര സ്ഥാനങ്ങളിലെ അംഗമല്ലാതായിത്തീരുന്നതാണ്.

14. സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ സർവ്വകലാശാലയുടെ പരമാധികാരസ്ഥാനം ആയിരിക്കുന്നതും, അതിന് ഈ ആക്റ്റിനാലോ അതിൻകീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളോ, ഓർഡിനൻസുകളോ, റഗുലേഷനുകളോ പ്രകാരമോ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച അക്കാഡമിക് കൗൺസിലോ സ്കൂൾ ഗവേണിംഗ് കൗൺസിലോ പ്രവർത്തിച്ചിട്ടുള്ള സംഗതികളിലൊഴികെ അക്കാഡമിക് കൗൺസിലിന്റെയും സ്കൂൾ ഗവേണിംഗ് കൗൺസിലിന്റേയും നടപടികൾ പുനഃ പരിശോധന നടത്തുന്നതിന് അധികാരമുണ്ടായിരിക്കുന്നതും ഈ ആക്റ്റ് പ്രകാരം മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, സർവ്വകലാശാലയുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കാവുന്നതുമാണ് :

എന്നാൽ അക്കാഡമിക് കൗൺസിലോ സ്കൂൾ ഗവേണിംഗ് കൗൺസിലോ മുകളിൽപ്പറഞ്ഞ അങ്ങനെയുള്ള അധികാരങ്ങൾക്കനുസൃതമായി പ്രവർത്തിച്ചിട്ടുണ്ടെന്നോ ഇല്ലെന്നോ ഉള്ള ഏതെങ്കിലും പ്രശ്നം ഉണ്ടാകുന്നപക്ഷം, ആ പ്രശ്നത്തിന്മേൽ ചാൻസലർ തീർപ്പ് കൽപ്പിക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ഇനി പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ചാൻസലറുടെ പരിഗണനയ്ക്കും അനുമതിക്കും വേണ്ടി സ്വമേധയാ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക ;

(ബി) അക്കാഡമിക് കൗൺസിൽ പാസ്സാക്കിയ ഓർഡിനൻസോ റഗുലേഷനോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക ;

(സി) ആവശ്യമെന്നു തോന്നുന്നപക്ഷം, സ്കൂൾ ഗവേണിംഗ് കൗൺസിലോ വകുപ്പുതല ഗവേണിംഗ് കൗൺസിലോ എടുത്തിട്ടുള്ള അക്കാഡമിക്കോ ഭരണപരമോ ആയ തീരുമാനം പുനഃപരിശോധിക്കുക ;

(ഡി) ഈ ആക്റ്റിലേയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്കനുസൃതമായി ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും സ്റ്റുഡന്റ്ഷിപ്പുകളും വിദ്യാർത്ഥി സ്കോളർഷിപ്പുകളും മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തുന്നതിനും പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും അനുമതി നൽകുക ;

(ഇ) പ്രൊഫസർഷിപ്പുകളും അസോസിയേറ്റ് പ്രൊഫസർഷിപ്പുകളും അസിസ്റ്റന്റ് പ്രൊഫസർഷിപ്പുകളും ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള മറ്റ് അദ്ധ്യാപക ഗവേഷണ തസ്തികകളും ഏർപ്പെടുത്തുക ;

(എഫ്) ആവശ്യമെന്ന് അതതുസമയം കരുതാവുന്ന അങ്ങനെയുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുകയും നടത്തിപ്പോരുകയും ചെയ്യുക ;

(ജി) സർവ്വകലാശാലാ ജീവനക്കാരുടെ സേവനം സംബന്ധിച്ച വ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിക്കുക ;

(എച്ച്) അദ്ധ്യാപകരുടെ വേതനം നിശ്ചയിക്കുകയും അവരുടെ ചുമതലകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കുകയും ചെയ്യുക ;

(ഐ) സർവ്വകലാശാലാ ഗവേണിംഗ് കൗൺസിൽ അതിന്റെ മുമ്പാകെ വയ്ക്കുന്ന സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും പുനഃപരിശോധിക്കുകയും, അവ സംബന്ധിച്ച് അതിന് യുക്തമെന്ന് കരുതാവുന്ന നടപടി സ്വീകരിക്കുകയും, സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി ബഡ്ജറ്റ് പരിഗണയ്ക്കെടുത്ത് പാസ്സാക്കുകയും ചെയ്യുക ;

(ജെ) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ആൾക്ക് നൽകിയിട്ടുള്ള ഏതൊരു ഡിഗ്രിയോ ഡിപ്ലോമയോ പദവിയോ അല്ലെങ്കിൽ മറ്റേതെങ്കിലും ബഹുമതിയോ റദ്ദാക്കുകയോ സർവ്വകലാശാല നടത്തിയ ഏതെങ്കിലും പരീക്ഷയിൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യുക ;

(കെ) സമിതികളെ നിയമിക്കുകയും, അവയ്ക്ക് അതിന് യുക്തമെന്ന് കരുതാവുന്ന സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന്റെ കർത്തവ്യങ്ങൾ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യുക ;

(എൽ) സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ രീതിയും സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന്റേയും അക്കാഡമിക് കൗൺസിലിന്റേയും സർവ്വകലാശാലയുടെ മറ്റ് അധികാര സ്ഥാനങ്ങളുടേയും യോഗങ്ങളിൽ അനുവർത്തിക്കേണ്ടതായ നടപടിക്രമവും സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളുടെ കാര്യനിർവ്വഹണത്തിന് ആവശ്യമായ അംഗങ്ങളുടെ ക്വാറവും ക്രമപ്പെടുത്തുന്നതിന് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുക ;

(എം) അത് നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കുംവേണ്ടി ഭാരതത്തിനകത്തും വിദേശത്തുമുള്ള മറ്റ് സർവ്വകലാശാലകളുമായി ബന്ധം സ്ഥാപിക്കുക ;

(എൻ) സർവ്വകലാശാലയുടെ സ്വത്തുക്കളും ഫണ്ടുകളും കൈവശം വയ്ക്കുകയും നിയന്ത്രിക്കുകയും കാര്യനിർവ്വഹണം നടത്തുകയും ചെയ്യുക ;

(ഒ) സർവ്വകലാശാലയുടെ പൊതു മുദ്രയുടെ രൂപവും അതിന്റെ സൂക്ഷിപ്പും ഉപയോഗവും സംബന്ധിച്ച് നിർദ്ദേശം നൽകുക ;

(പി) സ്കൂളുകളുടേയും ഹോസ്റ്റലുകളുടേയും മറ്റ് സ്ഥാപനങ്ങളുടേയും പരിശോധനയ്ക്ക് ഏർപ്പാട് ചെയ്യുക ;

(ക്യു) കാലാകാലങ്ങളിൽ ആവശ്യമെന്നു അതു കരുതുന്ന കോളേജുകളും ഗവേഷണസ്ഥാപനങ്ങളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും നടത്തിപ്പോരുകയും ചെയ്യുക ;

(ആർ) സർവ്വകലാശാലാ അദ്ധ്യാപകരേയും മറ്റു ജീവനക്കാരേയും നിയമിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക ;

(എസ്) ഭരണപരമായ തസ്തികകൾ, മിനിസ്റ്റീരിയൽ തസ്തികകൾ മറ്റു വിധത്തിൽ ആവശ്യമുള്ള തസ്തികകൾ എന്നിവ സൃഷ്ടിക്കുക ;

(റ്റി) സർവ്വകലാശാലയിലെ അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും അവരുടെ കേസിൽ എതിർവാദം ബോധിപ്പിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനുശേഷം സസ്പെന്റ് ചെയ്യുകയോ, പിരിച്ചുവിടുകയോ, ഡിസ്മിസ് ചെയ്യുകയോ അല്ലെങ്കിൽ അവർക്കെതിരായി മറ്റുവിധത്തിലുള്ള ഏതെങ്കിലും അച്ചടക്ക നടപടി എടുക്കുകയോ ചെയ്യുക ;

(യു) വിദ്യാർത്ഥികളുടെ താമസം, അച്ചടക്കം എന്നിവയുടെ മേൽനോട്ടവും നിയന്ത്രണവും നടത്തുക ;

(വി) സർവ്വകലാശാലയുടെ ധനപരമായ എസ്റ്റിമേറ്റുകൾ ഈ ആവശ്യത്തിലേക്കായി ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകളനുസരിച്ച് പരിഗണിക്കുക ;

(ഡബ്ല്യു) സർവ്വകലാശാലാ പരീക്ഷകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയും അവയുടെ ഫലം അംഗീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക ;

(എക്സ്) സ്കൂൾ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച പ്രകാരമുള്ള പരീക്ഷകരുടെ പാനലിന് അവരുടെ പ്രതിഫലം നിശ്ചയിക്കുക ;

(വൈ) വൈസ്-ചാൻസലർക്കോ, അതിലെ അംഗങ്ങളുടെ ഇടയിൽനിന്ന് നിയമിക്കപ്പെട്ട ഒരു സമിതിക്കോ അതിന്റെ ഏതെങ്കിലും അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുക ; കൂടാതെ

(ഇസഡ്) സർവ്വകലാശാലയുടെ അക്കാഡമിക് പുരോഗതി ലക്ഷ്യമാക്കിയുള്ള പദ്ധതികൾ പരിഗണനയ്ക്കെടുക്കുക ; കൂടാതെ

(എഎ) ഈ ആക്റ്റിനാലും സ്റ്റാറ്റ്യൂട്ടുകളാലും ഏൽപ്പിച്ചുകൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

15. സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ.—(1) സർവ്വകലാശാലാ ഗവേണിംഗ് കൗൺസിൽ അതിലെ എല്ലാ അംഗങ്ങൾക്കും യഥാവിധി നോട്ടീസ് നൽകിയതിനുശേഷം കുറഞ്ഞത് മാസത്തിലൊരിക്കൽ, വൈസ്-ചാൻസലർ നിശ്ചയിക്കുന്ന തീയതിയിൽ യോഗം ചേരേണ്ടതാണ്.

(2) കൗൺസിലിന്റെ ആകെയുള്ള അംഗസംഖ്യയുടെ പകുതിയിൽ കൂടുതൽ ആയിരിക്കും കൗൺസിൽ യോഗത്തിനുള്ള ക്വാറം :

എന്നാൽ അപ്രകാരമുള്ള ക്വാറം സർവ്വകലാശാലയുടെ ബിരുദ ദാന സമ്മേളന ത്തിനോ, ഡിഗ്രികളോ പദവികളോ, മറ്റു ബഹുമതികളോ നൽകുന്നതിനുള്ള സർവ്വകലാ ശാലാ ഗവേണിംഗ് കൗൺസിലിന്റെ യോഗത്തിനോ ആവശ്യമില്ലാത്തതാണ്.

(3) വൈസ്-ചാൻസലർ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടുമ്പോൾ അർത്ഥനയിൽ കാണിച്ചിട്ടുള്ളതല്ലാതെ യാതൊരു വിഷയവും ആ യോഗത്തിൽ പരിഗണിക്കുന്നതല്ല.

16. സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിലെ തിരഞ്ഞെ ടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ ഒരംഗത്തിന്റെ ഔദ്യോഗിക കാലാവധി അദ്ദേഹത്തെ തിരഞ്ഞെടുത്തതോ നാമനിർദ്ദേശം ചെയ്തതോ ആയ ഗവേണിംഗ് കൗൺസിലിന്റെ പുനഃസംഘടനാതീയതിയുടെ തൊട്ടുമുമ്പുള്ള ദിവസം അവസാനിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഹേതുവായി തങ്ങളുടെ ഔദ്യോഗിക സ്ഥാനം ഇല്ലാതായിത്തീർത്ത തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ അംഗങ്ങളല്ലാത്ത സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിലെ അംഗങ്ങൾക്ക് ഈ ആക്റ്റിന്റേയും അതിൻകീഴിൽ ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും പ്രകാരം നൽകപ്പെട്ട സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും ക്ഷമത ഉണ്ടായിരിക്കുന്നതാണ് ;

(3) സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ ഏതൊരു യോഗത്തിന്റേയും ക്വാറം, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഹേതുവായി ഔദ്യോഗികസ്ഥാനം ഇല്ലാതായ അംഗങ്ങളൊഴികെ, ശേഷിക്കുന്ന അംഗങ്ങളുടെ എണ്ണത്തിന്റെ പകുതിയിൽ കൂടുതൽ ആയിരിക്കുന്നതാണ്.

17. അക്കാഡമിക് കൗൺസിലിന്റെ രൂപീകരണം.—(1) അക്കാഡമിക് കൗൺസി ലിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) വൈസ് ചാൻസലർ, ചെയർപേഴ്സൺ ;

(ii) എല്ലാ സ്കൂളുകളുടേയും ഡയറക്ടർമാർ ;

(iii) റിസർച്ച് ഡയറക്ടർ ;

(iv) എക്സ്റ്റൻഷൻ ഡയറക്ടർ ;

(v) കേരള സർക്കാരിന്റെ ഫിഷറീസ് ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹ ത്തിന്റെ അഡീഷണൽ ഡയറക്ടറിൽ താഴെയല്ലാത്ത പ്രതിനിധി ;

(vi) സിഎംഎഫ്ആർഐ (CMFRI) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹ ത്തിന്റെ പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി ;

(vii) സിഐഎഫ്റ്റി (CIFT) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി ;

(viii) സിഎംഎൽആർഇ (CMLRE) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹ ത്തിന്റെ പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി ;

(ix) എൻഐഒ (NIO)-യുടെ ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി ;

(x) സർവ്വകലാശാലാ വകുപ്പ് മേധാവികൾ അവരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കുന്ന അഞ്ചുപേർ ;

(xi) ഓരോ സ്കൂളിലേയും ഫാക്കൽറ്റി അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരംഗം ;

(xii) സർവ്വകലാശാലയിലെ ബിരുദാനന്തരബിരുദ വിദ്യാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് അംഗങ്ങൾ ;

(xiii) ഓരോ പ്രാദേശിക ഭരണ കേന്ദ്രങ്ങളിൽ/റീജണൽ സെന്ററിൽ നിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്ത ഒരു ഫാക്കൽറ്റി അംഗം/ശാസ്ത്രജ്ഞൻ ;

(2) അക്കാഡമിക് കൗൺസിൽ കുറഞ്ഞത് മൂന്നുമാസത്തിൽ ഒരിക്കൽ യോഗം ചേരേണ്ടതാണ് ;

(3) അക്കാഡമിക് കൗൺസിൽ യോഗത്തിന്റെ ക്വാറം കൗൺസിലിന്റെ ആകെ അംഗസംഖ്യയുടെ മൂന്നിൽ ഒന്നായിരിക്കുന്നതാണ് ;

(4) അക്കാഡമിക് കൗൺസിലിന്റെ കാലാവധി സ്റ്റാറ്റ്യൂട്ടിൽ നിർദ്ദേശിക്കുന്ന പ്രകാരമായിരിക്കും.

18. <u>അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും</u>.—(1) അക്കാഡമിക് കൗൺസിൽ, ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയുടെ അക്കാഡമിക് കാര്യങ്ങളിൽ പൊതുവായ നിന്ത്രണത്തിന്റേയും, ബോധനത്തിന്റേയും പഠനത്തിന്റേയും പരീക്ഷകളുടേയും നിലവാരം നിലനിർത്തിപ്പോരുന്നതിനും, സ്റ്റാറ്റ്യൂട്ടുകളാൽ ചുമത്തപ്പെട്ടതോ, ഭരമേൽപ്പിക്കപ്പെട്ടതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുന്നതിനും ഉത്തരവാദി ആയിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെയും, സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അക്കാഡമിക് കൗൺസിലിന് ഇനി പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ് ; അതായത്:—

(എ) എല്ലാ അക്കാഡമി കാര്യങ്ങളിലും സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന് ഉപദേശം നൽകുക ;

(ബി) റെഗുലേഷനുകൾ ഉണ്ടാക്കുകയും അവ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ;

(സി) സർവ്വകലാശാല നടത്തിപ്പോരുന്ന സ്ഥാപനങ്ങളിലെ പഠന കോഴ്സുകൾക്ക് അംഗീകാരം നൽകുക ;

(ഡി) സർവ്വകലാശാല നടത്തിപ്പോരുന്ന സ്കൂളുകളിലെയോ മറ്റു സ്ഥാപനങ്ങളിലെയോ അദ്ധ്യാപകരുടെ യോഗ്യതകൾ നിർണ്ണയിക്കുക ;

(ഇ) സർവ്വകലാശാലയുടെ വിവിധ പഠന കോഴ്സുകളിലേക്കും, പരീക്ഷകൾക്കും, വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള യോഗ്യതയും ഇളവുകൾ അനുവദിക്കാവുന്നത് സംബന്ധിച്ച നിബന്ധനകളും നിർണ്ണയിക്കുക ;

(എഫ്) ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള പഠനശാഖകളിൽ ബോധനത്തിനും പരിശീലനത്തിനും ആവശ്യമായ നിർദ്ദേശങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുക ;

(ജി) സർവ്വകലാശാലയ്ക്ക് ആവശ്യമായ പ്രൊഫസർമാരുടേയും, അസ്സോസിയേറ്റ് പ്രൊഫസർമാരുടേയും, അസിസ്റ്റന്റ് പ്രൊഫസർമാരുടേയും, റീഡർമാരുടെയും ലക്ചറർമാരുടെയും മറ്റ് അധ്യാപന ഗവേഷണ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുക ;

(എച്ച്) സർവ്വകലാശാലകൾ അനുവദിക്കേണ്ടതായ ഡിഗ്രികളും ഡിപ്ലോമകളും മറ്റ് അക്കാഡമിക് ബഹുമതികളും നിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുക ;

(ഐ) മറ്റ് സർവ്വകലാശാലകളുടെ ഏതെല്ലാം പരീക്ഷകൾ സർവ്വകലാശാലയുടേതിന് തത്തുല്യമായി സ്വീകരിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും സർവ്വകലാശാലകളുടെ പരീക്ഷകൾക്ക് അംഗീകാരം നൽകുന്നതിന് മറ്റ് സർവ്വകലാശാലകളുമായി കൂടിയാലോചന നടത്തുകയും ചെയ്യുക ;

(ജെ) സ്കൂൾ ഗവേണിംഗ് കൗൺസിലിൽനിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, അദ്ധ്യാപനം, ഗവേഷണ വ്യാപന വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സംഘടനയ്ക്കോ പുനഃസംഘടനയ്ക്കോ വേണ്ടതായ പദ്ധതികൾ അംഗീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ പരിഷ്ക്കരിക്കുകയോ ചെയ്യുക ;

(കെ) ബിരുദാനന്തരബിരുദ അദ്ധ്യാപനം, ഗവേഷണം, വ്യാപന വിദ്യാഭ്യാസം എന്നിവയുടെ നിലവാരം നിലനിർത്തുക ;

(എൽ) സർവ്വകലാശാലയിലെ എല്ലാ അക്കാദമിക കാര്യങ്ങളിലും ഉപദേശിക്കുകയും അക്കാദമിക പരിപാടികളെക്കുറിച്ചുള്ളതും സെനറ്റ് അതിന്റെ വാർഷിക യോഗത്തിൽ ശുപാർശ ചെയ്തിട്ടുള്ളതുമായ ഫീസിബിലിറ്റി റിപ്പോർട്ട് ഗവേണിംഗ് കൗൺസിലിന് സമർപ്പിക്കുകയും ചെയ്യുക ;

(എം) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ, റഗുലേഷനുകളോ, പ്രകാരമോ അവയ്ക്കുകീഴിലോ അതിനു നൽകാവുന്നതോ ചുമത്താവുന്നതോ ആയ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക .

19. റിസേർച്ച് കൗൺസിൽ.—(1) റിസേർച്ച് കൗൺസിലിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ഡയറക്ടർ, അദ്ദേഹം കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ii) എല്ലാ സ്കൂളുകളിലേയും ഡയറക്ടർമാർ ;

(iii) ഓരോ സ്കൂളിൽനിന്നും വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്ത അംഗീകൃത ഗൈഡ് ആയ ഒരു സീനിയർ ഫാക്കൽറ്റി അംഗം ;

(iv) ഓരോ റീജിയണൽ കേന്ദ്രത്തിലേയും ഡയറക്ടർ ;

(v) ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(vi) എംഒഇഎസ്-ന്റെ ഒരു പ്രതിനിധി ;

(vii) വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്ത മത്സ്യ വ്യവസായ ത്തിലെ ഒരു പ്രതിനിധി ;

(viii) കേരള സർക്കാരിന്റെ ആസൂത്രണ ബോർഡിന്റെ ഉപാദ്ധ്യക്ഷൻ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ബോർഡിലെ പ്രതിനിധി.

(2) ഗവേഷണ നയങ്ങൾ രൂപീകരിക്കുക, "ത്രസ്റ്റ് ഏരിയകൾ" കണ്ടെത്തുക, സാദ്ധ്യതയുള്ള ഫണ്ടിംഗ് ഏജൻസിയെപ്പറ്റി ഉപദേശിക്കുക, ഗവേഷണത്തിന്റെ ഗുണവും പുരോഗതിയും മോണിറ്റർ ചെയ്ത് കാലാകാലങ്ങളിൽ വൈസ്-ചാൻസലർക്ക് റിപ്പോർട്ട് ചെയ്യുക മുതലായവ റിസേർച്ച് കൗൺസിലിന്റെ ചുമതലയായിരിക്കും.

(3) റിസേർച്ച് കൗൺസിൽ ആറ് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ് ;

(4) റിസേർച്ച് കൗൺസിലിലെ മൊത്തം അംഗങ്ങളുടെ എണ്ണത്തിന്റെ പകുതി യിൽ കൂടുതലായിരിക്കും കൗൺസിലിന്റെ യോഗത്തിന്റെ ക്വാറം.

20. സ്കൂളുകൾ.—(1) സർവ്വകലാശാലയ്ക്ക് ഇനിപ്പറയുന്ന സ്കൂളുകൾ ഉണ്ടായി രിക്കുന്നതാണ്, അതായത്:—

(i) സ്കൂൾ ഓഫ് അക്വാകൾച്ചർ ആന്റ് ബയോടെക്നോളജി ;

(ii) സ്കൂൾ ഓഫ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ആന്റ് ഹാർവെസ്റ്റ് ടെക്നോളജി ;

(iii) സ്കൂൾ ഓഫ് അക്വാട്ടിക് ഫുഡ് പ്രോഡക്റ്റ്സ് ആന്റ് ടെക്നോളജി ;

(iv) സ്കൂൾ ഓഫ് ഫിഷറി എൻവയോൺമെന്റ് ;

(v) സ്കൂൾ ഓഫ് ഓഷൻ സ്റ്റഡീസ് ആന്റ് ടെക്നോളജി ;

(vi) സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് ആന്റ് അണ്ടർവാട്ടർ ടെക്നോളജി ;

(vii) സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് എന്റർപ്രീണർഷിപ്പ് ; മുതലായവയും ; കാലാകാലങ്ങളിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്കൂളുകളും.

(2) ഓരോ സ്കൂളിലും വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള വകുപ്പുകളും പഠനവിഷയങ്ങളുടെ സിലബസ്സുകളും അടങ്ങിയിരിക്കുന്നതാണ്.

(3) ഓരോ സ്കൂളിനും സ്റ്റാറ്റ്യൂട്ടുകൾപ്രകാരം നിയമിച്ച ഒരു ഡയറക്ടർ ഉണ്ടായിരിക്കുന്നതാണ്.

(4) ഡയറക്ടർ തന്റെ കീഴിലുള്ള സ്കൂളിന്റെ ചീഫ് എക്സിക്യൂട്ടീവ് ആയിരിക്കേണ്ടതും സ്കൂളിനെ സംബന്ധിച്ചുള്ള സ്റ്റാറ്റ്യൂട്ടുകളും, റഗുലേഷനുകളും, ഓർഡിനൻസുകളും, വിശ്വസ്തമായി അനുസരിക്കുന്നതിനും സ്കൂളിലെ അദ്ധ്യാപന, ഗവേഷണ വിപുലീകരണ ജോലികൾ നടപ്പിലാക്കുന്നതിനും സംഘടിപ്പിക്കുന്നതിനും ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ്.

(5) അദ്ധ്യാപനം, ഗവേഷണം, വിപുലീകരണ പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിനായി വകുപ്പു മേധാവികൾ, റിസർച്ച് ഡറയക്ടർ, ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ എന്നിവരുടെ സഹകരണത്തോടെ ഡയറക്ടർ, പ്രവർത്തിക്കേണ്ടതാണ്.

(6) സ്കൂളിന്റെ ദൈനംദിനവും സാധാരണവുമായ പ്രവർത്തനത്തിനായുള്ള സാമ്പത്തിക അധികാരം ഡയറക്ടർക്ക് ആയിരിക്കുന്നതാണ്.

21. സ്കൂൾ ഗവേണിംഗ് കൗൺസിൽ.—(1) സ്കൂൾ ഗവേണിംഗ് കൗൺസിലിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്കൂളിന്റെ ഡയറക്ടർ, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് ;

(ii) സ്കൂളിലെ എല്ലാ വകുപ്പിന്റെയും മേധാവികൾ ;

(iii) ഓരോ വകുപ്പിന്റെയും ഏറ്റവും സീനിയർ അദ്ധ്യാപകൻ ;

(iv) ഫിനാൻസ് ഓഫീസർ അല്ലെങ്കിൽ അസിസ്റ്റന്റിന്റെ പദവിയിൽ കുറയാതെയുള്ള അദ്ദേഹത്തിന്റെ പ്രതിനിധി ;

(v) ഡയറക്ടറുമായി കൂടിയാലോചിച്ച് വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ആ മേഖലയിലെ അഞ്ചിൽ കവിയാതെയുള്ള വിദഗ്ദ്ധർ :

എന്നാൽ പാഠ്യപദ്ധതി പരിഷ്ക്കരണത്തിൻമേലുള്ള ചർച്ച അജണ്ടയിൽ ഉൾപ്പെടുത്തുമ്പോൾ മാത്രം അങ്ങനെയുള്ള വിദഗ്ദ്ധരെ ക്ഷണിക്കേണ്ടതാണ്.

(2) സ്കൂൾ ഗവേണിംഗ് കൗൺസിൽ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

(3) പകുതിയിൽ കൂടുതൽ അംഗങ്ങൾ കൗൺസിലിന്റെ ക്വാറം ആകുന്നതാണ്.

22. സ്കൂൾ ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—(1) സ്കൂളിലെ ഭരണപരവും പാഠ്യപരവുമായ കാര്യങ്ങളെ സംബന്ധിച്ചുള്ള എല്ലാ നയങ്ങളും സ്കൂൾ ഗവേണിംഗ് കൗൺസിലിന്റെ യോഗത്തിൽ എടുക്കേണ്ടതാണ്.

(2) സ്കൂൾ ഗവേണിംഗ് കൗൺസിൽ, പരീക്ഷയും അതിന്റെ ഫലം ഉൾപ്പെടെയുള്ള എല്ലാ അക്കാഡമിക് വിഷയങ്ങളെ സംബന്ധിച്ച വകുപ്പുതല ഗവേണിംഗ് കൗൺസിലിൽ നിന്നുള്ള നിർദ്ദേശം പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.

(3) ഡയറക്ടർ, സ്കൂൾ ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾ നടപ്പിലാക്കേണ്ടതും സ്കൂളിന്റെയും സർവ്വകലാശാലയുടെയും ഉത്തമ താല്പര്യത്തിനായി വകുപ്പുകളുടെ ചുമതലകൾ ക്രോഡീകരിക്കേണ്ടതുമാണ്.

(4) ഗവേണിംഗ് കൗൺസിൽ, എക്സാമിനർമാരുടെ യോഗ്യത വിനിർദ്ദേശിക്കേണ്ടതും പുറമേയുള്ള പരീക്ഷയ്ക്കുവേണ്ടിയുള്ള എക്സാമിനർമാരുടെ പാനൽ അംഗീകരിക്കേണ്ടതുമാണ്.

(5) ഡയറക്ടർ, എക്സാമിനർമാരെ നിയമിക്കേണ്ടതും പുറമേയുള്ള പരീക്ഷ നടത്തേണ്ടതുമാണ്.

(6) സ്കൂൾ ഗവേണിംഗ് കൗൺസിൽ കുറഞ്ഞത് മൂന്നുമാസത്തിൽ ഒരു തവണയെങ്കിലും അല്ലെങ്കിൽ എപ്പോൾ പാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുണ്ടോ അപ്പോഴെല്ലാമോ, പാഠ്യപദ്ധതിയുടെ ആവശ്യാനുസരണമുള്ള മാറ്റത്തിന്മേൽ തീരുമാനം എടുക്കേണ്ടപ്പോഴോ, യോഗം ചേരേണ്ടതാണ്.

(7) അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, അദ്ധ്യാപനവും ഗവേഷണ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ഗവേഷണ വിഭാഗത്തിന്റെ നടത്തിപ്പിനും നിലനിർത്തലിനുമുള്ള അധികാരം ഉൾപ്പെടെ സ്കൂളിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക അധികാരങ്ങൾ സ്കൂൾ ഗവേണിംഗ് കൗൺസിലിന് ഉണ്ടായിരിക്കുന്നതാണ്.

(8) (1) മുതൽ (7) വരെയുള്ള ഉപഖണ്ഡങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാതെ, സ്കൂൾ ഗവേണിംഗ് കൗൺസിലിന് ഇനിപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ പഠന കോഴ്സുകൾ നിർദ്ദേശിക്കുക ;

(ബി) സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂളുകളിലേയും മറ്റു സ്ഥാപനങ്ങളിലേയും അദ്ധ്യാപകർക്കുള്ള യോഗ്യതകൾ നിർദ്ദേശിക്കുക ;

(സി) വിവിധ പഠന കോഴ്സുകളിലേക്കും പരീക്ഷകൾക്കും പ്രവേശനം നൽകുന്നതിന് വിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ നിർണ്ണയിക്കുകയും ഏതു വ്യവസ്ഥകൾ പ്രകാരം അവയിൽ നിന്ന് ഒഴിവാക്കാമെന്ന് നിശ്ചയിക്കുകയും ചെയ്യുക ;

(ഡി) അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള പഠനവിഭാഗങ്ങളിൽ അദ്ധ്യാപനവും പരിശീലനവും നൽകുന്നതിനുള്ള നിർദ്ദേശം നൽകുക ;

(ഇ) സർവ്വകലാശാലയ്ക്ക് ആവശ്യമായ പ്രൊഫസർഷിപ്പുകളും റീഡർഷിപ്പുകളും ലക്ചർഷിപ്പുകളും മറ്റ് അദ്ധ്യാപനവും ഗവേഷണ തസ്തികകളും സൃഷ്ടിക്കാൻ നിർദ്ദേശം നൽകുക ;

(എഫ്) വകുപ്പ് ഗവേണിംഗ് കൗൺസിലിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി അദ്ധ്യാപനം, ഗവേഷണം, വ്യാപന വിദ്യാഭ്യാസം എന്നിവയ്ക്കായുള്ള വകുപ്പുകളുടെ രൂപീകരണത്തിനോ അല്ലെങ്കിൽ പുനർ രൂപീകരണത്തിനോ വേണ്ടിയുള്ള പദ്ധതികൾ നിർദ്ദേശിക്കുക ;

(ജി) ഈ ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഓർഡിനൻസുകളും റഗുലേഷനുകളും പ്രകാരം അതിന് നൽകാവുന്നതോ നിക്ഷിപ്തമാക്കപ്പെടാവുന്നതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

23. <u>വകുപ്പുകൾ</u>.—(1) ഓരോ സ്കൂളിനും കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന അത്രയും എണ്ണം വകുപ്പുകൾ ഉണ്ടായിരിക്കുന്നതാണ്.

(2) ഓരോ വകുപ്പിനും ഓരോ മേധാവി ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തിന്റെ നിയമനം, അധികാരങ്ങൾ, ചുമതലകൾ ഇവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതുമാണ്.

(3) വകുപ്പിന്റെ മേധാവി എക്സിക്യൂട്ടീവ് മേധാവി ആയിരിക്കേണ്ടതും വകുപ്പിനെ സംബന്ധിച്ചുള്ള സ്റ്റാറ്റ്യൂട്ടുകളും, ഓർഡിനൻസുകളും, റഗുലേഷനുകളും വിശ്വസ്തമായി അനുസരിക്കുന്നതിനും അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളിലെ അദ്ധ്യാപനം, ഗവേഷണം, വിപുലീകരണ ജോലികൾ എന്നിവ നടത്തുന്നതിനും സംഘടിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ്.

(4) അദ്ദേഹത്തിന്റെ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ള അദ്ധ്യാപനം, ഗവേഷണം, വിപുലീകരണ പരിപാടികൾ എന്നിവയ്ക്കും വകുപ്പ് മേധാവി സ്കൂളിന്റെ ഡയറക്ടറോട് ഉത്തരവാദിത്വപ്പെട്ടിരിക്കും.

24. <u>വകുപ്പ് ഗവേണിംഗ് കൗൺസിൽ</u>.—(1) ബന്ധപ്പെട്ട വകുപ്പിലെ എല്ലാ സ്ഥിര അദ്ധ്യാപകരും വകുപ്പ് ഗവേണിംഗ് കൗൺസിലിലെ അംഗങ്ങളായിരിക്കുന്നതാണ്.

(2) വകുപ്പുമായി ബന്ധപ്പെട്ട അക്കാഡമിക്കും ഭരണപരവുമായ കാര്യങ്ങളെ സംബന്ധിച്ച എല്ലാ നയങ്ങളും വകുപ്പ് ഗവേണിംഗ് കൗൺസിലിന്റെ യോഗത്തിൽ എടുക്കേണ്ടതാണ്.

(3) വകുപ്പ് ഗവേണിംഗ് കൗൺസിൽ, പരീക്ഷകരുടെ യോഗ്യത നിർണ്ണയിക്കേണ്ടതും ഇന്റേണൽ പരീക്ഷയ്ക്കുള്ള പരീക്ഷകരുടെ പാനൽ അംഗീകരിക്കേണ്ടതുമാണ്.

(4) ബന്ധപ്പെട്ട നികായങ്ങളുടെ യഥാവിധിയുള്ള അംഗീകാരത്തിനുശേഷം വകുപ്പ് ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾ വകുപ്പുമേധാവി നടപ്പിലാക്കേണ്ടതാണ്.

(5) വകുപ്പുമേധാവി എക്സാമിനർമാരെ നിയമിക്കേണ്ടതും ഇന്റേണൽ പരീക്ഷ നടത്തേണ്ടതുമാണ്.

(6) വകുപ്പ് ഗവേണിംഗ് കൗൺസിൽ സിലബസ് രൂപപ്പെടുത്തേണ്ടതും വകുപ്പിലെ പഠനകോഴ്സ് സംബന്ധിച്ച നിർദ്ദേശം സ്കൂൾ ഗവേണിംഗ് കൗൺസിലിനു നൽകുകയും ചെയ്യേണ്ടതാണ്.

(7) അക്കാഡമിക് പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും ആവശ്യമനുസരിച്ചുള്ള പാഠ്യപദ്ധതിയിലെ മാറ്റങ്ങൾ നിർദ്ദേശിക്കാനും വകുപ്പ് ഗവേണിംഗ് കൗൺസിൽ കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലുമോ അല്ലെങ്കിൽ ആവശ്യമെന്ന് കരുതുമ്പോഴെല്ലാമോ യോഗം ചേരേണ്ടതാണ്.

25. <u>ഫാക്കൽറ്റികൾ</u>.—(1) ഫാക്കൽറ്റികൾ, അവയിൽ ഉൾപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും കൂടാതെ മൾട്ടിഡിസിപ്ലിനറി ഫാക്കൽറ്റികളിലെ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും, സർവ്വകലാശാലയുടെ പ്രധാന അക്കാഡമിക് കോ-ഓർഡിനേഷൻ അതോറിറ്റികൾ ആയിരിക്കും.

(2) സർവ്വകലാശാലയ്ക്ക് സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാക്കൽറ്റികൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) അക്കാഡമിക് കൗൺസിലിന്റെ അംഗീകാരത്തോടെ മാത്രമേ ഒരു ഫാക്കൽറ്റി രൂപീകരിക്കുവാനോ, വിഭജിക്കാനോ മറ്റൊരു ഫാക്കൽറ്റിയുമായി യോജിപ്പിക്കുവാനോ അല്ലെങ്കിൽ ഇല്ലാതാക്കുവാനോ സാധിക്കുകയുള്ളൂ.

(4) ഫാക്കൽറ്റിയിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള വിഷയങ്ങൾ അടങ്ങിയിരിക്കുന്നതാണ്.

(5) ഫാക്കൽറ്റിയിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ഡീൻ-എക്സ്-ഒഫീഷ്യോ ചെയർപേഴ്സൺ ;

(ii) ഫാക്കൽറ്റിയിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങളുടെ ഓരോ പഠന ബോർഡിന്റെയും ചെയർപേഴ്സൺ ;

(iii) പഠന ബോർഡുകളിലെ അംഗങ്ങൾ അവരിൽനിന്നും തിരഞ്ഞെടുക്കുന്ന ഓരോ പഠന ബോർഡിലെയും ഒരു അംഗം, അതിൽകുറഞ്ഞത് ഒരംഗമെങ്കിലും ബിരുദാനന്തരബിരുദ അദ്ധ്യാപകനും; കൂടാതെ

(iv) സംസ്ഥാനത്തിന്റെ പുറത്തുനിന്നുള്ളവർക്ക് മുൻഗണനയുള്ള, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സബ്ജക്റ്റ് എക്സ്പേർട്ടുകൾ.

(6) ഫാക്കൽറ്റിയിലെ അംഗങ്ങളുടെ കാലാവധി മൂന്ന് വർഷമോ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവ് ആയിരിക്കേണ്ടതാണ്.

26. ഫാക്കൽറ്റികളുടെ അധികാരങ്ങളും ചുമതലകളും.—(1) ഫാക്കൽറ്റിക്ക് ഇനി പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ, അക്കാഡമിക് കൗൺസിൽ അല്ലെങ്കിൽ പ്ലാനിംഗ് കമ്മിറ്റി ഉൾപ്പെടെ ഏതൊരു കമ്മിറ്റിയും അതിന്റെ അഭിപ്രായത്തിനയയ്ക്കുന്ന ഏതൊരു കാര്യവും പരിഗണിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുക ;

(ബി) ഫാക്കൽറ്റിയിൽ പഠനബോർഡുകളുടെ, മറ്റ് ഏതെങ്കിലും ഫാക്കൽറ്റിയെ ബാധിക്കാത്ത സംഗതികളിൻമേലുള്ള, ശുപാർശകൾ പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്യുക ;

(സി) അതിന്റെ അധികാര പരിധിയിലുള്ള, മറ്റേതെങ്കിലും ഫാക്കൽറ്റിയെയോ ഫാക്കൽറ്റികളേയോ ബാധിക്കുന്ന അല്ലെങ്കിൽ ഭരണപരമായതോ സാമ്പത്തികമോ ആയ ചെലവ് വരുന്ന അക്കാഡമിക് കാര്യങ്ങൾ പരിഗണിക്കുകയും അക്കാഡമിക് കൗൺസിലിന് ശുപാർശ ചെയ്യുകയും ചെയ്യുക ;

(ഡി) സ്റ്റാറ്റ്യൂട്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള പഠന ബോർഡോ, ഇന്റർഡിസിപ്ലിനറി പഠനബോർഡോ, പരിഗണനയ്ക്കായി അയയ്ക്കുന്ന പുതിയ കോഴ്സുകൾ, ഇന്റർഡിസിപ്ലിനറി കോഴ്സുകൾ, ഹ്രസ്വകാല പരിശീലന പരിപാടികൾ ഇവ പരിഗണിയ്ക്കുകയും അക്കാഡമിക് കൗൺസിലിന് ശുപാർശ ചെയ്യുകയും ചെയ്യുക ;

(ഇ) ഇനി പറയുന്ന കാര്യങ്ങൾക്കുവേണ്ടി അക്കാഡമിക് കൗൺസിൽ തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുക:—

(i) ദീർഘകാല പാഠ്യപദ്ധതി വികസനം ;

(ii) ഫാക്കൽറ്റി വികസനം ;

(iii) അദ്ധ്യാപനം അല്ലെങ്കിൽ പഠന സാമഗ്രികളുടെ വികസനം ;

(iv) കോളേജുകൾക്ക് പ്രത്യേക പരാമർശം നൽകിക്കൊണ്ട് വിദ്യാഭ്യാസ കാര്യങ്ങളിൽ ഗവേഷണം ;

(എഫ്) പഠന ബോർഡുമായോ മറ്റു ഫാക്കൽറ്റികളുമായോ കൂടിയാലോചിച്ച് അന്തർ വകുപ്പ് അന്തർ ഫാക്കൽറ്റി പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നതിന് ആസൂത്രണം ചെയ്യുക ;

(ജി) സർവ്വകലാശാല അദ്ധ്യാപകർക്കായി ഫിഷറീസ്/സമുദ്രപഠനത്തിൽ തുടർ വിദ്യാഭ്യാസം, റിഫ്രെഷർ, ഓറിയന്റേഷൻ കോഴ്സുകൾ, പ്രത്യേകിച്ച് പരിഷ്ക്കരിച്ചതോ പുതുതായി അല്ലെങ്കിൽ ഇന്റർഡിസിപ്ലിനറി പഠന കോഴ്സുകളോ, സംഘടിപ്പിക്കുന്നത് സംബന്ധിച്ച് അക്കാഡമിക് സ്റ്റാഫ് കോളേജിനും അക്കാഡമിക് കൗൺസിലിനും ശുപാർശ ചെയ്യുക ;

(എച്ച്) ഫാക്കൽറ്റിയുടെ പ്രവർത്തനത്തിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും വൈസ്-ചാൻസലർക്ക് സമർപ്പിക്കുകയും ചെയ്യുക ;

(ഐ) അതിന്റെ അഭിപ്രായത്തിനായി അയയ്ക്കുന്ന മറ്റ് ഏതെങ്കിലും അക്കാഡമിക് കാര്യങ്ങളും പരിഗണിക്കുക .

27. കമ്മിറ്റികളുടെ രൂപീകരണം.—ഈ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടിലോ മറ്റു വിധത്തിൽ പരാമർശിക്കാത്തപക്ഷം, എല്ലാ അതോറിറ്റികൾക്കും അതോറിറ്റിയുടെ അംഗങ്ങളും അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റ് ആളുകളും ഉൾപ്പെടുന്ന കമ്മിറ്റികളെ നിയമിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

28. അതോറിറ്റിയിലെ അംഗത്വം സംബന്ധിച്ചുള്ള വ്യവസ്ഥകൾ.—(1) ഈ ആക്റ്റിൽ മറ്റൊരു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം ഏതെങ്കിലും അതോറിറ്റിയിലോ അല്ലെങ്കിൽ സർവ്വകലാശാല നികായത്തിലോ എക്സ്-ഒഫീഷ്യോ അംഗങ്ങൾ അല്ലാതെയുള്ള തിരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്തതോ ആയ അംഗങ്ങൾക്കിടയിൽ, അതതുസംഗതിപോലെ, ആ സ്ഥാനത്ത് വരുന്ന ഏതൊരു യാദൃശ്ചിക ഒഴിവും എത്രയും പെട്ടെന്ന് നികത്തേണ്ടതും അങ്ങനെയുള്ള യാദൃശ്ചിക ഒഴിവിലേക്ക് നാമനിർദ്ദേശം ചെയ്യുകയോ തിരഞ്ഞെടുക്കപ്പെടുകയോ ചെയ്യുന്ന ആൾ ആരുടെ സ്ഥാനത്തുള്ള ഒഴിവാണോ നികത്തുന്നത് അയാൾ അംഗമായിരിക്കുന്ന ശേഷിക്കുന്ന കാലത്തേക്ക് അത്തരം അതോറിറ്റിയിലോ നികായത്തിലോ അംഗമായിരിക്കുന്നതാണ്.

(2) സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന്, ഏതൊരാളേയും സാന്മാർഗ്ഗിക അധഃപതനം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഏതൊരു അതോറിറ്റിയുടെയോ നികായത്തിന്റെയോ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ അയാൾക്ക് പറയാനുള്ളത് പറയാൻ ഒരവസരം നൽകാതെ യാതൊരാളിനുമെതിരെ നീക്കം ചെയ്യാനുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) മറ്റൊരു നികായത്തിലെ പ്രതിനിധിയായി സർവ്വകലാശാല ഗവേണിംഗ് കൗൺസിലിൽ ഉള്ളതൊഴികെ സർവ്വകലാശാലയിലെ ഏതെങ്കിലും അതോറിറ്റിയിൽ അംഗമായ ഏതൊരാളും സർവ്വകലാശാലയിലേയൊ അല്ലെങ്കിൽ അയാൾ ഏതു നികായത്തിൽ നിന്നാണോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ തിരഞ്ഞെടുക്കപ്പെടുകയോ ചെയ്യുന്നത് ആ നികായത്തിൽ അംഗമായിരിക്കുന്നിടത്തോളമോ അഥവാ അയാളുടെ പിൻതുടർച്ചക്കാരനായി നാമനിർദ്ദേശം ചെയ്യുകയൊ തിരഞ്ഞെടുക്കുകയൊ ചെയ്യുന്നതു വരെ മാത്രം അതോറിറ്റിയിലെ അയാളുടെ അംഗത്വം നിലനിർത്തേണ്ടതാണ്.

(4) ഏതൊരാളും നാമനിർദ്ദേശം ചെയ്യപ്പെട്ടതോ തിരഞ്ഞെടുക്കപ്പെട്ടതോ അല്ലെങ്കിൽ സർവ്വകലാശാലയുടെ ഏതെങ്കിലും അതോറിറ്റിയിൽ അംഗമാകാൻ യോഗ്യതയുള്ളതോ ആയ സംഗതിയിന്മേൽ തർക്കം ഉണ്ടാകുകയാണെങ്കിൽ, ആ തർക്കം ചാൻസലർക്ക് പരിഗണനയ്ക്കായി അയയ്ക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

29. <u>സാധുതയുടെ സംരക്ഷണം.</u>—(1) അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെയൊ നികായത്തിന്റെയോ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയുണ്ടായി എന്ന കാരണത്താലോ അതിന്റെ അംഗങ്ങൾക്കിടയിൽ ഒഴിവൊ ഒഴിവുകളോ നിലനിൽക്കുന്നതിനാലോ നടപടിക്രമങ്ങളിൽ പങ്കെടുത്ത ഒരു വ്യക്തിക്ക് പിന്നീട് അങ്ങനെ ചെയ്യുന്നതിന് അവകാശമുണ്ടായിരുന്നില്ലെന്ന് കണ്ടെത്തുകയോ ചെയ്തു എന്ന കാരണത്താലോ മാത്രം ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ അല്ലെങ്കിൽ സർവ്വകലാശാലയുടെ മറ്റു നികായത്തിന്റെയോ പ്രവർത്തിയോ നടപടി ക്രമങ്ങളോ അസാധുവായിത്തീരുന്നില്ല.

(2) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തൊഴികെ ഉത്തമ വിശ്വാസത്തിൽ സർവ്വകലാശാലയോ ഏതൊരു അധികാരസ്ഥാനമോ സർവ്വകലാശാലയുടെ ഒരു നികായമോ ചെയ്ത എല്ലാ പ്രവർത്തികളും പാസ്സാക്കിയ ഉത്തരവുകളും അന്തിമമായിരിക്കുന്നതും, ഈ ആക്റ്റിനോ അതിൻകീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകൾക്കോ, ഓർഡിനൻസുകൾക്കോ റഗുലേഷനുകൾക്കോ അനുസൃതമായി ചെയ്തതോ ചെയ്തതായി കരുതുന്നതോ ആയ ഏതൊന്നിനും സർവ്വകലാശാലയ്ക്ക് അങ്ങനെയുള്ള അധികാര സ്ഥാനത്തിനോ നികായത്തിനോ എതിരായി യാതൊരു വ്യവഹാരവും നൽകാനോ നഷ്ടപരിഹാരം അവകാശപ്പെടാനോ പാടുള്ളതല്ല.

(3) ഈ ആക്റ്റിന്റേയോ അതിൻകീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളുടേയോ, ഓർഡിനൻസുകളുടേയോ, റഗുലേഷനുകളുടെയൊ അല്ലെങ്കിൽ ചെയ്തതായി കരുതപ്പെടുന്നതും ആയ ഏതെങ്കിലും പ്രവൃത്തികൾക്ക് സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ മുൻകൂർ അനുമതി ഇല്ലാതെ സർവ്വകലാശാലയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരവും പ്രോസിക്യൂഷനും അല്ലെങ്കിൽ മറ്റു നിയമനടപടികളും നിലനിൽക്കുന്നതല്ല.

(4) ആക്റ്റ് മുഖേനയോ, അതിൻകീഴിൽ നൽകിയ ചുമതലകൾ നിർവ്വഹിക്കുന്നതിനിടയിലോ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനിടയിലോ ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സർവ്വകലാശാലയുടെ ഏതൊരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മറ്റ് ജീവനക്കാരനോ അങ്ങനെയുള്ള ഏതൊരു പ്രവൃത്തിയേയും സംബന്ധിച്ച് സിവിലോ ക്രിമിനലോ ആയ നടപടികൾക്ക് വിധേയനാകുന്നതല്ല.

## അദ്ധ്യായം VI

## ഉദ്യോഗസ്ഥർ

30. സർവ്വകലാശാലയുടെ ഉദ്യോഗസ്ഥർ.—താഴെപ്പറയുന്ന ഉദ്യോഗസ്ഥർ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരായിരിക്കുന്നതാണ്, അതായത് :—

(i) ചാൻസലർ ;

(ii) പ്രോ-ചാൻസലർ ;

(iii) വൈസ്-ചാൻസലർ ;

(iv) പ്രോ-വൈസ്-ചാൻസലർ ;

(v) ഡീൻ ;

(vi) രജിസ്ട്രാർ ;

(vii) ഫൈനാൻസ് ആഫീസർ ;

(viii) സർവ്വകലാശാല എഞ്ചിനീയർ ;

(ix) ലൈബ്രേറിയൻ ;

(x) റിസർച്ച് ഡയറക്ടർ ;

(xi) എക്സ്റ്റൻഷൻ ഡയറക്ടർ ;

(xii) പരീക്ഷാ കൺട്രോളർ ;

(xiii) സ്കൂൾ ഡയറക്ടർ ;

(xiv) വകുപ്പ് മേധാവികൾ

സ്റ്റാറ്റ്യൂട്ടുകളിൽ വിനിർദ്ദേശിച്ചേക്കാവുന്ന സർവ്വകലാശാലയുടെ സേവനത്തിലുള്ള അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥർ.

31. ചാൻസലർ.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലർ, സർവ്വകലാശാലയുടെ തലവനായിരിക്കുന്നതും, സന്നിഹിതനായിരിക്കുമ്പോൾ യൂണിവേഴ്സിറ്റി ഗവേണിംഗ് കൗൺസിൽ യോഗങ്ങളിലും ബിരുദദാന സമ്മേളനത്തിലും അദ്ധ്യക്ഷം വഹിക്കുന്നതുമായിരിക്കും.

(3) ചാൻസലറുടെ അംഗീകാരമില്ലാതെ യാതൊരാൾക്കും സർവ്വകലാശാല ഹോണററി ബിരുദമോ, ഹോണററി പദവികളോ നൽകുവാൻ പാടുള്ളതല്ല.

(4) ചാൻസലർ, ഈ ആക്ട് പ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമോ, അവയ്ക്കു കീഴിൽ നൽകപ്പെട്ടതോ നിക്ഷിപ്തമായതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

32. പ്രോ-ചാൻസലർ.—(1) സംസ്ഥാന മത്സ്യബന്ധന വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ, അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത അവസരത്തിലോ പ്രോ-ചാൻസലർ സർവ്വകലാശാലയുടെ ബിരുദദാന സമ്മേളനങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുന്നതുൾപ്പെടെ ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

(3) പ്രോ-ചാൻസലർ, ചാൻസലർ രേഖാമൂലമുള്ള ഉത്തരവിലൂടെ പ്രോ-ചാൻസലർക്ക് ഏൽപ്പിച്ചുകൊടുക്കുന്ന ചാൻസലറുടെ അങ്ങനെയുള്ള അധികാരങ്ങൾകൂടി വിനിയോഗിക്കേണ്ടതും എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതും അപ്രകാരമുള്ള ഏൽപ്പിച്ചുകൊടുക്കൽ അങ്ങനെയുള്ള പരിമിതികൾക്കും വ്യവസ്ഥകൾക്കും വിധേയമാകുന്നതാണ് എന്ന് അപ്രകാരമുള്ള ഉത്തരവിൽ വിനിർദ്ദേശിക്കാവുന്നതുമാണ്.

33. വൈസ്-ചാൻസലർ.—(1) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്.

(2) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഡയറക്ടർ ജനറൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി എന്നിവർ അടങ്ങിയ സെലക്ഷൻ കമ്മിറ്റിയുടെ ഉപദേശമനുസരിച്ചാണ്, ചാൻസലർ വൈസ്-ചാൻസലറെ നിയമിക്കേണ്ടത് :

എന്നാൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ആൾ ആ കൗൺസിലിലെ അംഗങ്ങളിൽ നിന്നുള്ള ഒരാളോ സർവ്വകലാശാലയിലെ ജീവനക്കാരനോ ആകാൻ പാടില്ല :

എന്നാൽ സെലക്ഷൻ കമ്മിറ്റി ഐകകണ്ഠ്യേന മൂന്നുപേരിൽ കവിയാതെ ഒരു പാനൽ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ് :

എന്നിരുന്നാലും സെലക്ഷൻ കമ്മിറ്റി നൽകുന്നത് ഐകകണ്ഠ്യേനയുള്ള ഉപദേശമല്ലായെങ്കിൽ ചാൻസലർക്ക് അതിന്റെ ഭൂരിപക്ഷം അംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്.

(3) ഫിഷറീസിന്റെയോ, സമുദ്ര പഠനങ്ങളുടെയോ മേഖലയിൽ, വിദഗ്ദ്ധനും പേരുകേട്ടതും ദീർഘകാല പരിചയവുമുള്ള ആളായിരിക്കണം വൈസ്-ചാൻസലർ.

(4) സെലക്ഷൻ കമ്മിറ്റി അതിന് അനുയോജ്യമെന്ന് കരുതുന്ന വ്യക്തികളും നികായങ്ങളുമായി കൂടിയാലോചിച്ച് പരിഗണിക്കുവാൻ സാദ്ധ്യതയുള്ള മത്സരാർത്ഥികളുടെ പേരുകൾ ലഭിക്കുന്നതിനുവേണ്ടി അതിന്റേതായ നടപടിക്രമം ഉണ്ടാക്കേണ്ടതാണ്.

(5) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യ വൈസ്-ചാൻസലറെ അഞ്ച് വർഷത്തിൽകൂടാതെയുള്ള ഒരു കാലാവധിയിലേക്ക് അപ്രകാരമുള്ള വ്യവസ്ഥകളിന്മേലും ഉപാധികളിന്മേലും സർക്കാർ നിയമിക്കേണ്ടതാണ്.

(6) വൈസ്-ചാൻസലറുടെ കാലാവധി അഞ്ച് വർഷമോ അല്ലെങ്കിൽ അദ്ദേഹത്തിന് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുകയോ ചെയ്യുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കുന്നതാണ്. എന്നാൽ പുനർനിയമനത്തിന് അർഹനായിരിക്കുന്നതാണ്.

(7) വൈസ്-ചാൻസലറുടെ പ്രതിഫലവും മറ്റു സേവന-വേതന വ്യവസ്ഥകളും നിർണ്ണയിക്കപ്പെട്ട രീതിയിലായിരിക്കുന്നതാണ്.

(8) രേഖാമൂലം ചാൻസലറെ അറിയിച്ചുകൊണ്ട് വൈസ്-ചാൻസലർക്ക് തന്റെ പദവിയിൽനിന്ന് രാജിവച്ച് ഒഴിയാവുന്നതുമാണ്.

(9) വൈസ്-ചാൻസലർ, തന്റെ ഔദ്യോഗിക പദവിയിൽനിന്നും വിടുതൽ ചെയ്യാൻ ആഗ്രഹിക്കുന്ന തീയതിയിൽനിന്നും കുറഞ്ഞത് അറുപത് ദിവസം മുൻപെങ്കിലും, സാധാരണഗതിയിൽ വൈസ് ചാൻസലർക്ക് രാജി എത്തിക്കേണ്ടതാണെങ്കിലും ചാൻസലർക്ക് അദ്ദേഹത്തെ നേരത്തെതന്നെ വിടുതൽ ചെയ്യാവുന്നതാണ്.

(10) വിടുതൽ ചെയ്യുന്ന ദിവസംമുതൽ വൈസ് ചാൻസലറുടെ രാജി പ്രാബല്യത്തിൽ വരുന്നതാണ്.

(11) വൈസ്-ചാൻസലർ സ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുകയോ വൈസ്-ചാൻസലർക്ക് അസുഖമായ കാരണത്താലോ അദ്ദേഹത്തിന്റെ അഭാവത്താലോ അല്ലെങ്കിൽ വേറെ എന്തെങ്കിലും കാരണത്താലോ അദ്ദേഹത്തിന്റെ അധികാരം ഉപയോഗിക്കാനും പദവിയുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ നിറവേറ്റാനും സാധ്യമല്ലാതാകുകയോ ചെയ്യുമ്പോൾ, പ്രോ-വൈസ് ചാൻസലറുമായി കൂടിയാലോചിച്ച്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ഒരു വൈസ് ചാൻസലറെ നിയമിക്കുന്നതുവരെ വൈസ്-ചാൻസലറുടെ അധികാരം വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും, ആവശ്യമായ ക്രമീകരണങ്ങൾ ചാൻസലർ ഉണ്ടാക്കേണ്ടതാണ്.

(12) രാജിവയ്ക്കുന്നതുമുഖേനയോ അല്ലാതെയോ വൈസ്-ചാൻസലറുടെ തസ്തിക സ്ഥിരമായി ഒഴിയുകയാണെങ്കിൽ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ആ ഒഴിവ് നികത്തേണ്ടതും അങ്ങനെ നിയമിക്കപ്പെടുന്ന വൈസ്-ചാൻസലർ മുഴുവൻ കാലാവധിയായ അഞ്ചുവർഷവും സ്ഥാനം വഹിക്കേണ്ടതുമാണ്.

34. <u>വൈസ്-ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—(1) വൈസ്-ചാൻസലർ സർവ്വകലാശാലയുടെ മുഖ്യ ഭരണനിർവ്വാഹകനും, അക്കാഡമിക് ഓഫീസറും, സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെയും, അക്കാഡമിക് കൗൺസിലിന്റെയും, എക്സ്-ഒഫീഷ്യോ ചെയർമാനും ആയിരിക്കുന്നതും ചാൻസലറുടെയും പ്രോ-ചാൻസലറുടെയും അഭാവത്തിൽ സർവ്വകലാശാല ബിരുദദാന ചടങ്ങുകൾക്ക്, ആദ്ധ്യക്ഷം വഹിക്കേണ്ടതും ബിരുദം സ്വീകരിക്കുവാൻ അവകാശമുള്ള വ്യക്തികൾക്ക് അത് നൽകേണ്ടതുമാണ്.

(2) സർവ്വകലാശാലയുടെ കാര്യങ്ങളിൽ വൈസ് ചാൻസലർ പൊതുവായ നിയന്ത്രണം ഏർപ്പെടുത്തേണ്ടതും സർവ്വകലാശാലയിൽ അച്ചടക്കം യഥാവിധി നിലനിർത്തുന്നതിന് അദ്ദേഹത്തിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതുമാണ്.

(3) വൈസ് ചാൻസലർ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെയും അക്കാഡമിക് കൗൺസിലിന്റെയും മീറ്റിംഗുകൾ വിളിച്ചുകൂട്ടേണ്ടതാണ്.

(4) ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലെയും, റെഗുലേഷനുകളിലെയും വ്യവസ്ഥകൾ ശരിയായി പാലിക്കുന്നുണ്ടോ എന്ന് വൈസ് ചാൻസലർ ഉറപ്പുവരുത്തേണ്ടതും ആയതിലേക്ക് അദ്ദേഹത്തിന് ആവശ്യമുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതുമാണ്.

(5) സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ബഡ്ജറ്റ് എസ്റ്റിമേറ്റും കണക്കുകളുടെ സ്റ്റേറ്റ്മെന്റും ബാലൻസ് ഷീറ്റും നൽകുന്നതിന് വൈസ് ചാൻസലർ ഉത്തരവാദിയായിരിക്കുന്നതാണ്.

(6) വൈസ് ചാൻസലർക്ക് താൻ സത്വര നടപടി എടുക്കേണ്ടതായ ഏതെങ്കിലും അടിയന്തിര സാഹചര്യം സംജാതമായിട്ടുണ്ടെന്ന് അഭിപ്രായമുള്ളപക്ഷം അദ്ദേഹത്തിന് ഏതൊരു നടപടിയും എടുക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ അപ്രകാരമെടുത്ത നടപടി, ആ വിഷയം സാധാരണയായി കൈകാര്യം ചെയ്യുന്ന അധികാരസ്ഥാനത്തിനോ നികായത്തിനോ ഉദ്യോഗസ്ഥനോ എത്രയും പെട്ടെന്ന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(7) (6)-ാം ഉപവകുപ്പിൻകീഴിൽ വൈസ് ചാൻസലർ എടുത്ത ഏതെങ്കിലും നടപടി സർവ്വകലാശാലയുടെ സേവനത്തിലുള്ള ഏതെങ്കിലും വ്യക്തിയെ ദോഷകരമായി ബാധിക്കുന്നപക്ഷം അങ്ങനെയുള്ള വ്യക്തിക്ക് അപ്രകാരമുള്ള നോട്ടീസ് കൈപ്പറ്റി മുപ്പത് ദിവസത്തിനകം എടുത്ത നടപടി സംബന്ധിച്ച് സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(8) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടേയും അദ്ധ്യാപകരുടേയും മറ്റ് ജീവനക്കാരുടേയും നിയമനം, സസ്പെൻഷൻ, നീക്കം ചെയ്യൽ എന്നിവ സംബന്ധിച്ച് സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ ഉത്തരവുകൾക്ക് വൈസ് ചാൻസലർ പ്രാബല്യം നൽകേണ്ടതാണ്.

(9) സർവ്വകലാശാലയുടെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിദേശ രാജ്യങ്ങളിലും സംസ്ഥാനത്തിന് പുറത്തും ഉദ്യോഗസ്ഥർക്ക് യാത്ര ചെയ്യുന്നതിനുള്ള അനുവാദം ഗവേണിംഗ് കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് പ്രൊവിഷന് വിധേയമായി അനുവദിക്കാവുന്നതാണ്.

(10) സർവ്വകലാശാലയുടെ യഥോചിതമായ ഭരണനിർവ്വഹണത്തിനും അദ്ധ്യയനം, ഗവേഷണം, വിദൂര വിദ്യാഭ്യാസം എന്നിവയുടെ പൂർണ്ണമായ ഏകോപനത്തിനും സംയോജനത്തിനും വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിനും വൈസ് ചാൻസലർക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്.

(11) സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ ഔപചാരികമായ സാധൂകരണത്തിന് വിധേയമായി, വൈസ് ചാൻസലർക്ക് സർവ്വകലാശാലയുടെ അദ്ധ്യാപകരേയും

മറ്റ് ജീവനക്കാരേയും സസ്പെന്റ് ചെയ്യുന്നതിനും അവർക്കെതിരെ അച്ചടക്ക നടപടി എടുക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(12) വിദ്യാർത്ഥികളുടെ താമസത്തിലും അച്ചടക്കത്തിന്മേലുള്ള മേൽനോട്ടവും നിയന്ത്രണവും വൈസ് ചാൻസലർ നിർവ്വഹിക്കേണ്ടതാണ്.

(13) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പരീക്ഷാ നടത്തിപ്പുകാരേയും ചോദ്യ പേപ്പർ തയ്യാറാക്കുന്നവരേയും ബോർഡ് ഓഫ് എക്സാമിനേഷൻസ് അംഗീകരിച്ച ഒരു പാനലിൽ നിന്നും നിയോഗിക്കേണ്ടതാണ്.

(14) സർവ്വകലാശാല പരീക്ഷകളുടെ പരിശോധനയ്ക്കായി വൈസ്-ചാൻസലർ ഒരു വിജിലൻസ് സ്ക്വാഡ് രൂപീകരിക്കേണ്ടതാണ്.

(15) സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വൈസ് ചാൻസലർ വിനിയോഗിക്കേണ്ടതാണ്.

35. പ്രോ-വൈസ് ചാൻസലർ.—(1) ചാൻസലർ, വൈസ് ചാൻസലറുമായി കൂടിയാലോചിച്ച് മത്സ്യബന്ധനത്തിന്റെയോ സമുദ്രപഠനങ്ങളുടെയോ മേഖലയിൽ ശ്രേഷ്ഠനായ ഒരു വ്യക്തിയെ സർവ്വകലാശാലയുടെ പ്രോ-വൈസ് ചാൻസലറായി നിയമിക്കേണ്ടതാണ്.

(2) പ്രോ-വൈസ് ചാൻസലറുടെ കാലാവധി അഞ്ചുവർഷമോ അല്ലെങ്കിൽ അദ്ദേഹത്തിന് അറുപത് വയസ്സ് തികയുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത്, അതുവരെയായിരിക്കുന്നതാണ്. എന്നാൽ, തുടർച്ചയായി രണ്ട് കാലാവധിയിൽ കൂടുതൽ ഒരാളെ പ്രൊ-വൈസ് ചാൻസലറായി നിയമിക്കുവാൻ പാടില്ലാത്തതാകുന്നു.

(3) പ്രോ-വൈസ് ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും ശമ്പളവും ബത്തകളുമുൾപ്പെടുന്ന അദ്ദേഹത്തിന്റെ സേവനത്തിന്റെ വ്യവസ്ഥകൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതുമാണ്.

(4) പ്രോ-വൈസ് ചാൻസലറുടെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞുകിടക്കുകയോ അല്ലെങ്കിൽ അസുഖമോ അഭാവമോ മറ്റേതെങ്കിലും കാരണത്താലോ പ്രോ-വൈസ് ചാൻസലർക്ക് തന്റെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കാൻ കഴിയാതിരിക്കുകയോ ചെയ്യുമ്പോൾ, ചാൻസലർക്ക്, വൈസ് ചാൻസലറുടെ ശുപാർശയിൻമേൽ, പ്രോ-വൈസ് ചാൻസലർ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്നതുവരെയോ അല്ലെങ്കിൽ യഥാവിധി നിയമിക്കപ്പെട്ട പുതിയ പ്രോ-വൈസ് ചാൻസലർ സ്ഥാനമേൽക്കുന്നതുവരെയോ, അതതു സംഗതിപോലെ, പ്രോ-വൈസ് ചാൻസലറുടെ കർത്തവ്യങ്ങൾ നിറവേറ്റുന്നതിനായി അനുയോജ്യനായ ഒരാളെ നിയമിക്കാവുന്നതാണ്.

(5) 1-ാം ഉപഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യ പ്രോ-വൈസ് ചാൻസലറെ 5 വർഷത്തിൽ കൂടാതെയുള്ള കാലാവധിയിലേക്ക് അപ്രകാരമുള്ള വ്യവസ്ഥകളിന്മേലും ഉപാധികളിന്മേലും സർക്കാർ നിയമിക്കേണ്ടതാണ്.

36. ഡീൻ.—(1) പ്രൊഫസർ പദവിയിൽ താഴെയല്ലാത്തതും സ്റ്റാറ്റ്യൂട്ടിൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകളും അദ്ധ്യാപന പരിചയവുമുള്ള ഒരാളെ ഫാക്കൽറ്റിയുടെ ഡീനായി നിയോഗിക്കാവുന്നതാണ്.

(2) ഡീൻ സർവ്വകലാശാലയുടെ അക്കാദമിക് ഉദ്യോഗസ്ഥനായിരിക്കും.

(3) അക്കാദമിക് പുരോഗതി നേടിയെടുക്കുന്നതിനും അദ്ധ്യാപനത്തിന്റെ നിലവാരം കാത്തുസൂക്ഷിക്കുന്നതിനും അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും അക്കാദമിക് കൗൺസിൽ അംഗീകരിച്ച അക്കാദമിക നയങ്ങൾ നടപ്പിലാക്കുന്നതിനും ഡീൻ ഉത്തര വാദിയാണ്.

(4) ഓരോ ഫാക്കൽറ്റിയുടേയും ഡീനിനെ ഫാക്കൽറ്റി മെമ്പർമാരിൽനിന്ന് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്നതാണ്.

(5) വൈസ് ചാൻസലറുമായി ആലോചിച്ച് ആവശ്യംവരുന്ന മുറയ്ക്ക് ഫാക്കൽറ്റീ മീറ്റിംഗുകൾ വിളിച്ചുകൂട്ടേണ്ടതും അങ്ങനെയുള്ള മീറ്റിംഗുകളിൽ അദ്ധ്യക്ഷം വഹിക്കേണ്ടതും ഡീനിന്റെ ചുമതലയായിരിക്കുന്നതാണ്.

(6) ഫാക്കൽറ്റിയുടെ നയങ്ങളും വികസന പരിപാടികളും രൂപകൽപ്പന ചെയ്യേണ്ടതും ബന്ധപ്പെട്ട അധികാരികളുടെ പരിഗണനയ്ക്കായി അവ സമർപ്പി ക്കേണ്ടതും ഡീനിന്റെ ചുമതലയായിരിക്കുന്നതാണ്.

(7) സെനറ്റ്, ഗവേണിംഗ് കൗൺസിൽ, അക്കാദമിക് കൗൺസിൽ എന്നിവയുടെ ഫാക്കൽറ്റിയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ നടപ്പാക്കൽ, ഫാക്കൽറ്റിയുടെ അക്കാദമിക വികസനം എന്നിവ ഡീനിന്റെ ഉത്തരവാദിത്വമായിരിക്കുന്നതാണ്.

(8) വൈസ്-ചാൻസലറുടെ നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി എൻറോൾമെന്റ്, യോഗ്യത, മൈഗ്രേഷൻ, സ്കോളർഷിപ്പ്, സ്റ്റുഡന്റ്സ് ഷിപ്പ് അല്ലെങ്കിൽ ഫ്രീ ഷിപ്പ്, കാലാവധി നീട്ടിക്കൊടുക്കൽ, യൂണിവേഴ്സിറ്റി പരീക്ഷയ്ക്ക് പ്രവേശനം എന്നീ കാര്യങ്ങളിൽ വിദ്യാർത്ഥികളുടെ പരാതികളിൽ തീരുമാനമെടുക്കേണ്ടതും ഡീനിന്റെ ചുമതലയായിരിക്കുന്നതാണ്.

(9) ബന്ധപ്പെട്ട ഫാക്കൽറ്റികളുടെ അക്കാദമിക് പരിപാടികളുമായി ഉണ്ടായ ക്രമവിരുദ്ധമായ കാര്യങ്ങളെ സംബന്ധിച്ച് യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനമോ അന്വേഷണം നടത്തി അവരുടെ കണ്ടെത്തലുകൾ അക്കാദമിക് കൗൺസിലിന് റിപ്പോർട്ടുചെയ്താൽ അക്കാദമിക് കൗൺസിൽ നിർദ്ദേശിച്ച പ്രകാരം അക്കാര്യത്തിൽ തുടർ അന്വേഷണം നടത്താൻ ഡീനിന് അധികാരമുണ്ടായിരി ക്കുന്നതാണ്.

(10) അതാത് ഫാക്കൽറ്റികളുമായി ബന്ധപ്പെട്ട ഡീനിന് ഫെലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, മറ്റംഗീകാരങ്ങൾ എന്നിവയ്ക്കായി നിർദ്ദേശങ്ങൾ തയ്യാറാക്കാവു ന്നതും ആയത് അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാവു ന്നതുമാണ്.

37. രജിസ്ട്രാർ.—(1) രജിസ്ട്രാർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കേണ്ടതും അയാളെ സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിൽ, സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിയമിക്കേണ്ടതുമാകുന്നു.

(2) രജിസ്ട്രാർക്ക് ലഭിക്കേണ്ടുന്ന ശമ്പളവും ബത്തകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(3) സർവ്വകലാശാലയുടെ രേഖകളും പൊതുമുദ്രയും ശരിയായി സൂക്ഷിക്കുന്നത് രജിസ്ട്രാറുടെ ചുമതലയായിരിക്കുന്നതാണ്.

(4) രജിസ്ട്രാർ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെയും അക്കാദമിക് കൗൺസിലിന്റെയും എക്സ് ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതും അതിന്റെ ബിസിനസ്സ് ഇടപാടുകൾക്ക് ആവശ്യമായേക്കാവുന്ന അത്തരത്തിലുള്ള എല്ലാ വിവരങ്ങളും അപ്രകാരമുള്ള ഓരോ അധികാരസ്ഥാനത്തിന് മുമ്പാകെയും വയ്ക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(5) രജിസ്ട്രാർ, സർവ്വകലാശാലയിലേക്കുള്ള പ്രവേശനത്തിനുള്ള അപേക്ഷകൾ സ്വീകരിക്കേണ്ടതും എല്ലാ കോഴ്സുകളുടേയും പാഠ്യപദ്ധതികളുടേയും രേഖകളും അക്കാഡമിക് കൗൺസിലിന് ആവശ്യമാണെന്ന് കരുതാവുന്ന മറ്റ് വിവരങ്ങളും സ്ഥിരമായി സൂക്ഷിക്കേണ്ടതാണ്.

(6) വിദ്യാർത്ഥികൾ ചെയ്ത കോഴ്സുകൾ, ലഭിച്ച ഗ്രേഡുകൾ, നൽകപ്പെട്ട ബിരുദങ്ങൾ, നേടിയ സമ്മാനങ്ങൾ അല്ലെങ്കിൽ മറ്റു ഡിസ്റ്റിംഗ്ഷനുകൾ ഇവ വിദ്യാർത്ഥികളുടെ അക്കാഡമിക് നിലവാരത്തിന് പ്രസക്തമായ മറ്റേതെങ്കിലും ഇനങ്ങളും ഉൾപ്പെടുത്തി സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ അക്കാഡമിക് നിലവാരത്തിന്റെ ഒരു സ്ഥിരമായ റെക്കോർഡ് സൂക്ഷിക്കുവാൻ രജിസ്ട്രാർ ഉത്തരവാദിയായിരിക്കുന്നതാണ്.

(7) രജിസ്ട്രാർ, വൈസ് ചാൻസലറോ സർവ്വകലാശാല ഗവേണിംഗ് കൗൺസിലോ നിർണ്ണയിക്കാവുന്നതോ അല്ലെങ്കിൽ ഏൽപ്പിച്ചുകൊടുക്കാവുന്നതോ ആയ അപ്രകാരമുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

(8) രജിസ്ട്രാർക്ക്, സർവ്വകലാശാല പരീക്ഷകളുടേയും അതിന്റെ ഫലപ്രഖ്യാപനത്തിന്റെയും സമഗ്രമായ മേൽനോട്ടത്തിനുള്ള ചുമതല ഉണ്ടായിരിക്കുന്നതാണ്.

(9) 1-ാം ഉപഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യ രജിസ്ട്രാറെ 5 വർഷത്തിൽ കൂടാതെയുള്ള കാലാവധിയിലേക്ക് അപ്രകാരമുള്ള വ്യവസ്ഥകളിന്മേലും ഉപാധികളിന്മേലും സർക്കാർ നിയമിക്കേണ്ടതാണ്.

38. ഫൈനാൻസ് ഓഫീസർ.—(1) ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ അതിന് യുക്തമെന്ന് കരുതുന്ന അപ്രകാരമുള്ള കാലയളവിലേക്കും വ്യവസ്ഥകളിലും നിയമിക്കേണ്ടതുമാണ്.

(2) ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ഫണ്ടുകളും നിക്ഷേപങ്ങളും മാനേജ് ചെയ്യേണ്ടതും അതിന്റെ ധനകാര്യ നയം സംബന്ധിച്ച ഉപദേശം നൽകേണ്ടതുമാണ്.

(3) ബഡ്ജറ്റും സർവ്വകലാശാലയുടെ കണക്കുകളുടെ സ്റ്റേറ്റ്മെന്റും തയ്യാറാക്കുന്നതിന് ഫൈനാൻസ് ഓഫീസർ വൈസ് ചാൻസലറോട് ഉത്തരവാദിയായിരിക്കുന്നതാണ്.

(4) ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ലാത്ത ഒരു ചെലവും സർവ്വകലാശാല വരുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിനും, ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെയും ഓർഡിനൻസിന്റെയും വ്യവസ്ഥകൾ ലംഘിക്കുന്നതായ അല്ലെങ്കിൽ ഓർഡിനൻസുകളിലോ സ്റ്റാറ്റ്യൂട്ടുകളിലോ അതിന് വ്യവസ്ഥ വേണ്ടിവരുന്നതും എന്നാൽ സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ മുഖേന ഉണ്ടാക്കിയിട്ടില്ലാത്തതുമായ, ഏത് ചെലവും അനുവദിക്കാതിരിക്കുന്നതിനും ഫൈനാൻസ് ഓഫീസർ വൈസ് ചാൻസലറോട് ഉത്തരവാദിയായിരിക്കുന്നതാണ്.

(5) പുതിയ കർമ്മ പരിപാടികൾ ത്വരിതപ്പെടുത്തുന്നതിന്റെ താൽപ്പര്യാർത്ഥമോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താലോ അപ്രകാരമുള്ള പുനഃപരിശോധന ആവശ്യമായി വരുമ്പോഴോ, ബഡ്ജറ്റിന്റെ അംഗീകാരം ത്വരിതപ്പെടുത്തുന്നതിനും ബഡ്ജറ്റിന്റെ പുനഃപരിശോധനയ്ക്കും ഫൈനാൻസ് ഓഫീസർ ഉത്തരവാദിയായിരിക്കുന്നതാണ്.

39. സർവ്വകലാശാല എഞ്ചിനീയർ.—(1) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ, സ്റ്റാറ്റ്യൂട്ടുകൾപ്രകാരം സർവ്വകലാശാല എഞ്ചിനീയറെ നിയമിക്കേണ്ടതാണ്.

(2) സർവ്വകാലശാല എഞ്ചിനീയറുടെ ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(3) സർവ്വകലാശാല എഞ്ചിനീയർ, സർവ്വകലാശാലയുടെ എല്ലാ വസ്തുവകകളുടെയും പൊതു സൂക്ഷിപ്പുകാരനായിരിക്കുന്നതും താഴെ പറയുന്ന കർത്തവ്യങ്ങളുണ്ടായിരിക്കുന്നതുമാണ്, അതായത് :—

(എ) സർവ്വകലാശാലയുടെ കെട്ടിടങ്ങളുടേയും മറ്റ് നിർമ്മിതികളുടേയും നിർമ്മാണത്തിനും പരിപാലനത്തിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ;

(ബി) സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കാവശ്യമായ യന്ത്രസാമഗ്രികളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനും പരിപാലിക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ;

(സി) സർവ്വകലാശാല ക്യാംപസിന്റെ പുൽത്തകിടികളും സ്ഥലങ്ങളും പൂന്തോട്ടങ്ങളും പരിപാലിക്കുന്നതിനും ;

(ഡി) വൈസ് ചാൻസലർ ഏൽപ്പിക്കാവുന്ന അപ്രകാരമുള്ള മറ്റ് കർത്തവ്യങ്ങൾ പാലിക്കുന്നതിനും.

(4) സർവ്വകലാശാല എഞ്ചിനീയർ, അയാളുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ, സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ഉത്തരവാദിയായിരിക്കുന്നതാണ്.

40. ലൈബ്രേറിയൻ.—(1) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ ലൈബ്രേറിയനെ സ്റ്റാറ്റ്യൂട്ടുകൾപ്രകാരം നിയമിക്കേണ്ടതും അയാൾ ബുക്കുകളും ജേർണലുകളും വാങ്ങുന്നതിനും കാറ്റലോഗ് ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും നൽകുന്നതിനും തിരികെ വാങ്ങുന്നതിനും ഡിജിറ്റൽ സമ്പ്രദായം ഉൾപ്പെടെ ലൈബ്രറി സംബന്ധമായ മറ്റെല്ലാ കാര്യങ്ങൾക്കും സർവ്വകലാശാല ഗവേണിംഗ് കൗൺസിലിനോട് ഉത്തരവാദിയായിരിക്കുന്നതുമാണ്.

(2) ലൈബ്രേറിയന്റെ ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

41. പരീക്ഷാ കൺട്രോളർ.—(1) സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള ആവശ്യത്തിലേക്കായി രൂപീകരിക്കപ്പെട്ട ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയിൻമേൽ, വൈസ്-ചാൻസലർ പരീക്ഷാ കൺട്രോളറെ നിയമിക്കേണ്ടതാണ്. പരീക്ഷാ കൺട്രോളർ, സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻസമയ ഉദ്യോഗ

സ്ഥനായിരിക്കേണ്ടതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള നിയന്ത്രണത്തിനുകീഴിൽ ജോലി ചെയ്യേണ്ടതുമാണ്.

(2) പരീക്ഷാകൺട്രോളറുടെ നിയമന കാലാവധി അഞ്ചു വർഷം ആയിരിക്കു ന്നതും അദ്ദേഹം പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.

(3) പരീക്ഷാകൺട്രോളർ ആയി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തിപരിചയവും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ട പ്രകാരമായിരി ക്കേണ്ടതാണ്.

(4) പരീക്ഷാകൺട്രോളർ, സർവ്വകലാശാലയുടെ പരീക്ഷകളുടേയും ടെസ്റ്റുകളു ടേയും നടത്തിപ്പിന്റേയും അവയുടെ ഫലപ്രഖ്യാപനത്തിന്റേയും ചാർജ്ജുള്ള പ്രധാന ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും, പരീക്ഷാബോർഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും അദ്ദേഹം തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതു മാണ്.

(5) പരീക്ഷാകൺട്രോളർ, പേപ്പർ സെറ്റർമാരുടേയും പരീക്ഷകന്മാരുടേയും നിയമനത്തിനായി രൂപീകരിച്ച കമ്മിറ്റികളൊഴികെ പരീക്ഷാബോർഡിന്റേയും ബോർഡ് നിയമിച്ച കമ്മിറ്റികളുടേയും മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(6) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗംവരാത്ത വിധ ത്തിൽ, പരീക്ഷകളും ടെസ്റ്റുകളും നടത്തുന്നതിനും ഫലപ്രഖ്യാപനത്തിനും ആവശ്യമായ എല്ലാ ക്രമീകരണങ്ങൾക്കും പരീക്ഷാകൺട്രോളർ ഉത്തരവാദിയായി രിക്കുന്നതാണ്.

(7) കൺട്രോളർ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ളതോ, കാലാ കാലങ്ങളിൽ പരീക്ഷാബോർഡ് കൺട്രോളർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹി ക്കേണ്ടതുമാണ്.

42. റിസർച്ച് ഡയറക്ടർ.—(1) ഒരു റിസർച്ച് ഡയറക്ടർ ഉണ്ടായിരിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായി രിക്കേണ്ടതുമാണ്.

(2) റിസർച്ച് ഡയറക്ടറെ സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾപ്രകാരം സർവ്വകലാ ശാലയുടെ ഗവേണിംഗ് കൗൺസിൽ നിയമിക്കേണ്ടതാണ്.

(3) റിസർച്ച് ഡയറക്ടറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്ക പ്പെട്ട പ്രകാരമായിരിക്കേണ്ടതാണ്.

(4) റിസർച്ച് ഡയറക്ടർ, 46-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന റിസർച്ച് പ്രോഗ്രാ മുകളുടെ മേൽനോട്ടത്തിനും ഏകീകരണത്തിനും, റിസർച്ച് കേന്ദ്രങ്ങളുടെ ഫലപ്രദമായ പ്രവർത്തനത്തിനും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(5) റിസർച്ച് ഡയറക്ടർ ഏകജാലക തീർപ്പാക്കൽ സംവിധാനത്തെ തുടർന്ന് പുറമേനിന്ന് ധനസഹായം ലഭിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാ കാര്യ ങ്ങൾക്കും ഉത്തരവാദിയായിരിക്കുന്നതാണ്.

(6) റിസർച്ച് ഡയറക്ടർ സ്റ്റാറ്റ്യൂട്ടുകളാൽ നിക്ഷിപ്തമാകാവുന്നതോ നൽകാവുന്നതോ ആയ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

43. എക്സ്റ്റൻഷൻ ഡയറക്ടർ.—(1) ഒരു എക്സ്റ്റൻഷൻ ഡയറക്ടർ ഉണ്ടായിരിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്.

(2) എക്സ്റ്റൻഷൻ ഡയറക്ടറെ സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾപ്രകാരം സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിൽ നിയമിക്കേണ്ടതാണ്.

(3) എക്സ്റ്റൻഷൻ ഡയറക്ടറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കേണ്ടതാണ്.

(4) എക്സ്റ്റൻഷൻ ഡയറക്ടർക്ക്, 47-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന ഫിഷറീസും സമുദ്രപഠന തുടർവിദ്യാഭ്യാസവും പരിപാടികളുടെ ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്.

(5) എക്സ്റ്റൻഷൻ ഡയറക്ടർ, സ്റ്റാറ്റ്യൂട്ടുകളാൽ നിക്ഷിപ്തമാകാവുന്നതോ നൽകാവുന്നതോ ചുമത്തപ്പെടാവുന്നതോ ആയ അപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

44. സ്കൂൾ ഡയറക്ടർ.—(1) ഓരോ സ്കൂളിനും ഒരു ഡയറക്ടർ ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തെ നിർണ്ണയിക്കപ്പെട്ട പ്രകാരം നിയമിക്കേണ്ടതുമാണ് :

എന്നാൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്, ഒരു സ്കൂൾ ഡയറക്ടർ ഒന്നിലധികം സ്കൂളുകളുടെ ചുമതല വഹിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) ഡയറക്ടർ, സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും, നിർണ്ണയിക്കപ്പെട്ടപ്രകാരം അങ്ങനെയുള്ള കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(3) ഡയറക്ടറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും വ്യവസ്ഥകൾക്കനുസൃതമായി നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കേണ്ടതാണ്.

(4) ഡയറക്ടർ, സ്കൂളിന്റെ ചീഫ് എക്സിക്യൂട്ടീവായിരിക്കേണ്ടതും അദ്ദേഹത്തിന്റെ കീഴിലുള്ള സ്കൂൾ ഗവേണിംഗ് കൗൺസിലിന്റെ ചെയർമാനായിരിക്കേണ്ടതും സ്കൂളുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നിവയുടെ ശരിയായ നിരീക്ഷണത്തിന് വൈസ് ചാൻസലറോട് ഉത്തരവാദിയായിരിക്കേണ്ടതുമാണ്. അദ്ദേഹം റിസർച്ച് ഡയറക്ടറും എക്സ്റ്റൻഷൻ ഡയറക്ടറും ഉൾപ്പെടെയുള്ള മറ്റ് ആഫീസർമാരുമായി അടുത്ത് പ്രവർത്തിക്കേണ്ടതും പൊതുവേ സ്കൂൾ വകുപ്പ് തലവൻമാർ, സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ എന്നിവർ മുഖേന പ്രവർത്തിക്കേണ്ടതുമാണ്.

(5) ഡയറക്ടർ അങ്ങനെയുള്ള മറ്റു കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും തന്റെ സ്കൂളിന്റെ ശരിയായ പ്രവർത്തനത്തിന് അത്യാവശ്യമായി സർവ്വകലാശാല ഗവേണിംഗ് കൗൺസിൽതന്നെ ചുമതലപ്പെടുത്താവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ വഹിക്കേണ്ടതുമാണ്.

45. വകുപ്പ് മേധാവി.—(1) ഓരോ വകുപ്പിനും ഒരു മേധാവി ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തിന്റെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ടപ്രകാരം ആയിരിക്കേണ്ടതുമാണ്.

(2) വകുപ്പ് മേധാവി എക്സിക്യൂട്ടീവ് മേധാവി ആയിരിക്കുന്നതും അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നിവയുടെ വിശ്വസ്തമായ നിരീക്ഷണത്തിനും അദ്ധ്യാപന ഗവേഷണ വ്യാപന പ്രവർത്തനങ്ങളുടെ രൂപീകരണത്തിനും നടത്തിപ്പിനും ഉത്തരവാദിയായിരിക്കുന്നതുമാണ്.

(3) വകുപ്പ് മേധാവി, സ്കൂൾ ഡയറക്ടറോട് തന്റെ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ള അദ്ധ്യാപന ഗവേഷണ വ്യാപന പരിപാടികളുടെ പ്രവർത്തനങ്ങളുടെ ഉത്തരവാദിയുമായിരിക്കുന്നതാണ്.

46. ആഫീസർമാരുടെയും ഉദ്യോഗസ്ഥരുടെയും പ്രതിഫലം.—സ്റ്റാറ്റ്യൂട്ടിൽ നിർണ്ണയിക്കപ്പെട്ടപ്രകാരമുള്ളതല്ലാത്ത ഒരു സ്രോതസ്സിൽനിന്നും ഒരു പ്രതിഫലവും സർവ്വകലാശാലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അദ്ധ്യാപകനോ സ്വീകരിക്കാൻ പാടുള്ളതല്ല.

## അദ്ധ്യായം V

## ഗവേഷണവും വ്യാപന വിദ്യാഭ്യാസവും

47. ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുംവേണ്ടിയുള്ള ഗവേഷണ പരിപാടി.—(1) ഈ ആക്റ്റിന്റെയും സ്റ്റാറ്റ്യൂട്ടുകളുടെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാല, സംസ്ഥാനമൊട്ടാകെ പ്രാഥമികമായി, അനുബന്ധമേഖലകളിൽ മത്സ്യത്തൊഴിലാളികളുടെ സഹായത്തിനും മത്സ്യകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തുള്ള മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉന്നമനത്തിനുംവേണ്ടി ഫിഷറീസ് സമുദ്രപഠന ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

(2) സർവ്വകലാശാല, അതിന്റെ ഫിഷറീസിനും സമുദ്രപഠന ഗവേഷണ കേന്ദ്രങ്ങളുംവഴി സംസ്ഥാനത്തെ ഫിഷറീസിന്റേയും സമുദ്രപഠനങ്ങളുടെയും ഗവേഷണ പ്രവർത്തനങ്ങളുടേയും പ്രധാന നിയന്ത്രണ ഏജൻസി ആയിരിക്കേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പ് കേരള കാർഷിക സർവ്വകലാശാലയ്ക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ഗവേഷണ പരിപാടികൾ, ഗവേഷണ കേന്ദ്ര സൗകര്യങ്ങൾ, ജീവനക്കാർ, ബഡ്ജറ്റ് എന്നിവയുടെ ആധികാരികത, സർവ്വകലാശാലയും സർക്കാരും ഉഭയകക്ഷി സമ്മതപ്രകാരമുള്ള കരാറനുസരിച്ച് സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

(4) സംസ്ഥാനത്തെ ഫിഷറീസിലും സമുദ്രപഠനങ്ങളിലും അനുബന്ധ മേഖലകളിലുമുള്ള കേന്ദ്ര ഗവൺമെന്റ് ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലയും കേന്ദ്ര സർക്കാരും തമ്മിലേർപ്പെടുന്ന ഉഭയസമ്മതപ്രകാരമുള്ള കരാറിലെ വ്യവസ്ഥകളനുസരിച്ച് സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്യാവുന്നതാണ്.

48. ഫിഷറീസും സമുദ്രപഠനങ്ങളും വ്യാപന വിദ്യാഭ്യാസ പദ്ധതി.—(1) എക്സ്റ്റൻഷൻ ഡയറക്ടറുടെ മേൽനോട്ടത്തിൻകീഴിൽ ഫിഷറീസും സമുദ്രപഠനങ്ങൾക്കുമുള്ള വ്യാപന വിദ്യാഭ്യാസ പരിപാടി വികസിപ്പിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി സർവ്വകലാശാല ബന്ധപ്പെട്ട സർക്കാർ വകുപ്പ് മുഖേന ഗവേഷണ ഫലങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രയോജനകരമായ വിവരങ്ങൾ മത്സ്യകൃഷിക്കാർക്കും മത്സ്യ തൊഴിലാളികൾക്കും സംരംഭകർക്കും ലഭ്യമാക്കേണ്ടതാണ്.

(3) സർക്കാരിനും സർവ്വകലാശാലയ്ക്കും ഇടയിൽ ഉഭയസമ്മതപ്രകാരമുള്ള ഒരു പദ്ധതിക്ക് അനുസൃതമായി സർക്കാർ സർവ്വകലാശാലയ്ക്ക് വിദ്യാഭ്യാസ പ്രവർത്തന ങ്ങൾക്ക് ആവശ്യമായ ജീവനക്കാരേയും സൗകര്യങ്ങളേയും ഫണ്ടുകളേയും കൈമാറേണ്ട താണ്.

49. പ്രവർത്തനങ്ങളുടെ ഏകോപനം.—(1) വൈസ് ചാൻസലർ, സർവ്വകലാശാല യിലെ സമുചിതരായ ഉദ്യോഗസ്ഥരുമായി കൂടിയാലോചിച്ചശേഷം സർവ്വകലാശാലയിലെ അദ്ധ്യയനത്തിന്റെയും ഗവേഷണത്തിന്റെയും വ്യാപന പ്രവർത്തനങ്ങളുടെയും പൂർണ്ണ ഏകോപനത്തിന് വേണ്ട ആവശ്യമായ നടപടികൾ എടുക്കേണ്ടതാണ്.

(2) ഫിഷറീസിലും സമുദ്രപഠനങ്ങളിലും നൂതന വിവരസാങ്കേതിക വിദ്യയുടെ വികാസം സാദ്ധ്യമാക്കി പരമാവധി പുരോഗതി കൈവരിക്കുന്നതിനുവേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വൈസ് ചാൻസലർ ഉത്തവാദിയായിരിക്കുന്നതാണ്.

(3) പ്രവർത്തനങ്ങളുടെ അനാവശ്യമായ ആവർത്തനങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടി സർവ്വകലാശാലയിലെ വിവിധ സ്കൂളുകളിൽനിന്നും നൽകപ്പെടുന്ന വിവിധ പാഠ്യപദ്ധതികളും കോഴ്സുകളും തമ്മിൽ സമുചിതമായ പരസ്പരബന്ധം ഉറപ്പുവരുത്തേ ണ്ടതും സർവ്വകലാശാലയുടെ വിഭവശേഷിക്കുള്ളിൽനിന്ന് വിദ്യാർത്ഥികൾക്ക് മികച്ച കോഴ്സുകളെയും ബോധന വിഭാഗങ്ങളെയും ലഭ്യമാക്കേണ്ടതും വൈസ് ചാൻസലറുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു.

(4) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് സർവ്വകലാശാല, അതിന്റെ ഗവേഷണ വ്യാപന വിദ്യാഭ്യാസ പദ്ധതികൾ വികസിപ്പിക്കേണ്ടതും, ഫിഷറീസിന്റെയും സമുദ്രപഠനങ്ങളുടെയും വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുമായ സർക്കാർ വകുപ്പുകൾക്കും ഇതര ഏജൻസികൾക്കും ഉപദേശം നൽകേണ്ടതുമാണ്.

## അദ്ധ്യായം VI

## അദ്ധ്യാപകരുടേയും ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം

50. അദ്ധ്യാപകരുടേയും ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം.—(1) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയിലെ ജീവനക്കാരെ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നിയമിക്കേണ്ടതാണ്.

ഖണ്ഡം (30) പ്രകാരമുള്ള ഉദ്യോഗസ്ഥർ ഒഴികെയുള്ള സർവ്വകലാശാലയിലെ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നടത്തുന്നതാണ്.

(2) ഈ ആക്റ്റിലോ സ്റ്റാറ്റ്യൂട്ടുകളിലോ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തൊഴികെയുള്ള കേസുകളിൽ സർവ്വകലാശാലയിലെ ശമ്പളം പറ്റുന്ന എല്ലാ ഉദ്യോഗസ്ഥ രേയും അദ്ധ്യാപകരേയും ഒരു എഴുതപ്പെട്ട കരാർ പ്രകാരം നിയമിക്കേണ്ടതാണ്.

(3) പ്രസ്തുത കരാർ വൈസ് ചാൻസലർ സൂക്ഷിക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ അദ്ധ്യാപകനോ നൽകേണ്ടതുമാണ്.

(4) പ്രസ്തുത കരാർ ഈ ആക്റ്റുമായും സ്റ്റാറ്റ്യൂട്ടുകളുമായും ബന്ധപ്പെട്ട തത്സമയം പ്രാബല്യത്തിലുള്ള സേവനവ്യവസ്ഥകൾക്ക് വിരുദ്ധമാകാൻ പാടില്ലാത്ത താണ്.

(5) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരേയും അദ്ധ്യാപകരേയും മറ്റ് ജീവനക്കാ രേയും തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

(6) ഡീൻ, സ്കൂൾ ഡയറക്ടർമാർ, റിസർച്ച് ഡയറക്ടർ, എക്സ്റ്റൻഷൻ ഡയറക്ടർ, പ്രാദേശിക കേന്ദ്രങ്ങളുടെ ഡയറക്ടർ, പ്രൊഫസർമാർ, സർവ്വകലാശാല യിലെ മറ്റു വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർ എന്നിവരുടെ സാധാരണ വിരമിക്കൽ പ്രായം അറുപത് വയസ്സ് ആയിരിക്കുന്നതാണ്.

(7) ചാൻസലർ, പ്രോ-ചാൻസലർ, വൈസ് ചാൻസലർ, (6)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ളവർ എന്നിവരൊഴികെയുള്ള, സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ സാധാരണ വിരമിക്കൽ പ്രായം അൻപത്തഞ്ച് വയസ്സ് ആയിരിക്കുന്നതാണ്.

51. നിയമനങ്ങൾക്കുള്ള സംവരണം.—(1) സർക്കാരിൻകീഴിലുള്ള തസ്തികളിലേ ക്കുള്ള നിയമനത്തിന് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കോ മറ്റു പിന്നോക്ക ജാതിയിൽപ്പെട്ട പൗരൻമാർക്കോ ഉള്ള സംവരണ ചട്ടങ്ങൾ സർവ്വകലാശാലയിലെ അദ്ധ്യാപകരുടേയും അദ്ധ്യാപകേതര ജീവനക്കാരുടേയും മറ്റ് ജീവനക്കാരുടേയും നിയമനത്തിന് ബാധക മാകുന്നതാണ്.

## അദ്ധ്യായം VII

## പ്രവേശനവും വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട മറ്റു സംഗതികളും

52. പ്രവേശനവും പരീക്ഷയും.—(1) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള സർക്കാരിന്റെ സംവരണനയത്തിന് വിധേയമായി, സർവ്വകലാശാല വകുപ്പുകളിലേക്കും കോളേജുകളിലേക്കും സ്കൂളുകളിലേക്കുമുള്ള എല്ലാ കോഴ്സു കൾക്കുമുള്ള പ്രവേശനം, സർക്കാർ ഏതെങ്കിലും ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ, അവയ്ക്കനുസൃതമായി മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ് :

എന്നാൽ, സംസ്ഥാനത്തൊട്ടാകെയുള്ള വിദ്യാർത്ഥികളുടെ താൽപ്പര്യാർത്ഥം സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ, സർവ്വകലാശാല അവ സ്വീകരിക്കേണ്ടതും

ഏത് അക്കാദമിക് സെഷൻ ആരംഭിക്കുന്നതിനും കുറഞ്ഞത് ആറുമാസം മുമ്പെങ്കിലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് :

എന്നുമാത്രമല്ല, അച്ചടക്കം പാലിക്കുന്നത് സംബന്ധിച്ച്, ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് ഒരു വിദ്യാർത്ഥിക്ക് പ്രവേശനം നിരസിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഓരോ അദ്ധ്യയനവർഷാരംഭത്തിലും സർവ്വകലാശാല, പരീക്ഷയുടെ സമയവിവരപ്പട്ടിക ഉൾപ്പെടെ എല്ലാ പരിപാടികൾക്കുംവേണ്ടിയുള്ള ഒരു അക്കാദമിക് കലണ്ടർ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ് :

എന്നാൽ ഈ പരീക്ഷാ സമയവിവരപ്പട്ടിക അനുവർത്തിച്ചിട്ടില്ല എന്ന കാരണത്താൽ മാത്രം യാതൊരു പരീക്ഷയോ പരീക്ഷാഫലമോ അസാധുവാക്കാൻ പാടില്ലാത്തതാകുന്നു.

53. കായികവും സാംസ്കാരികവും മറ്റു പ്രവർത്തനങ്ങൾക്കുമായി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കൽ.—(1) വിദ്യാർത്ഥികളെ അതതുസംഗതിപോലെ, അവരുടെ ക്ലാസ്സുകളെയോ, കോളേജുകളെയോ സർവ്വകലാശാലയെയോ കായിക വിനോദ പ്രവർത്തനങ്ങൾക്കും, സാംസ്കാരിക പ്രവർത്തനങ്ങൾക്കും മറ്റെല്ലാ പ്രവർത്തനങ്ങൾക്കും പ്രതിനിധീകരിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കുന്നത് പൂർണ്ണമായും മികവിന്റെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പുവരുത്തുന്നതിനും സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

54. വിദ്യാർത്ഥികളുടെ താമസസ്ഥലം.—നിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി, വിദ്യാർത്ഥികൾ, വിദ്യാർത്ഥികളുടെ ക്ഷേമത്തിനായുള്ള ഡയറക്ടർ അംഗീകരിച്ചതോ സർവ്വകലാശാല നടത്തുന്നതോ ആയ ഹോസ്റ്റലുകളിൽ താമസിക്കേണ്ടതാണ്.

55. വിദ്യാർത്ഥികളുടെ എൻറോൾമെന്റ്.—സർവ്വകലാശാലയിലെ വിദ്യാർത്ഥിയായി എൻറോൾ ചെയ്യേണ്ട ഒരു ആൾക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നപ്രകാരം, അങ്ങനെയുള്ള യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതും അങ്ങനെയുള്ള വ്യവസ്ഥകൾ നിറവേറ്റിയിരിക്കേണ്ടതുമാണ്.

56. അച്ചടക്കം സംബന്ധിച്ച അധികാരങ്ങളും വിദ്യാർത്ഥികൾക്കിടയിലെ അച്ചടക്കവും.—(1) അച്ചടക്കവുമായി ബന്ധപ്പെട്ടതും സർവ്വകലാശാലാ വകുപ്പുകളിലേയും സർവ്വകലാശാല നടത്തുന്ന സ്ഥാപനങ്ങളിലേയും കോളേജുകളിലെയും വിദ്യാർത്ഥികളുടെ അച്ചടക്കനടപടികളുമായി ബന്ധപ്പെട്ട എല്ലാ അധികാരങ്ങളും വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) വൈസ്-ചാൻസലർക്ക്, ഉത്തരവുവഴി ഈ ആക്റ്റിൻകീഴിൽ അദ്ദേഹത്തിനുള്ള, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ, ഇതിലേക്കായി അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്നതോ അതിനുവേണ്ടി രൂപീകരിക്കുന്നതോ ആയ, അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥർക്കോ നികായത്തിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

അദ്ധ്യായം VIII

## ബിരുദങ്ങളും ബിരുദദാന ചടങ്ങുകളും

57. ബിരുദങ്ങളും ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും നൽകൽ.—(1) ഗവേണിംഗ് കൗൺസിലിന്, അക്കാഡമിക് കൗൺസിൽ ശുപാർശ ചെയ്യുന്നപ്രകാരം, അങ്ങനെയുള്ള ബിരുദങ്ങളും ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യാവുന്നതാണ്.

(2) ഗവേണിംഗ് കൗൺസിലിന്, ഒരു ബഹുമതി ബിരുദമോ മറ്റ് അക്കാഡമിക് ബഹുമതിയോ ഏതെങ്കിലും ആൾക്ക് നൽകുന്നതിന്, ഏതെങ്കിലും ടെസ്റ്റിനോ പരീക്ഷയ്ക്കോ വിധേയമാകുന്നതിന് അദ്ദേഹത്തോട് ആവശ്യപ്പെടാതെ, അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ പദവിയും നേട്ടങ്ങളും പൊതുസേവനവും മാത്രം കാരണമാക്കി, അങ്ങനെയുള്ള ബഹുമതി ബിരുദമോ അക്കാഡമിക് ബഹുമതിയോ ലഭിക്കുന്നതിന് അദ്ദേഹം അനുയോജ്യനും യോഗ്യനുമാണെന്ന്, സെനറ്റിലേക്ക് ശുപാർശ ചെയ്യാവുന്നതും അങ്ങനെയുള്ള ശുപാർശ സെനറ്റിന്റെ യോഗത്തിൽ അതിന്റെ മൊത്തം അംഗത്വത്തിന്റെ പകുതിയിൽ കുറവല്ലാത്ത ഹാജരായിട്ടുള്ള, മൂന്നിൽ രണ്ടിൽ കുറയാത്ത അംഗങ്ങളുടെ ഭൂരിപക്ഷം, പിൻതാങ്ങുകയും ചെയ്യുന്നപക്ഷം, ശുപാർശ യഥാവിധി പാസ്സായതായി കരുതപ്പെടേണ്ടതുമാണ്:

എന്നാൽ വൈസ്-ചാൻസലർ ചാൻസലറുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങാത്ത പക്ഷം, ഗവേണിംഗ് കൗൺസിൽ അതു സംബന്ധിച്ചുള്ള യാതൊരു നിർദ്ദേശവും സ്വീകരിക്കുകയോ പരിഗണിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(3) സെനറ്റിന്റെ നിർദ്ദേശത്തിന്മേൽ ഗവേണിംഗ് കൗൺസിലിന് ഒരു തീരുമാനം എടുക്കാവുന്നതും വൈസ്-ചാൻസലർക്ക് ചാൻസലറുടെ മുൻകൂട്ടിയുള്ള അംഗീകാരം ലഭിക്കാത്തപക്ഷം സെനറ്റ് ഇതുമായി ബന്ധപ്പെട്ട യാതൊരു നിർദ്ദേശവും സ്വീകരിക്കുവാനോ പരിഗണിക്കുവാനോ പാടുള്ളതല്ല.

(4) ബിരുദങ്ങളോ ബിരുദാനന്തര ബിരുദങ്ങളോ ഡിപ്ലോമകളോ നൽകുന്നതിനുവേണ്ടിയോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ആവശ്യത്തിനുവേണ്ടിയോ സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രകാരം ഒരു അദ്ധ്യയനവർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സർവ്വകലാശാലയുടെ ബിരുദദാന സമ്മേളനം നടത്തേണ്ടതാണ്.

അദ്ധ്യായം IX

## പരാതി പരിഹാര സംവിധാനം

58. പരാതികൾക്കായുള്ള കമ്മിറ്റി.—(1) സർവ്വകലാശാലയിൽ, സർവ്വകലാശാലയിലേയും കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകളിലേയും സർവ്വകലാശാല നടത്തുന്ന സ്ഥാപനങ്ങളിലെയും അദ്ധ്യാപകരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും പരാതികൾ കൈകാര്യം ചെയ്യുന്നതിനും, കഴിയുന്നിടത്തോളം ആറുമാസത്തിൽ കവിയാത്ത ഉചിതമായൊരു കാലാവധിക്കുള്ളിൽ, പരാതികൾ കേൾക്കാനും പരിഹരിക്കുന്നതിനുംവേണ്ടി പരാതികൾക്കായുള്ള ഒരു കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും ആ കമ്മിറ്റി ഗവേണിംഗ് കൗൺസിലിന് റിപ്പോർട്ട് നൽകേണ്ടതുമാണ്.

(2) പരാതികൾക്കായുള്ള കമ്മിറ്റി പരാതികളും ഹർജികളും സ്വീകരിക്കുന്നതും പരിഗണിക്കുന്നതും ഗവേണിംഗ് കൗൺസിലിന്, അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള നടപടി കൈക്കൊള്ളുന്നതിനായി റിപ്പോർട്ട് ചെയ്യുന്നതും നിയമാനുസൃതമായിരിക്കുന്നതും അങ്ങനെയുള്ള റിപ്പോർട്ടിന്മേൽ ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതുമാണ്.

(3) പരാതികൾക്കായുള്ള കമ്മിറ്റിയിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

| | | | |
|---|---|---|---|
| (i) | പ്രോ-വൈസ്-ചാൻസലർ | .. | ചെയർപേഴ്സൺ ; |
| (ii) | സെനറ്റിലെ അംഗങ്ങൾ അവരിൽ നിന്നും തെരഞ്ഞെടുത്ത സെനറ്റിലെ രണ്ട് അംഗങ്ങൾ, അവരിൽ ഒരാൾ സ്ത്രീ ആയിരിക്കണം | .. | അംഗങ്ങൾ ; |
| (iii) | ഗവേണിംഗ് കൗൺസിലിലെ അംഗങ്ങൾ അവരിൽ നിന്നും തെരഞ്ഞെടുത്ത ഗവേണിംഗ് കൗൺസിലിലെ മൂന്ന് അംഗങ്ങൾ, അവരിൽ ഒരാൾ സ്ത്രീ ആയിരിക്കണം | .. | അംഗങ്ങൾ ; |
| (iv) | രജിസ്ട്രാർ | .. | മെമ്പർ സെക്രട്ടറി. |

(4) രജിസ്ട്രാർക്ക് വോട്ട് ചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

59. ന്യായനിർണ്ണയ ബോർഡ്.—(1) പരീക്ഷ, മൂല്യനിർണ്ണയം, പരീക്ഷാഫലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട അക്കാഡമിക്ക് കാര്യങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള പരാതികളും സങ്കടങ്ങളും സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനം അതിന് റഫർ ചെയ്യുന്ന മറ്റു ബന്ധപ്പെട്ട കാര്യങ്ങളും കേൾക്കുന്നതിന് ഒരു ന്യായനിർണ്ണയ ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്.

(2) ബോർഡിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

| | | | |
|---|---|---|---|
| (i) | പ്രോ-വൈസ്-ചാൻസലർ | .. | ചെയർമാൻ ; |
| (ii) | വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്ത ഒരു ഫാൽക്കറ്റിയുടെ ഡീൻ | .. | അംഗം ; |
| (iii) | വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്ത ഗവേണിംഗ് കൗൺസിലിലെ മൂന്ന് അംഗങ്ങൾ | .. | അംഗങ്ങൾ. |

(3) പരാതികൾ സ്വീകരിക്കുന്നതിനും അതിന്റെ തീർപ്പിനുമുള്ള നടപടിക്രമം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നപ്രകാരം ആയിരിക്കേണ്ടതാണ്.

60. സർവ്വകലാശാല അപ്പലേറ്റ് ട്രൈബ്യൂണൽ.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) അപ്പലേറ്റ് ട്രൈബ്യൂണൽ, ഹൈക്കോടതിയുമായി കൂടിയാലോചിച്ചതിനുശേഷം ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാത്ത, ഒരു ന്യായാധിപൻ ആയിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഔദ്യോഗിക കാലാവധി അതിനെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ മൂന്നു വർഷക്കാലമായിരിക്കുന്നതാണ്.

(4) അപ്പലേറ്റ് ട്രൈബ്യൂണലിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി അതിന്റെ നടപടിക്രമം ക്രമപ്പെടുത്തുന്നതിനും കാര്യനിർവ്വഹണത്തിനുംവേണ്ടി റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(5) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വേതനവും മറ്റു സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

61. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും അധികാരസ്ഥാനമോ ആളോ ഈ ആക്റ്റിനാലോ അതുപ്രകാരമോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ നിർണ്ണയിക്കേണ്ട ഏതെങ്കിലും കാര്യമോ തീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല.

## അദ്ധ്യായം X

## നിധികളും കണക്കുകളും

62. പെൻഷൻ, പ്രോവിഡന്റ് ഫണ്ട് മുതലായവ.—(1) സർവ്വകലാശാല ഓഫീസർമാരുടെയും അദ്ധ്യാപകരുടെയും, അനദ്ധ്യാപകരുടെയും മറ്റ് ഉദ്യോഗസ്ഥരുടേയും ക്ഷേമത്തിനായി, അതിന് യുക്തമെന്ന് കരുതാവുന്നതും നിർണ്ണയിക്കപ്പെട്ട നിബന്ധനകൾക്കും വിധേയമായി അത്തരം പെൻഷൻ, ഇൻഷ്വറൻസ് കൂടാതെ പ്രോവിഡന്റ് ഫണ്ട് പദ്ധതികൾ തുടങ്ങിയവ സർവ്വകലാശാല രൂപീകരിക്കേണ്ടതാണ്.

(2) സർവ്വകലാശാല രൂപീകരിക്കുന്ന ഏതെങ്കിലും പെൻഷൻ, ഇൻഷ്വറൻസ് അല്ലെങ്കിൽ പ്രോവിഡന്റ് ഫണ്ടിന് 1925-ലെ പ്രോവിഡന്റ് ഫണ്ട് ആക്റ്റിന്റെ (1925-ലെ 19-ാം കേന്ദ്ര ആക്റ്റ്) വകുപ്പുകൾക്ക് അത് ഒരു സർക്കാർ ഫണ്ട് ആയിരുന്നാലെന്നപോലെ ബാധകമാണെന്ന് സർക്കാരിന് പ്രഖ്യാപിക്കാവുന്നതാണ് :

എന്നാൽ 63-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ധനകാര്യ കമ്മിറ്റിയുമായി കൂടിയാലോചിച്ച് സർവ്വകലാശാലയ്ക്ക് പ്രോവിഡന്റ് ഫണ്ടിലുള്ള തുകയെ അതിന് യുക്തമെന്ന് കരുതാവുന്ന രീതിയിൽ നിക്ഷേപിക്കാവുന്നതാണ്.

63. <u>സർവ്വകലാശാല നിധികളും ഗ്രാന്റുകളും.</u>—(1) സർവ്വകലാശാലയ്ക്ക് ഒരു പൊതുനിധി ഉണ്ടായിരിക്കേണ്ടതും അതിൽ ഇവ വരവുവയ്ക്കേണ്ടതുമാണ്.

(എ) ഫീസുകൾ, എൻഡോവ്മെന്റുകൾ, ഗ്രാന്റുകൾ മുതലായ ഏതിലെങ്കിലും നിന്നുള്ള അതിന്റെ വരുമാനം ; കൂടാതെ

(ബി) നിർമ്മാണ ഏജൻസികളിൽ നിന്നുള്ള വരവുകളും മറ്റ് സംഭാവനകളും.

(2) സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വിഹിതവും ഗ്രാന്റുകളും നിക്ഷേപിച്ചുകൊണ്ട് 'ഫൗണ്ടേഷൻ നിധി' എന്ന പേരിൽ ഒരു നിധി സർവ്വകലാശാല രൂപീകരിക്കേണ്ടതും ആ നിധിയിലേക്ക് സർവ്വകലാശാലയിൽ നിന്നുള്ള മറ്റ് തുകകളും വരവ് വയ്ക്കേണ്ടതുമാണ്.

(3) ഫൗണ്ടേഷൻ നിധിയിലുള്ള പണം 1882-ലെ ഇന്ത്യൻ ട്രസ്റ്റ് ആക്റ്റ് (1882-ലെ 2-ാം കേന്ദ്ര ആക്റ്റ്)-ലെ 20-ാം വകുപ്പ് (എ) മുതൽ (ഡി) വരെയുള്ള ഖണ്ഡങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതോ പരാമർശിച്ചിട്ടുള്ളതോ ആയ കടപ്പത്രങ്ങളിൽ നിക്ഷേപിക്കേണ്ടതാണ്.

(4) സർക്കാർ നൽകിയ ഗ്രാന്റിനെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന അത്തരം സ്റ്റേറ്റുമെന്റുകളും കണക്കുകളും റിപ്പോർട്ടുകളും മറ്റ് വിവരങ്ങളും സർവ്വകലാശാല നൽകേണ്ടതും ഏതെങ്കിലും ഗ്രാന്റിന്റെ ഉപയോഗത്തെ സംബന്ധിച്ചുള്ള സ്റ്റേറ്റുമെന്റുകളും കണക്കുകളും റിപ്പോർട്ടുകളും മറ്റ് വിവരങ്ങളും സർക്കാർ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിലും രീതിയിലും നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(5) സർവ്വകലാശാലയ്ക്ക്, അതിന്റെ ലക്ഷ്യപ്രാപ്തിക്കായി, കേരള സർക്കാരിൽനിന്നോ മറ്റ് ഏതെങ്കിലും സംസ്ഥാന സർക്കാരുകളിൽ നിന്നോ ഗ്രാന്റുകളോ അല്ലെങ്കിൽ സർവ്വകലാശാലയും സഹായദാതാവോ സംഭാവന നൽകുന്നയാളോ തമ്മിൽ സമ്മതിച്ചപ്രകാരം അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായി സംഭാവനകളോ സ്വീകരിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയ്ക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള അങ്ങനെയുള്ള മറ്റ് ഫണ്ടുകളും ഉണ്ടായിരിക്കാവുന്നതാണ്.

(7) സർവ്വകലാശാലയുടെ പൊതുനിധിയും ഫൗണ്ടേഷൻ നിധിയും മറ്റ് നിധികളും സ്റ്റാറ്റ്യൂട്ടിൽ വിഭാവന ചെയ്തിരിക്കുന്ന വ്യവസ്ഥകൾപ്രകാരം കൈകാര്യം ചെയ്യേണ്ടതാണ്.

(8) സർക്കാർ, ഇനി പറയുന്ന അസാധുവാകാത്ത നിശ്ചിത തുകയുടെ ഗ്രാന്റുകൾ ഓരോ വർഷവും സർവ്വകലാശാലയ്ക്ക് നൽകേണ്ടതാണ് :—

(എ) ഫിഷറീസും സമുദ്രപഠനങ്ങളും നടത്തുന്ന സ്ഥാപനങ്ങളും മറ്റ് സർക്കാർ വകുപ്പുകളും സർവ്വകലാശാല വകുപ്പുകളും, സർവ്വകലാശാലയ്ക്ക് കൈമാറിയ അങ്ങനെയുള്ള പ്രവർത്തനങ്ങൾക്കായി മുൻവർഷം ചെലവാക്കിയതിൽ കുറയാത്ത ഒരു ഗ്രാന്റ് ;

(ബി) ജീവനക്കാരുടെ ശമ്പളവും ബത്തകളും യാദൃശ്ചികച്ചെലവുകളും, ഖണ്ഡം (എ) യിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കല്ലാതെ യുള്ള സർവ്വകലാശാലയുടെ സാധനങ്ങൾക്കും സേവനങ്ങൾക്കുമായി നിജപ്പെടുത്തിയി ട്ടുള്ള അസ്സൽ ചെലവിൽ കുറയാത്ത ഗ്രാന്റ് ;

(സി) സർക്കാരിന്, സർവ്വകലാശാലയുടെ ശരിയായ പ്രവർത്തനത്തിനുവേണ്ടി ആവശ്യമെന്ന് തോന്നുന്ന ആവർത്തകവും അനാവർത്തകവുമായ അങ്ങനെയുള്ള അധിക ഇനങ്ങളിലുള്ള ചെലവുകൾ നേരിടുന്നതിനായിട്ടുള്ള ഗ്രാന്റ്.

(9) സർക്കാരിന്, പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ക്കായി അസാധുവാകാത്ത നിശ്ചിത തുകയുടെ ഗ്രാന്റ് സർവ്വകലാശാലയ്ക്കായി ഏർപ്പെ ടുത്താവുന്നതും വാർഷിക പദ്ധതിയിൽ അസ്സൽ മുതൽമുടക്കായി കാണിച്ചിരിക്കുന്നതിന് തുല്യമായ ഒരു തുക പദ്ധതികളുടെ നടത്തിപ്പിനായി സർവ്വകലാശാലയ്ക്ക് കൈമാറാവു ന്നതുമാണ്.

(10) സർക്കാരിന്, കേന്ദ്ര സർക്കാരിൽനിന്നും മുൻകൂട്ടിക്കാണുന്ന സഹായ ങ്ങൾക്കോ മറ്റ് ഏജൻസികൾ സ്പോൺസർ ചെയ്യുന്ന അത്തരം പദ്ധതികൾക്കോവേണ്ടി ക്രമീകരണങ്ങൾ നടത്താവുന്നതാണ് :

എന്നാൽ അത്തരം സഹായം സർക്കാർ മുഖേനയല്ലാതെ സർവ്വകലാശാലയിലേക്ക് നേരിട്ട് എത്തേണ്ടതാണ്.

64. <u>ഫൈനാൻസ് കമ്മിറ്റി</u>.—(1) സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിൽ, വൈസ് ചാൻസലർ, ഗവൺമെന്റ് ഫൈനാൻസ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഫൈനാൻസ് ഓഫീസർ കൂടാതെ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ തിരഞ്ഞെടുത്ത രണ്ട് അംഗങ്ങൾ, അവരിൽ ഒരാൾ അതിന്റെ അനൗദ്യോഗിക അംഗങ്ങ ളിൽ നിന്നും മറ്റേയാൾ അതത് മേഖലയിൽ പ്രാഗൽഭ്യമുള്ള എക്സ്-ഒഫീഷ്യോ അംഗങ്ങളുടെ ഇടയിൽനിന്നും, എന്നിവരടങ്ങുന്ന ഒരു ഫൈനാൻസ് കമ്മിറ്റി രൂപീകരി ക്കേണ്ടതാണ്. ഫൈനാൻസ് കമ്മിറ്റി മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(2) ഫൈനാൻസ് കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കു ന്നതാണ്, അതായത് :—

(എ) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ പരിശോധിക്കുകയും അതിൻമേൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ഉപദേശം നൽകുകയും ചെയ്യുക ;

(ബി) സർവ്വകലാശാലയുടെ വാർഷിക ബഡ്ജറ്റ് നിർദ്ദേശങ്ങൾ പരിശോധിക്കു കയും അതിൻമേൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ഉപദേശം നൽകുകയും ചെയ്യുക ;

(സി) സർവ്വകലാശാലയുടെ സാമ്പത്തിക സ്ഥിതി കാലാകാലങ്ങളിൽ പുനരവലോകനം ചെയ്യുക ;

(ഡി) സർവ്വകലാശാലയുടെ എല്ലാ സാമ്പത്തിക കാര്യങ്ങളേയും സംബന്ധിച്ച് സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ശുപാർശകൾ സമർപ്പിക്കുക ;

(ഇ) ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ലാത്ത ചെലവിനെ സംബന്ധിക്കുന്ന എല്ലാ നിർദ്ദേശങ്ങളിലുമോ അല്ലെങ്കിൽ ബഡ്ജറ്റിൽ വക കൊള്ളിച്ചതിലും കൂടുതൽ ഉണ്ടായ ചെലവിനെ സംബന്ധിച്ചോ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ശുപാർശ സമർപ്പിക്കുക.

65. കണക്കുകളും ആഡിറ്റും.—(1) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ വൈസ്-ചാൻസലറുടെ നിർദ്ദേശപ്രകാരം ഫൈനാൻസ് ഓഫീസർ തയ്യാറാക്കേണ്ടതും സർവ്വകലാശാലയിലേക്ക് വന്നുചേർന്നതോ അല്ലെങ്കിൽ സ്വീകരിച്ചതോ ആയ എല്ലാ തുകകളും സർവ്വകലാശാല വിതരണം ചെയ്തതും കൊടുത്തതുമായ എല്ലാ സംഖ്യകളും കണക്കുകളിൽ ചേർക്കേണ്ടതാണ്.

(2) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ വൈസ്-ചാൻസലർ സർക്കാരിന് സമർപ്പിക്കേണ്ടതും അക്കൗണ്ടന്റ് ജനറലിനേയോ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറെയോകൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ടതുമാണ്.

(3) ആഡിറ്റ് ചെയ്ത കണക്കുകൾ അച്ചടിക്കേണ്ടതും അവയുടെ പകർപ്പുകൾ ആഡിറ്റ് റിപ്പോർട്ട് സഹിതം വൈസ്-ചാൻസലർ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിനും, ചാൻസലർക്കും സമർപ്പിക്കേണ്ടതുമാണ്.

(4) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ, മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ, സർവ്വകലാശാല ആഡിറ്റ് റിപ്പോർട്ടിന്മേൽ നടപടി എടുത്ത സ്റ്റേറ്റ്മെന്റ് സഹിതം കണക്കുകളുടേയും ആഡിറ്റ് റിപ്പോർട്ടിന്റെയും പകർപ്പ് തുടർന്ന് വരുന്ന വർഷത്തിലെ മാർച്ച് 1-നോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതും, ആയത് ലഭിക്കുമ്പോൾ സർക്കാർ ഉടൻതന്നെ നിയമസഭ സമ്മേളനത്തിലാണെങ്കിൽ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതും, നിയമസഭ സമ്മേളനത്തിലല്ലെങ്കിൽ അങ്ങനെ ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്ക്കേണ്ടതുമാണ്.

## അദ്ധ്യായം XI

## സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ഉത്തരവുകൾ

66. സ്റ്റാറ്റ്യൂട്ടുകൾ.—(1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, ഗവേണിംഗ് കൗൺസിലിന് അതിൽ നിക്ഷിപ്തമായിരിക്കുന്ന മറ്റെല്ലാ അധികാരങ്ങൾക്കും പുറമെ, സർവ്വകലാശാലയുടെ ഭരണനിർവ്വഹണവും നടത്തിപ്പും മാനേജ്മെന്റും വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി സ്റ്റാറ്റ്യൂട്ടുകൾ നിർമ്മിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) സ്റ്റാറ്റ്യൂട്ടുകളിൽ ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(i) സർവ്വകലാശാലയുടെ ഉദ്യോഗസ്ഥരുടെ അധികാരങ്ങളും കർത്തവ്യങ്ങളും ;

(ii) ഈ ആക്റ്റിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളുടെ, രൂപീകരണവും അധികാരങ്ങളും കർത്തവ്യങ്ങളും ;

(iii) സെനറ്റിലേയും ഗവേണിംഗ് കൗൺസിലിലേയും അക്കാദമിക് കൗൺസിലിലേയും സർവ്വകലാശാലയുടെ മറ്റ് അധികാരസ്ഥാനങ്ങളിലോ നികായത്തിലോ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും ഈ അധികാര സ്ഥാനങ്ങളുമായോ നികായങ്ങളുമായോ ബന്ധപ്പെട്ട് വ്യവസ്ഥ ചെയ്യുന്നത് ആവശ്യമായേക്കാവുന്നതോ അഭിലഷണീയമായ അങ്ങനെയുള്ള മറ്റെല്ലാ സംഗതികളും ;

(iv) ബഹുമതി ബിരുദങ്ങൾ നൽകുന്നതിനും ബിരുദദാന ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനും ;

(v) സർവ്വകലാശാലാ സ്കൂളുകൾ, വകുപ്പുകൾ, സ്ഥാപനങ്ങൾ, കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ, ഉന്നതപഠനത്തിനുള്ള സ്ഥാപനങ്ങൾ, ഗവേഷണ ത്തിനോ വിദഗ്ദ്ധപഠനത്തിനോ വേണ്ടിയുള്ള കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ എന്നിവ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ;

(vi) സർവ്വകലാശാലാ ജീവനക്കാരുടെ സേവന വ്യവസ്ഥകളും സീനിയോറി റ്റിയും നിയന്ത്രിക്കുന്ന തത്വങ്ങളും ;

(vii) സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളിലെയോ നികായങ്ങളിലെയോ കമ്മിറ്റികളിലെയോ അംഗങ്ങളെ അയോഗ്യരാക്കുന്നതിനുള്ള വ്യവസ്ഥകൾ ;

(viii) സർവ്വകലാശാലാ സ്കൂളുകൾ, വകുപ്പുകൾ, സ്ഥാപനങ്ങൾ, അല്ലെങ്കിൽ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ, കേന്ദ്രങ്ങൾ എന്നിവയുടെ നിർത്തലാക്കലും ;

(ix) സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ആനുകാലികമായ വിലയിരുത്തൽ ഉൾപ്പെടെയുള്ള യോഗ്യതകൾ, നിയമനം, ജോലിഭാരം, പെരുമാറ്റച്ചട്ടം, ഔദ്യോഗിക കാലാവധികൾ, കർത്തവ്യങ്ങളും സേവന വ്യവസ്ഥകളും പെൻഷൻ വ്യവസ്ഥയും, ഗ്രാറ്റ്യൂറ്റിയും പ്രോവിഡന്റ് ഫണ്ടും, അവരുടെ സേവനങ്ങൾ അവസാനിപ്പിക്കുന്നതിന്റെ രീതിയും എവിടെയൊക്കെ ബാധക മാണോ അവിടെയൊക്കെ സംസ്ഥാന സർക്കാർ അംഗീകരിച്ചതുപോലെ ;

(x) സർവ്വകലാശാലയുടെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സർവ്വകലാശാ ലയുടെ ഫണ്ടുകൾ വിനിയോഗിക്കൽ ;

(xi) കോളേജുകളുടെ അഫിലിയേഷനും അഫിലിയേഷൻ പിൻവലിക്കുന്നതിനു വേണ്ടിയുള്ള വ്യവസ്ഥകളും നടപടിക്രമവും ;

(xii) സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി സർവ്വകലാ ശാലാ സ്കൂളുകൾ, വകുപ്പുകൾ, കോളേജുകൾ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വയംഭരണാവകാശം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ;

(xiii) വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ ട്രസ്റ്റുകൾ, ഒസ്യത്തുകൾ, സംഭാവന എൻഡോവ്മെന്റുകൾ, ഗ്രാന്റ് എന്നിവ സ്വീകരിക്കലും അതിന്റെ നടത്തിപ്പും ;

(xiv) ഭരണഘടനാ വ്യവസ്ഥകളും സംസ്ഥാന സർക്കാരിന്റെ നയങ്ങളും എന്നിവ അനുസരിച്ച് പട്ടികജാതി-പട്ടികഗോത്രവർഗ്ഗങ്ങളിലും മറ്റു പിന്നോക്ക വിഭാഗങ്ങളിലെ അംഗങ്ങൾക്കുംവേണ്ടി സർവ്വകലാശാലയിലെയും കോളേജുകളിലെയും സ്കൂളുകളിലെയും അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകളുടെ എണ്ണമനുസരിച്ച് സംവരണം ചെയ്യുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുക ;

(xv) അദ്ധ്യയന വർഷത്തിലെ പ്രവൃത്തിദിവസങ്ങളുടെ എണ്ണം, യഥാർത്ഥ പാഠ്യദിവസങ്ങളുടെ എണ്ണം, ഞായറാഴ്ച ഒഴികെയുള്ള അവധി ദിവസങ്ങൾ, ഒഴിവുകാലം, അദ്ധ്യയന ഫലങ്ങൾ എന്നിവ നിശ്ചയിക്കൽ ;

(xvi) സർവ്വകലാശാലയിലെയും അഫിലിയേറ്റ് ചെയ്ത കോളേജുകളിലെയും അംഗീകൃത സ്ഥാപനങ്ങളിലെയും അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, മറ്റു ജീവനക്കാർ എന്നിവർക്ക് എതിരായുള്ള അച്ചടക്ക നടപടി ;

(xvii) സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി പൊതു താല്പര്യാർത്ഥം ഒരു കോളേജിന്റെയോ സ്ഥാപനത്തിന്റെയോ നടത്തിപ്പ് സർവ്വകലാശാല ഏറ്റെടുക്കുന്നതിനും അല്ലെങ്കിൽ കൈമാറ്റത്തിനുമുള്ള നിബന്ധനകൾ ;

(xviii) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്നതോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് സാധുത നൽകുന്നതിനാവശ്യമായതോ ആയ ഏതൊരു കാര്യവും.

67. സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് സർക്കാർ ഉണ്ടാക്കേണ്ടതാണ്.

(2) ഗവേണിംഗ് കൗൺസിലിന്, അതതുസമയം, പുതിയ അല്ലെങ്കിൽ കൂടുതൽ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കാവുന്നതും ഒന്നാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ്.

(3) ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന രീതിയിൽ ഗവേണിംഗ് കൗൺസിലിന് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്:—

(i) ഗവേണിംഗ് കൗൺസിലിലെ ഏതെങ്കിലും ഒരംഗം അവതരിപ്പിച്ചതോ വൈസ്-ചാൻസലറുടെ നിർദ്ദേശത്തിന്മേലുള്ളതോ ആയ ഒരു സ്റ്റാറ്റ്യൂട്ടിന്റെ കരട് ഗവേണിംഗ് കൗൺസിലിന് പരിഗണനയ്ക്ക് എടുക്കാവുന്നതാണ് ;

(ii) ഗവേണിംഗ് കൗൺസിലിന് ആവശ്യമെന്ന് കരുതുന്നപക്ഷം അതിന്റെ മുമ്പാകെ പരിഗണനയിലിരിക്കുന്ന കരട് സ്റ്റാറ്റ്യൂട്ട് സംബന്ധിച്ച് സർവ്വകലാശാലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ, അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ അഭിപ്രായം ആരായാവുന്നതാണ് :

എന്നാൽ, അപ്രകാരമുള്ള കരട് ഏതൊരു കരട് സ്റ്റാറ്റ്യൂട്ടും, അത് അക്കാദമിക് കാര്യങ്ങളെ സംബന്ധിച്ചുള്ളതാണെങ്കിൽ ഗവേണിംഗ് കൗൺസിൽ, ആയത് പരിഗണിക്കുന്നതിനുമുമ്പ് അക്കാദമിക് കൗൺസിലിന്റെ അഭിപ്രായം നേടിയിരിക്കേണ്ടതാണ്.

(iii) സർവ്വകലാശാലയിലെ ഏതെങ്കിലും ഒരു അധികാരസ്ഥാനത്തിന്റെ പദവിയെയോ അധികാരങ്ങളെയോ ഘടനയെയോ ബാധിക്കുന്ന ഏതെങ്കിലും സ്റ്റാറ്റ്യൂട്ടോ സ്റ്റാറ്റ്യൂട്ടിന്റെ ഭേദഗതിയുടെയോ കരട്, അപ്രകാരമുള്ള അധികാരസ്ഥാനത്തിന്, പ്രസ്തുത നിർദ്ദേശത്തിന്മേൽ ഒരു അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള ഒരവസരം നൽകുന്നതു വരെ, ഗവേണിംഗ് കൗൺസിൽ നിർദ്ദേശിക്കാൻ പാടില്ലാത്തതും അപ്രകാരം പ്രകടിപ്പിക്കുന്ന ഏതൊരഭിപ്രായവും രേഖാമൂലം ആയിരിക്കേണ്ടതും ഗവേണിംഗ് കൗൺസിൽ അത് പരിഗണിക്കേണ്ടതുമാണ് ;

(iv) ഗവേണിംഗ് കൗൺസിൽ പാസ്സാക്കുന്ന ഓരോ സ്റ്റാറ്റ്യൂട്ടും ചാൻസലർക്ക് സമർപ്പിക്കേണ്ടതും ചാൻസലർ അതിന് അനുമതി നൽകുകയോ അനുമതി നൽകാതെ തടഞ്ഞുവയ്ക്കുകയോ ഗവേണിംഗ് കൗൺസിലിന് പുനഃപരിഗണനയ്ക്കായി തിരിച്ചയയ്ക്കുകയോ ചെയ്യാവുന്നതാണ് ;

(v) ഗവേണിംഗ് കൗൺസിൽ പാസ്സാക്കിയ യാതൊരു സ്റ്റാറ്റ്യൂട്ടും ചാൻസലർ അനുമതി നൽകുന്നതുവരെ സാധുവായിരിക്കുകയോ പ്രാബല്യത്തിൽ വരികയോ ചെയ്യുന്നതല്ല.

68. ഓർഡിനൻസുകൾ.—ഈ ആക്റ്റിലോ അതിൻകീഴിലോ നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്കു വിധേയമായി, ഗവേണിംഗ് കൗൺസിലിന് ഇനി പറയുന്നവയിൽ എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി ഓർഡിനൻസുകൾ ഉണ്ടാക്കാവുന്നതാണ്, അതായത്:—

(i) വിദ്യാർത്ഥികളെ ബിരുദം, ഡിപ്ലോമ സർട്ടിഫിക്കറ്റ്, മറ്റ് അക്കാദമിക് ബഹുമതികൾ എന്നിവയ്ക്കുവേണ്ടിയുള്ള പഠന കോഴ്സുകൾക്ക് പ്രവേശിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾക്കും ;

(ii) സർവ്വകലാശാലയിൽ അങ്ങനെയുള്ള കോഴ്സുകൾക്ക് ഹാജരാകുന്ന വിദ്യാർത്ഥികളുടെ പേരുചേർക്കുന്നതിനും ബിരുദങ്ങൾ, ഡിപ്ലോമകൾ, സർട്ടിഫിക്കറ്റ്, മറ്റു അക്കാദമിക് ബഹുമതികൾ എന്നിവയുടെ പരീക്ഷകൾക്കുള്ള പ്രവേശനത്തിനും ബിരുദധാരികളുടെ രജിസ്ട്രേഷനും ചുമത്തേണ്ട ഫീസിനും, ചുമത്തേണ്ട മറ്റേതെങ്കിലും തരത്തിലുള്ള ഫീസിനും ;

(iii) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ താമസം, പെരുമാറ്റം, അച്ചടക്കം എന്നിവയുടെ വ്യവസ്ഥകളും ഇനി പറയുന്നവ ഉൾപ്പെടെയുള്ള, അച്ചടക്കലംഘനത്തിനോ പെരുമാറ്റദൂഷ്യത്തിനോ, അവർക്കെതിരെ എടുക്കേണ്ട നടപടികൾക്കും :—

(എ) ഒരു പരീക്ഷയിൽ ന്യായരഹിതമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയോ അതിന് പ്രേരണ നൽകുകയോ ;

(ബി) ഒരു പരീക്ഷയുടെ ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനോ സർവ്വകലാശാലയിലെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ നടത്തുന്ന ഏതെങ്കിലും ആധികാരികമായ അന്വേഷണത്തിൽ ഹാജരാകുന്നതിനോ തെളിവ് നൽകുന്നതിനോ വിസമ്മതിക്കുകയോ, അല്ലെങ്കിൽ ;

(സി) സർവ്വകലാശാലയ്ക്കകത്തോ പുറത്തോ ക്രമവിരുദ്ധമായതോ മറ്റു വിധത്തിൽ അധിക്ഷേപാർഹമായി പെരുമാറുകയോ ;

(iv) പരീക്ഷകരുടെ നിയമനവും കർത്തവ്യവും നിയന്ത്രിക്കുന്ന വ്യവസ്ഥകൾക്കും ;

(v) പരീക്ഷകളുടെയും മറ്റു പരീക്ഷണോപാധികളുടെയും നടത്തിപ്പും പരീക്ഷകൻ വിദ്യാർത്ഥികളെ പരിശോധിക്കുകയോ വിലയിരുത്തുകയോ ചെയ്യേണ്ടതിന്റെ രീതിക്കും ;

(vi) സർവ്വകലാശാലാ വകുപ്പുകളിലെയും സ്കൂളുകളിലേയും കോളേജുകളിലേയും അദ്ധ്യാപകരുടെ തരംതിരിക്കലിലും വിവിധ വകുപ്പുകളിലെ അദ്ധ്യാപകരുടെ അംഗസംഖ്യയ്ക്കും അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും ജോലി ഭാരത്തിനും ;

(vii) കോളേജുകളുടെയും അംഗീകൃത സ്ഥാപനങ്ങളുടെയും ഹോസ്റ്റലുകളുടെയും പരിശോധനയ്ക്കും ;

(viii) സർവ്വകലാശാലയ്ക്കുവേണ്ടിയോ സർവ്വകലാശാലയാലോ കരാറുകളോ എഗ്രിമെന്റുകളോ ഒപ്പിട്ടു നടപ്പാക്കുന്നതിന്റെ രീതി ;

(ix) ആവശ്യമുള്ളിടത്ത് വിദ്യാർത്ഥികളുടെ സ്ഥലംമാറ്റം സംബന്ധിച്ച് കോളേജുകളും അംഗീകൃത സ്ഥാപനങ്ങളും പാലിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ ചട്ടങ്ങൾക്കും ;

(x) കോളേജുകളിലെ വിദ്യാർത്ഥികളുടെ സമാജങ്ങളുടെയും മറ്റ് സംഘടനകളുടെയും ചുമതലകളും പ്രവർത്തനങ്ങളും ;

(xi) ഈ ആക്റ്റിൻകീഴിലോ അല്ലെങ്കിൽ നിയമത്തിൻകീഴിലോ, ഓർഡിനൻസുകളാൽ വ്യവസ്ഥ ചെയ്യേണ്ടതും ചെയ്യാവുന്നതും ആയ മറ്റെല്ലാ കാര്യങ്ങളും ; കൂടാതെ

(xii) പൊതുവായി, ഗവേണിംഗ് കൗൺസിലിന്റെ അഭിപ്രായത്തിൽ, ഈ ആക്റ്റ് പ്രകാരമോ സ്റ്റാറ്റ്യൂട്ട് പ്രകാരമോ സർവ്വകലാശാലയിലെ ഏതെങ്കിലും ഒരു അധികാരസ്ഥാനത്തിന് നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിനോ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനോ, ആവശ്യമായ എല്ലാ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുക.

69. ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—ഇതിനുശേഷം വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ ഗവേണിംഗ് കൗൺസിലിന് ഓർഡിനൻസുകൾ ഉണ്ടാക്കുകയോ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്,—

(i) മുകളിലെ 42-ാം വകുപ്പിന്റെ (i) മുതൽ (vi) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെയോ അല്ലെങ്കിൽ സർവ്വകലാശാലയ്ക്കുള്ളിലെ പരീക്ഷകളുടെയും അദ്ധ്യായനത്തിന്റെയും നിലവാരം പുലർത്തുന്നതുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാര്യങ്ങളെ സംബന്ധിച്ചോ ഉള്ള യാതൊരു ഓർഡിനൻസും അതിന്റെ കരട് അക്കാദമിക് കൗൺസിൽ പരിഗണിക്കാത്തപക്ഷം, ഗവേണിംഗ് കൗൺസിൽ ഉണ്ടാക്കുവാൻ പാടില്ല ;

(ii) മുകളിലെ (i)-ാം ഖണ്ഡപ്രകാരം അക്കാദമിക് കൗൺസിൽ നിർദ്ദേശിച്ച ഏതെങ്കിലും കരടും ഭേദഗതി ചെയ്യുവാൻ ഗവേണിംഗ് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അത് ഗവേണിംഗ് കൗൺസിൽ നിർദ്ദേശിക്കാവുന്ന ഏതെങ്കിലും ഭേദഗതികളോടുകൂടി, ഭാഗികമായോ പൂർണ്ണമായോ, അക്കാദമിക് കൗൺസിലിന് പുനഃപരിശോധനയ്ക്കായി മടക്കി അയയ്ക്കാവുന്നതാണ് ;

(iii) ഗവേണിംഗ് കൗൺസിൽ ഉണ്ടാക്കിയിട്ടുള്ള എല്ലാ ഓർഡിനൻസുകൾക്കും ഗവേണിംഗ് കൗൺസിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ, അങ്ങനെയുണ്ടാക്കിയ എല്ലാ ഓർഡിനൻസും രണ്ടാഴ്ചയ്ക്കുള്ളിൽ ചാൻസലർക്ക് സമർപ്പിക്കേണ്ടതുമാണ്. ഓർഡിനൻസ് ലഭിച്ചതുമുതൽ നാലാഴ്ചകൾക്കുള്ളിൽ ഓർഡിനൻസിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കുവാൻ ഗവേണിംഗ് കൗൺസിലിനോട് നിർദ്ദേശിക്കുവാൻ ചാൻസലർക്ക് അധികാരം ഉണ്ടായിരിക്കുന്നതും അദ്ദേഹം, കഴിയുന്നത്ര വേഗം, അദ്ദേഹത്തിന് അതിന്മേലുള്ള ആക്ഷേപം ഗവേണിംഗ് കൗൺസിലിനെ അറിയിക്കേണ്ടതുമാണ്. അദ്ദേഹത്തിന് ഗവേണിംഗ് കൗൺസിലിന്റെ അഭിപ്രായം വാങ്ങിയതിനുശേഷം, ഓർഡിനൻസുകൾ താൽക്കാലികമായി നിർത്തിവച്ച ഉത്തരവ് പിൻവലിക്കുകയോ ഓർഡിനൻസുകൾ അനുവദിക്കാതിരിക്കുകയോ ചെയ്യാവുന്നതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

70. റഗുലേഷനുകൾ.—(1) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടെയും അക്കാദമിക് കൗൺസിലിന് താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്ന, സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്, അതായത് :—

(i) പഠന കോഴ്സുകളും പരീക്ഷകളുടെ നടത്തിപ്പും ;

(ii) വിവിധ പഠന കോഴ്സുകളിലേക്കും പരീക്ഷകൾക്കും വിദ്യാർത്ഥികളുടെ പ്രവേശനം ;

(iii) അദ്ധ്യാപകരുടെ യോഗ്യതകൾ ;

(iv) പഠന ബോർഡുകളുടേയും പരീക്ഷകരുടേയും നിയമനവും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കലും ;

(v) സർവ്വകലാശാലകളിലെ പരീക്ഷകളെയും ബിരുദങ്ങളെയും ഡിപ്ലോമകളെയും സർവ്വകലാശാലയുടെ പരീക്ഷകൾക്കും ബിരുദങ്ങൾക്കും ഡിപ്ലോമകൾക്കും തുല്യമായി അംഗീകരിക്കൽ ; കൂടാതെ

(vi) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും വ്യവസ്ഥകൾപ്രകാരം റഗുലേഷനുകൾമൂലം നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റ് എല്ലാ കാര്യങ്ങൾക്കും.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള എല്ലാ റഗുലേഷനുകൾക്കും അക്കാദമിക് കൗൺസിൽ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള തീയതിമുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും എന്നാൽ അങ്ങനെയുണ്ടാക്കിയ ഓരോ റഗുലേഷനും ഗവേണിംഗ് കൗൺസിലിന് മുമ്പാകെ അതിന്റെ തൊട്ടടുത്ത യോഗത്തിൽ വയ്ക്കേണ്ടതുമാണ്.

71. ഉത്തരവുകൾ.—(1) ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ റഗുലേഷനുകളിലെയോ വ്യവസ്ഥകൾപ്രകാരം കോളേജുകളുടെയും സ്കൂളുകളുടെയും കമ്മിറ്റികളുടെയും മറ്റ് നികായങ്ങളുടെയും മാർഗ്ഗനിർദ്ദേശത്തിനും പ്രവർത്തനത്തിനും സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ യോഗങ്ങളിലെ നടപടിക്രമവും കാര്യനിർവ്വഹണവും ക്രമപ്പെടുത്തുന്നതിനുവേണ്ടിയും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുകൾ ഉണ്ടാക്കുന്നതിനും സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള ഉത്തരവുകൾക്ക് സർവ്വകലാശാലാ ഗവേണിംഗ് കൗൺസിൽ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള തീയതിമുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(3) അങ്ങനെയുള്ള ഏതൊരു ഉത്തരവും റദ്ദാക്കുവാനും ഭേദഗതി വരുത്തുവാനും സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

72. ഗസറ്റിൽ പ്രസിദ്ധീകരിക്കൽ.—ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

## അദ്ധ്യായം XII

## പലവക

73. ചില കോളേജുകളിലേയും സ്ഥാപനങ്ങളുടേയും സർവ്വകലാശാലയിലേക്കുള്ള മാറ്റം.—(1) 1971-ലെ കേരള കാർഷിക സർവ്വകലാശാല നിയമത്തിലോ (1971-ലെ 33) അതിനുകീഴിൽ പുറപ്പെടുവിച്ച സ്റ്റാറ്റ്യൂട്ടുകളിലോ, ഓർഡിനൻസുകളിലോ,

റെഗുലേഷനുകളിലോ, ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള കാർഷിക സർവ്വകലാശാലയിലെ ഫിഷറീസ് കോളേജുകളും, അനുബന്ധ ഹോസ്റ്റലുകളും, മറ്റ് കെട്ടിടങ്ങളും, ഫർണിച്ചറുകളും, ലൈബ്രറികളും, ലബോറട്ടറികളും സ്റ്റോറുകളും ഉപകരണങ്ങളും ഫ്ളാറ്റുകളും എറണാകുളം പുതുവൈപ്പിനിലെ മത്സ്യഗവേഷണ കേന്ദ്രവും അതിനനുബന്ധമായ സ്ഥാവര-ജംഗമ വസ്തുക്കളും അതിനോടൊപ്പമുള്ള എല്ലാ ആസ്തികളും ബാധ്യതകളും കടപ്പാടുകളും സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിമുതൽ, കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിയോജിപ്പിക്കേണ്ടതും ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമായുള്ള സർവ്വകലാശാലയുടെ ഘടകഭാഗങ്ങളായി നിലനിർത്തേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ നിയന്ത്രണവും നിർവ്വഹണവും, ആ ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള തീയതി മുതൽ, സർവ്വകലാശാലയിലേക്ക് മാറ്റേണ്ടതും, ഇതുമായി ബന്ധപ്പെട്ട് സർക്കാരിനുള്ള എല്ലാ വസ്തുവകകളും ആസ്തികളും ബാദ്ധ്യതകളും ഉത്തരവാദിത്തങ്ങളും സർവ്വകലാശാലയിലേക്ക് മാറ്റപ്പെടുന്നതും നിക്ഷിപ്തമാകുന്നതും ഏൽപ്പിക്കപ്പെടുന്നതുമാണ്.

(3) സംസ്ഥാനത്തെ ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമായുള്ള വകുപ്പുകളിലെ എല്ലാ ഗവേഷണ-പഠന കേന്ദ്രങ്ങളുടെയും നിയന്ത്രണവും നിർവ്വഹണവും സർക്കാർ ഉത്തരവിലൂടെ നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിലോ തീയതികളിലോ മുതൽ സർവ്വകലാശാലയിലേക്ക് മാറ്റപ്പെടുന്നതും, അതിനുശേഷം അത്തരത്തിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിനുള്ള എല്ലാ വസ്തുവകകളും ആസ്തികളും ബാദ്ധ്യതകളും ഉത്തരവാദിത്തങ്ങളും സർവ്വകലാശാലയിലേക്ക് മാറ്റപ്പെടുന്നതും നിക്ഷിപ്തമാകുന്നതും ഏൽപ്പിക്കപ്പെടുന്നതുമാണ്.

(4) (1)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങളിലോ 3-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങളിലോ തൊഴിൽ ചെയ്യുന്ന ഓരോ ആളും (1)-ാം ഉപവകുപ്പിനുകീഴിൽ ആ സ്ഥാപനത്തിനെ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള തീയതിക്ക് തൊട്ടുമുമ്പോ അല്ലെങ്കിൽ (3)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള തീയതിയിലോ, അതതുസംഗതിപോലെ, ആ തീയതി മുതൽ, സർവ്വകലാശാലയിലെ ഒരു ഉദ്യോഗസ്ഥനായി തീരുന്നതായിരിക്കും.

എന്നാൽ, സർക്കാരിന്, (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിലോ (3)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഉത്തരവിലോ നിശ്ചയിച്ച തീയതിക്ക് ആറുമാസക്കാലയളവിനുള്ളിൽ, സർവ്വകലാശാലയുടെ സമ്മതത്തോടെ,—

(എ) അത്തരം ഒരാൾ സർവ്വകലാശാല ഉദ്യോഗസ്ഥനായി തുടരുന്നത് മറ്റേതെങ്കിലും വിധത്തിൽ കൂടുതൽ മെച്ചപ്പെട്ട അവകാശവാദമുള്ളതും സർവ്വകലാശാലയുടെ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നതിന് താൽപ്പര്യമുള്ളതുമായ മറ്റൊരാളുടെ ഉദ്യോഗനഷ്ടമുണ്ടാക്കുന്ന ഫലം ചെയ്യുമെന്ന് സർക്കാരിന് അഭിപ്രായമുണ്ടെങ്കിൽ അങ്ങനെ സർവ്വകലാശാല ഉദ്യോഗസ്ഥനായിത്തീരുന്ന ഏതൊരാളും സർവ്വകലാശാല ഉദ്യോഗസ്ഥനല്ലാതായിത്തീരുന്നതും സർക്കാരിന്റെ ഉദ്യോഗസ്ഥനായിത്തീരുന്നതാണെന്നും നിർദ്ദേശിക്കാവുന്നതാണ് ; അല്ലെങ്കിൽ

(ബി) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിലോ അല്ലെങ്കിൽ (3)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലോ, അതതുസംഗതിപോലെ, നിശ്ചയിച്ചിട്ടുള്ള തീയതിയിൽ, സർവ്വകലാശാലയിലെ ഉദ്യോഗസ്ഥനാകാൻ അർഹതയുള്ളതും, ആ തീയതിയിൽ, സർവ്വകലാശാലയിലെ ഉദ്യോഗസ്ഥനായിരിക്കുന്ന മറ്റേതെങ്കിലും ആളിനെക്കാൾ ഏതെങ്കിലും വിധത്തിൽ കൂടുതൽ മെച്ചപ്പെട്ട അവകാശവാദമുള്ളയാളുമായ ഏതൊരു സർക്കാർ ഉദ്യോഗസ്ഥനേയും സർവ്വകലാശാലയിലേക്ക് മാറ്റാൻ അധികാരമുണ്ടായിരിക്കും:

എന്നാൽ, സർവ്വകലാശാലയുടെ അഭിപ്രായത്തിൽ, (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽ, ആ സ്ഥാപനത്തെ സംബന്ധിച്ച് ആ ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള തീയതിക്ക് തൊട്ടു മുൻപുവരെ ഉദ്യോഗസ്ഥനായിരുന്ന ഏതൊരു വ്യക്തിയോ, അല്ലെങ്കിൽ മുൻപറഞ്ഞ ക്ലിപ്തനിബന്ധനയിൻകീഴിൽ സർവ്വകലാശാലയിലേക്ക് മാറ്റപ്പെട്ട ഏതെങ്കിലും വ്യക്തിയോ അതിന് യോജിച്ചതല്ലായെങ്കിൽ, അത്തരത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ സർക്കാർ ഉദ്യോഗത്തിലേക്ക് തിരിച്ചെടുക്കുന്നതിനുവേണ്ടി, അപ്രകാരമുള്ള ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള തീയതിക്കോ അല്ലെങ്കിൽ ആ ആളുടെ സർവ്വകലാശാലയിലേക്കുള്ള മാറ്റത്തിന്റെ തീയതി മുതൽക്ക് രണ്ടുവർഷത്തിനകമോ, അതതുസംഗതിപോലെ, സർവ്വകലാശാലയ്ക്ക് ഗവൺമെന്റിലേക്ക് അപേക്ഷിക്കാവുന്നതും അതിനുശേഷം സർക്കാർ അപ്രകാരമുള്ള ഉദ്യോഗസ്ഥനെ സർക്കാർ സർവ്വീസിലേക്ക് തിരിച്ചെടുക്കേണ്ടതുമാണ്.

(5) (1)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിട്ടുള്ള കോളേജുകളിൽ ജോലിചെയ്യുന്ന ഏതൊരാളും, സർവ്വകലാശാലയിലെ സമാനമായ ഒരു പദവിയിലേക്ക് വേണ്ടുന്ന യോഗ്യത ഉള്ളയാളല്ലെങ്കിൽ പ്രസ്തുത ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള തീയതിക്ക് തൊട്ടുമുമ്പ് അദ്ദേഹം വഹിച്ചിരുന്ന പദവിയ്ക്ക് സമാനമായ ഒരു പദവി, അത്തരത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ ഉൾക്കൊള്ളിക്കുന്നതിനായി സർവ്വകലാശാലയിൽ രൂപീകരിക്കേണ്ടതാണ്.

(6) (4)-ഉം (5)-ഉം ഉപവകുപ്പുകളിൻകീഴിൽ ഉള്ള വ്യവസ്ഥകൾക്കു വിധേയമായി (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിരുന്ന ഏതൊരു ആളുടെ പ്രതിഫലവും സേവന വ്യവസ്ഥകളും അയാൾ സർവ്വകലാശാല ഉദ്യോഗസ്ഥനാകുന്നതിനു തൊട്ടുമുൻപുവരെ നേടിയിരുന്നതിൽനിന്നും ഒട്ടും കുറവുവരാത്ത രീതിയിൽ ആയിരിക്കേണ്ടതാണ്.

(7) സർവ്വകലാശാലയിലേക്കുള്ള ഒരാളുടെ മാറ്റത്തെ സംബന്ധിച്ച് (4)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അത്തരത്തിലുള്ള മാറ്റത്തിന് മുൻപ് ആ വ്യക്തിക്കെതിരെ തുടങ്ങിവച്ച ഏതൊരു നടപടിയും ആ ആൾ സർവ്വകലാശാല ഉദ്യോഗസ്ഥനായിത്തീർന്നില്ലായെന്നപോലെ സർക്കാരിന് തുടരാവുന്നതും അത്തരത്തിലുള്ള നടപടിയിൽ സർക്കാർ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിൽവരുത്താൻ സർവ്വകലാശാല ബാദ്ധ്യസ്ഥമായിരിക്കേണ്ടതുമാണ്.

74. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നിവപ്രകാരമോ ഉത്തമവിശ്വാസപൂർവ്വം

ചെയ്തതോ ഉത്തരവുകൾ പാസ്സാക്കിയതോ അല്ലെങ്കിൽ ചെയ്യാനുദ്ദേശിച്ചതോ പാസ്സാക്കാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർവ്വകലാശാലയ്ക്കോ അതിന്റെ ഉദ്യോഗസ്ഥർക്കോ അധികാരസ്ഥാനങ്ങൾക്കോ നികായങ്ങൾക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടികളോ തുടങ്ങുവാനോ തുടരുവാനോ നഷ്ടങ്ങൾ അവകാശപ്പെടുവാനോ പാടില്ലാത്തതുമാകുന്നു.

75. ഇടക്കാല വ്യവസ്ഥകൾ.—ഈ ആക്റ്റിലോ അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റെഗുലേഷനുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 72-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ നിശ്ചയിച്ചിട്ടുള്ള ഏതൊരു കോളേജിലേയും കേരള കാർഷിക സർവ്വകലാശാലയിലെ ഏതെങ്കിലും പരീക്ഷയ്ക്കു പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിയേയും അയാളുടെ കോഴ്സ് പൂർത്തിയാക്കുന്നതിനും അതിനുള്ള തയ്യാറെടുപ്പിനും അനുവദിക്കേണ്ടതും പ്രസ്തുത പഠന കോഴ്സുകൾ പൂർത്തിയാക്കുന്നതുവരെ, കേരള കാർഷിക സർവ്വകലാശാലയുടെ പാഠ്യപദ്ധതിയനുസരിച്ചുള്ള പരീക്ഷ അത്തരത്തിലുള്ള വിദ്യാർത്ഥികൾക്കുവേണ്ടി ഈ ആക്റ്റിൻകീഴിൽ രൂപീകരിക്കപ്പെട്ട സർവ്വകലാശാല നടത്തേണ്ടതുമാണ്.

76. ആദ്യഘട്ട അധികാരസ്ഥാനങ്ങളിലേക്കുള്ള നാമനിർദ്ദേശം.—(1) ഈ ആക്റ്റിലെ മറ്റേതൊരു വ്യവസ്ഥയിലും എന്തുതന്നെ അടങ്ങിയിരുന്നാലും സർവ്വകലാശാലയുടെ എല്ലാ ആദ്യഘട്ട അധികാരസ്ഥാനങ്ങളിലേക്കും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിനുശേഷം കഴിയുന്നതുംവേഗം ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിൽ, (1)-ാം ഉപവകുപ്പ് പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതൊരു അധികാരസ്ഥാനത്തെ ഒരു അംഗം പ്രസ്തുത നാമനിർദ്ദേശത്തിന്റെ തീയതി മുതൽ മൂന്നുവർഷംവരെയോ അല്ലെങ്കിൽ തത്തുല്യമായ അധികാരസ്ഥാനത്തെ അംഗങ്ങൾ, തെരഞ്ഞെടുക്കപ്പെടുകയോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്യുന്നതുവരെയോ, അതതുസംഗതിപോലെ, ഏതാണോ ആദ്യം, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

77. അധികാരം ഏൽപ്പിച്ചുകൊടുക്കൽ.—സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്, ഈ ആക്റ്റ് മുഖേനയോ, സ്റ്റാറ്റ്യൂട്ടുകൾ മുഖേനയോ അതിൽ നിക്ഷിപ്തമായിരിക്കുന്ന ഏതൊരു അധികാരവും, സർവ്വകലാശാലയുടെ ഏതൊരു ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ അങ്ങനെ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും നിയന്ത്രണങ്ങൾക്കോ വ്യവസ്ഥകൾക്കോ വിധേയമായി ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

78. ആദ്യ സ്റ്റാറ്റ്യൂട്ടുകളും, ഓർഡിനൻസുകളും.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ടുകളും, ആദ്യ ഓർഡിനൻസുകളും സർക്കാർ ഉണ്ടാക്കേണ്ടതാണ്.

79. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള സർക്കാരിന്റെ അധികാരങ്ങൾ.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം, സർക്കാരിന് നൽകിയിട്ടുള്ളതോ സർക്കാരിനുമേൽ ചുമത്തിയിട്ടുള്ളതോ ആയ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും, കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ആവശ്യത്തിലേക്കായി ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതി പോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു ; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

80. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവുമൂലം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വൈഷമ്യം നീക്കം ചെയ്യുന്നതിലേക്കായി ആവശ്യമെന്നും കാര്യസാധകമായതുമെന്നും അതിന് തോന്നുന്നതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്.

എന്നാൽ, ഈ വകുപ്പുപ്രകാരം യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ മൂന്നു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) 1-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച യാതൊരു ഉത്തരവും, ആ ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു വൈഷമ്യവും നിലവിലില്ല എന്നോ നീക്കം ചെയ്യേണ്ടതില്ലായെന്നോ ഉള്ള കാരണത്താൽ ഒരു നീതിന്യായ കോടതിയിലും ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്നതും ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ ഉത്തരവിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ അല്ലെങ്കിൽ ആ ഉത്തരവ് ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ഉത്തരവിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ ഉത്തരവ് പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

81. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ഓർഡിനൻസ് (2010-ലെ 56) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.